# പ്രവാസി ക്നാനായ സഭാശുശ്രൂഷയിലെ വെല്ലുവിളികൾ

*- ഫാ. ഏബ്രഹാം മുത്തോലത്ത്*

രണ്ടാം ലോകമഹായുദ്ധാനന്തരം മറ്റു ജനതകളെപ്പോലെ ക്നാനായ കത്തോലിക്കരും കേരളത്തിനു വെളിയിൽ ഇന്ത്യയിലെ പ്രധാന നഗരങ്ങളിലും വിവിധ രാജ്യങ്ങളിലും കുടിയേറി. കുടുംബബന്ധങ്ങളിൽ ഇഴയടുപ്പം കൂടുതലുള്ള അവർ തങ്ങളാലാവുംവിധം സ്വന്തക്കാരെ തങ്ങളോടൊപ്പം വിദേശങ്ങളിൽ എത്തിച്ചു. അവിടങ്ങളിലെല്ലാം അവർ ക്നാനായ കൂട്ടായ്മകളോ സംഘടനകളോ സ്ഥാപിച്ചു.

ക്നാനായ പാരമ്പര്യങ്ങൾ പരിപാലിക്കുന്നതോടൊപ്പം തങ്ങൾക്കു പൈതൃകമായ സീറോമലബാർ ആരാധനാക്രമവും ക്നാനായ വൈദികരുടെ അജപാലന ശുശ്രൂഷയും ലഭിക്കുവാൻ അവർ പരിശ്രമിച്ചു. അവരുടെ താല്പര്യപ്രകാരം കോട്ടയം അതിരൂപതയിലെ പിതാക്കന്മാർ അവരെ ഇടക്കിടെ സന്ദർശിക്കുകയും വൈദികരെയും സന്യസ്തരെയും അയച്ച് അജപാലന ശുശ്രൂഷ നിർവഹിക്കുകയും ചെയ്യുന്നു. എന്നാൽ അജപാലനാധികാരമില്ലാത്ത സ്ഥലങ്ങളിലെ ശുശ്രൂഷകൾ ലഭ്യമാക്കുവാൻ കോട്ടയം അതിരൂപതാദ്ധ്യക്ഷനു പരിമിതികളുണ്ട്. പതിറ്റാണ്ടുകളായി കോട്ടയം മെത്രാപ്പോലീത്തയും സഹപ്രവർത്തകരും ചെയ്തുപോരുന്ന പ്രവാസിഅജപാലന ശുശ്രൂഷയുടെ ജയപരാജയങ്ങളും ഭാവി സാധ്യതകളും വിലയിരുത്തുകയാണ് ഈ ലേഖനത്തിൽ.

**ഉള്ളടക്കം**

ഈ പ്രബന്ധത്തിനു നാലു ഭാഗങ്ങളാണുള്ളത്. പ്രവാസിമിഷനുകളുടെ പശ്ചാത്തലം പ്രതിപാദിക്കുന്ന ഒന്നാം ഭാഗത്ത് ക്രിസ്തുവർഷം 345ൽ ദക്ഷിണ മെസപ്പൊട്ടാമിയയിൽനിന്നു കൊടുങ്ങല്ലൂരിൽ കുടിയേറിയതിന്റെ സഭാപരമായ പശ്ചാത്തലവും സമുദായിക രൂപീകരണവും പരിചിന്തിക്കുന്നു. കാലക്രമേണ ഐക്യപരിപാലനസാഹചര്യങ്ങൾ ക്ഷയിച്ചപ്പോൾ ഇടവക-രൂപത സംവിധാനത്തിലൂടെ സാമുദായിക കൂട്ടായ്മ നിലനിന്നത് പ്രവാസി ക്നാനായക്കാർക്ക് മാതൃകയായി പരിഗണിക്കുന്നു.

കോട്ടയം അതിരൂപതയുടെ അതിർത്തിക്കപ്പുറം ഇന്ത്യയിലും വിദേശങ്ങളിലും ക്നാനായ കത്തോലിക്കർ കുടിയേറിയപ്പോൾ ക്നാനായ ഐക്യത്തിനു നേരിട്ട പ്രതികൂല സാഹചര്യങ്ങളും അവയെ അതിജീവിക്കാൻ ക്നാനായ കൂട്ടായ്മയിലൂടെയും സംഘടനകളിലൂടെയും നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങളുമാണ് രണ്ടാം ഭാഗത്തു പ്രതിപാദിക്കുന്നത്.

മൂന്നാം ഭാഗത്ത്, ലത്തീൻ സഭയുടേയും ക്നാനായേതര സീറോമലബാർ രൂപതകളുടെയും ഭാഗമായി മാറേണ്ടിവന്ന പ്രവാസി സമുദായാംഗങ്ങൾ ക്നാനായസംഘടനകളുടെയും കോട്ടയം അതിരൂപതയുടെയും സംയുക്ത പരിശ്രമംവഴി, പ്രതിബന്ധങ്ങളെ അതിജീവിച്ച്, ക്നാനായ സീറോമലബാർ സഭാസംവിധാനങ്ങൾ എങ്ങനെ ഒരുക്കിക്കൊണ്ടിരിക്കുന്നുവെന്ന് വിവരിക്കുന്നു.

അവസാനഭാഗത്ത് പ്രവാസി ക്നാനായ ഇടവകകൾക്ക് മാതൃകയാക്കാവുന്ന അമേരിക്കയിലെ ക്നാനായ ഇടവകകളുടെയും റീജിയന്റെയും രൂപീകരണത്തോടനുബന്ധിച്ച വിവാദമായ ആശങ്കകൾക്ക് വിശദീകരണം നല്കുന്നു. പ്രവാസി ക്നാനായ സമുദായം തുടർന്നു ശ്രദ്ധിക്കേണ്ടതെന്തെല്ലാമെന്നാണ് ഉപസംഹാരമായി അവതരിപ്പിക്കുന്നത്.

## ഭാഗം - 1 സമുദായ തുടക്കവും നിലനില്പും സഭയിലൂടെ

ക്നാനായ കുടിയേറ്റത്തെ അസാധാരണമാക്കുന്നത് അതിന്റെ കുടിയേറ്റ ലക്ഷ്യമാണല്ലോ. മാർതോമ്മാശ്ലീഹാ സ്ഥാപിച്ച കേരള സഭയുടെ നാലാം നൂറ്റാണ്ടിലെ ശോച്യാവസ്ഥയിൽ സഹായിക്കുവാനാണ് ക്നാനായ കുടിയേറ്റം നടന്നതെന്ന് പരമ്പരാഗതമായി നാം വിശ്വസിച്ചു പോരുന്നു. ഇത്തരം ലക്ഷ്യത്തോടെ സംഘടിത കുടിയേറ്റം വേറെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

വാണിജ്യപ്രമുഖനായിരുന്ന ക്നായിതൊമ്മൻ കേരളസഭയുടെ അജപാലാനാവശ്യം കൽദായ സഭയിലെ തന്റെ സഭാധികൃതരെ അറിയിച്ചപ്പോൾ സഭാനേതൃത്വത്തിലെടുത്ത തീരുമാനമാണല്ലോ ഉറഹായിലെ മാർ യൗസേപ്പ മെത്രാന്റെയും നാലു വൈദികരുടെയും ശെമ്മാശന്മാരുടെയും പങ്കാളിത്വത്തോടെ സഭാകൂട്ടായ്മയായി കുടിയേറുവാൻ കാരണമായത്. കടൽ ഗതാഗതത്തിൽ സുപരിചിതനായ ക്നായിതൊമ്മനോടൊപ്പം സഭാ നേതൃത്വത്തിന്റെ പിന്തുണ കുടിയേറ്റജനതയ്ക്ക് ധൈര്യമേകിയിട്ടുണ്ടാകണം.

**സമുദായ ഐക്യം എങ്ങനെ സുദൃഢമായി?**

ക്നാനായക്കാർ ക്രിസ്തുവർഷം 345ൽ കൊടുങ്ങല്ലൂരിൽ ക്നായിതൊമ്മന്റെയും ഉറഹാ മാർ യൗസേപ്പിന്റെയും നേതൃത്വത്തിൽ കുടിയേറിയപ്പോഴുണ്ടായ പ്രത്യേക സാഹചര്യമാണ് അവരെ സമുദായമായി രൂപപ്പെടാനും നിലനില്ക്കാനും ഇടയാക്കിയത്. ദക്ഷിണ മെസപ്പൊട്ടോമിയായുടെ വിവിധ സ്ഥലങ്ങളിലായി അധിവസിച്ചിരുന്ന കുടുംബങ്ങളെ കൊടുങ്ങല്ലൂരിലേക്കു കുടിയേറുന്നതിനു ബോധ്യപ്പെടുത്താനും അതിനുള്ള തയ്യാറെടുപ്പുകൾക്കും സംഘാടകരും കുടിയേറ്റജനതയും പലവട്ടം ഒത്തുചേർന്ന് ചർച്ചകൾ നടത്തിയിട്ടുണ്ടാകണം. കുടിയേറ്റവുമായി ബന്ധപ്പെട്ട ഒരുക്കങ്ങളും യാത്രപറച്ചിലും അവരുടെ സമുദായ രൂപീകരണത്തിനു പശ്ചാത്തലമൊരുക്കി. പിന്നീട് ആഴ്ചകൾ നീണ്ട കപ്പൽയാത്രയിലെ അനുകൂലപ്രതികൂല സാഹചര്യങ്ങൾ ഒരുമിച്ചതിജീവിച്ചപ്പോൾ അവർ തമ്മിൽ മാനസികൈക്യവും പരസ്പര സഹകരണവും ഉദ്ദീപിച്ചു. അങ്ങനെ അവർ സമുദായമാകാൻ തുടങ്ങി.

നിഘണ്ടുനിർവ്വചനപ്രകാരം, ഒരുമിച്ചു വസിക്കുകയോ പൊതു സവിശേഷതകളുള്ളതോആയ കൂട്ടായ്മയാണ് സമുദായം. ഇവ രണ്ടും ക്നാനായ സമുദായത്തിനു തുടക്കത്തിൽ ഉണ്ടായിരുന്നു. കൊടുങ്ങല്ലൂരിൽ അനേകവർഷം നീണ്ടുനിന്ന തെക്കുഭാഗത്തെ കോളനിവാസം ക്നാനായക്കാരെ സമുദായമാക്കി മാറ്റി.

ഒരുമിച്ചുള്ള സഹവാസം യഹൂദപാരമ്പര്യമാണ്. യാക്കോബിന്റെ മക്കൾ വറുതിക്കാലത്ത് ഈജിപ്തിൽ കുടിയേറിയപ്പോൾ ഫലഭൂയിഷ്ഠമായ ഗോഷനിൽ ഒരുമിച്ചു വസിച്ചാണ് സമ്പൽസമൃദ്ധിയിലും സന്താനപുഷ്ടിയിലും വളർന്നത് (ഉല്പത്തി 27:47). പിന്നീട് ഇസ്രായേൽ ജനം 40 സംവത്സരം മരുഭൂമിയിൽ ഒരുമിച്ചു ക്യാമ്പുചെയ്തു ജീവിച്ചത് ഗോത്രാടിസ്ഥാനത്തിൽ ഗണം തിരിച്ചാണ് (സംഖ്യ 2:1-3:39). ജോഷ്വായുടെ നേതൃത്വത്തിൽ അവർ വാഗ്ദത്തഭൂമി കയ്യേറിയപ്പോഴും കാനൻ ദേശത്തെ പന്ത്രണ്ടു പ്രദേശങ്ങളായി അതിർത്തി തിരിച്ച് ഓരോ ഗോത്രവും ഒരുമിച്ചാണു സ്ഥിരതാമസമാക്കിയത് (സംഖ്യ 32:1-42).

ഈ പാരമ്പര്യമായിരിക്കാം ക്നാനായക്കാർക്ക് കോളനിയായി താമസിക്കുന്നതിനു ചേരമാൻ പെരുമാളിനോട് അനുമതിവാങ്ങുവാൻ കുടിയേറ്റസംഘത്തലവനായിരുന്ന ക്നായിതോമ്മായെ പ്രേരിപ്പിച്ചത്. കൊടുങ്ങല്ലൂരിൽ പരദേശികളായി വാസം തുടങ്ങിയ അവർക്ക് ആ സഹവാസം നാട്ടുകാരിൽനിന്നു സുരക്ഷിതത്വവും ഗൃഹാതുരത്വത്തിൽനിന്നു മോചനവും ലഭിക്കുവാൻ ആദ്യകാലത്ത് ആവശ്യമായിരുന്നു. ഇതര സമുദായങ്ങളുമായി മിശ്രണം ഒഴിവാക്കാൻ അതു സഹായിച്ചു.

ഇതരവിഭാഗങ്ങളിൽനിന്നു സമുദായത്തെ വേർതിരിക്കുന്ന പ്രധാന ഘടകം അതിന്റെ തനതു സവിശേഷതകളാണല്ലോ. വിദേശത്തുനിന്നു കൊടുങ്ങല്ലൂരിൽ കുടിയേറിയപ്പോൾ ക്നാനായക്കാർക്കു മറ്റു ജനതകളിൽ നിന്നു വിഭിന്നമായുണ്ടായിരുന്ന ഭാഷയും സംസ്കാരവും അവരെ വേറിട്ട സമുദായമായി നിലനിൽക്കുവാൻ പ്രേരിപ്പിച്ചു. ദക്ഷിണ മെസപ്പൊട്ടോമിയായിലെ ഭക്ഷണം, കലകൾ, ആചാരങ്ങൾ, പാരമ്പര്യങ്ങൾ, വസ്ത്രധാരണം, ആരാധനാക്രമം എന്നിവ തനതാത്മകതയും സാമുദായിക ഇഴയടുപ്പവും സുദൃഢമാക്കി. ക്നാനായക്കാരും കൊടുങ്ങല്ലൂരിലെ മുൻകാല ക്രൈസ്തവരും തമ്മിലുണ്ടായിരുന്ന വൈവിധ്യവും വൈദേശിക വാസത്തിൽ സ്വാഭാവികമായുണ്ടാകാവുന്ന അരക്ഷിതാവസ്ഥയും അവരെ ഐക്യബോധമുള്ളവരാക്കി.

തനതു ദൈവാലയവും കൂടെവന്ന യൗസേപ്പ മെത്രാന്റെയും വൈദികരുടെയും ശെമ്മാശന്മാരുടെയും അജപാലന ശുശ്രൂഷയും അവരുടെ ഐക്യത്തെ വർദ്ധിപ്പിച്ചു. എദേസ്സായിൽനിന്നു പുറപ്പെട്ടപ്പോൾ വംശീയതയും വിശ്വാസവും നിലനിർത്തുവാൻ ലഭിച്ച ഉപദേശം അവരുടെ വിശ്വാസത്തെയും സാമുദായിക തനിമയെയും കാത്തുപരിപാലിക്കുവാൻ പ്രചോദനമേകി. ക്നായിതോമ്മാവഴി ചേരമാൻ പെരുമാളിൽനിന്നു ലഭിച്ച 72 പദവികളും അഭിമാനത്തോടെ വേറിട്ടു നില്ക്കുവാൻ അവർക്കു പ്രോത്സാഹനമായി. കുടിയേറ്റ പ്രദേശത്തെ കുടുംബങ്ങളിലെ രക്ഷിതാക്കൾ

ക്രമീകരിക്കുന്ന വിവാഹം (അറേഞ്ച്ഡ് മാരിയേജ്), ശൈശവവിവാഹം, വംശീയവിവാഹം എന്നിവയും അവയ്ക്കു സമാനമായ യഹൂദപാരമ്പര്യത്തിലെ വംശീയവിവാഹവും സ്വവംശവിവാഹം നിലനിർത്തുവാൻ ഉപകരിച്ചു. പതിനാറാം നൂറ്റാണ്ടുവരെ കൽദായ സഭയിൽനിന്നു വന്ന മെത്രാന്മാർ ഈ സമുദായത്തെ സ്വന്തമായി പരിപാലിച്ചു.

സ്വവംശവിവാഹനിഷ്ഠവഴിയുണ്ടായ രക്തബന്ധം ക്നാനായക്കാരുടെ സാമുദായിക ഇഴയടുപ്പത്തെ പോഷിപ്പിച്ചു. അതിനാൽ മറ്റു കുടിയേറ്റ സമൂഹങ്ങളിൽനിന്നും സ്വവംശവിവാഹനിഷ്ഠ പാലിച്ചുപോന്ന ജനതകളിൽനിന്നും വ്യത്യസ്തമായി ക്നാനായക്കാർ നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും മിശ്രിതമാകാതെ അദ്വിതീയ സമൂഹമായി നിലനില്ക്കുന്നു.

## അനുകൂല സാഹചര്യങ്ങൾ കുറയുന്നു

എന്നാൽ നൂറ്റാണ്ടുകൾ പിന്നിടുമ്പോൾ ഈ അനുകൂല സാഹചര്യങ്ങൾ കുറഞ്ഞു തുടങ്ങി. കൊടുങ്ങല്ലൂരിലെ കോളനിയിൽനിന്ന് മറ്റു തീരപ്രദേശങ്ങളിലേക്കും ഉൾനാടുകളിലേക്കും മാറി താമസിച്ചപ്പോൾ വാസസ്ഥലങ്ങൾ മറ്റു ജനതകൾക്കിടയിലായി . അതോടെ ക്നാനായക്കാർ ക്നാനായേതരരുമായി അടുത്തിടപഴകുവാൻ തുടങ്ങി. എദേസ്സായിലെ ഭാഷ വിസ്മരിക്കപ്പെട്ടു. പാരമ്പര്യങ്ങളും കലകളും ആചാരങ്ങളും നാട്ടിലുള്ളവയുമായി അലിഞ്ഞു ചേർന്ന് യഹൂദ-ക്രൈസ്തവ-ഹൈന്ദവ മിശ്രിതമായി. ബാല്യവിവാഹം നിയമവിരുദ്ധമായി. മാതാപിതാക്കൾ ക്രമീകരിക്കുന്ന വിവാഹങ്ങൾ കുറഞ്ഞു. സമുദായം മാറിയുള്ള വിവാഹത്തെ ശക്തമായി എതിർത്തിരുന്നത് മയപ്പെട്ടു.

## തനിമ നിലനിർത്തുന്നതിൽ ദൈവാലയങ്ങളുടെ പങ്ക്

സാമുദായിക ഐക്യത്തിനനുകൂലമായിരുന്ന സാഹചര്യങ്ങൾ കുറഞ്ഞപ്പോഴും ക്നാനായക്കാരെ ഏകോപിപ്പിച്ച പ്രധാന ഘടകം ക്നാനായ പള്ളികളും ക്നാനായ അജപാലകരുമായിരുന്നു. അവർ കുടിയേറിയ സ്ഥലങ്ങളിൽ തങ്ങളുടെ ഭവനങ്ങൾക്കു മദ്ധ്യേ ക്നാനായ പള്ളികൾ സ്ഥാപിച്ച് ദൈവാലയകേന്ദ്രീകൃതമായാണ് അവർ ജീവിച്ചത്. സ്വന്തമായി പള്ളികൾ സ്ഥാപിക്കാൻ ക്നാനായക്കാർ തികയാതെവന്ന സ്ഥലങ്ങളിൽ അവർ വടക്കുംഭാഗം പള്ളികളിൽ അംഗങ്ങളായെങ്കിലും അവിടങ്ങളിൽ ക്നാനായക്കാർ ഇടവകയുടെ ഉപവിഭാഗമായി ക്നാനായ വൈദികരുടെ നേതൃത്വത്തിൽ നിലകൊണ്ടു. അങ്ങനെ ക്നാനായക്കാർ എല്ലാ ദിവസവും, പ്രത്യേകിച്ച് കടമുള്ള ദിവസങ്ങളിൽ, ആരാധനയ്ക്കായി ഒത്തുകൂടി.

സമുദായാംഗങ്ങളുടെ ഭവനങ്ങൾക്കു മദ്ധേ ആരാധനാലയം നിർമ്മിക്കുന്നത് യഹൂദപാരമ്പര്യമാണ്. ഈജിപ്തിൽനിന്ന് വാഗ്ദത്തഭൂമിയിലേക്കുള്ള യാത്രയിൽ 40 വർഷം മരുഭൂമിയിൽ കൂടാരമടിച്ചു വസിച്ചിരുന്നകാലത്ത് പന്ത്രണ്ടു ഗോത്രങ്ങളിൽ മൂന്നു വീതം കർത്താവിന്റെ സമാഗമകൂടരത്തിനു നാലു വശങ്ങളിലുമായാണ് കൂടാരങ്ങൾ സ്ഥാപിച്ചിരുന്നത് (സംഖ്യ 2:2-31). വാഗ്ദത്തഭൂമി കൈവശമാക്കിയശേഷം ഇസ്രായേലിന്റെ ഏക ദൈവാലയം സ്ഥിതിചെയ്തു ജറുസലേമും വടക്കേ ഇസ്രായേലും തെക്കേ ഇസ്രായേലും ചേരുന്നിടമായിരുന്നു. എല്ലാ ദിക്കുകളിൽനിന്നുമായി പ്രധാനതിരുനാളുകളിൽ ഇസ്രായേൽ ജനം ദൈവാലത്തിൽ ഒന്നിച്ചുകൂടിയിരുന്നു. അവരെ ഏകോപിപ്പിച്ച ഘടകം ആ ദൈവാലയമായിരുന്നു. അതു തകർക്കപ്പെട്ടശേഷം ബാബിലോണിയൻ പ്രവാസം മുതൽ ഇസ്രായേൽ ജനം അവരുടെ ഗ്രാമമദ്ധ്യേ സിനഗോഗുകൾ സ്ഥാപിച്ച് അവിടെ പ്രാർത്ഥനയ്ക്കായി സമ്മേളിച്ചിരുന്നു.

ഈ പാരമ്പര്യം നിലനിർത്തിക്കൊണ്ടാണ് കൊടുങ്ങല്ലൂരുമുതൽ ക്നാനായക്കാർ വസിച്ച സ്ഥാലങ്ങളിലെല്ലാം പള്ളികൾ സ്ഥാപിച്ച് ദൈവാലയ കേന്ദ്രീകൃതമായി ജീവിച്ചു പോരുന്നത്. അത് ക്നാനായ തനിമയെയും ഐക്യത്തെയും പരിപോഷിപിക്കുവാൻ സഹായിക്കുന്നു. ലോകമഹായുദ്ധങ്ങൾ നാടിനെ പട്ടിണിയിലേക്കു നയിച്ചപ്പോൾ മെച്ചപ്പെട്ട കൃഷിസ്ഥലങ്ങൾ തേടി ക്നാനായ ജനത തിരുവതാംകൂർ വിട്ട് മലബാർ, ഹൈറേഞ്ച് പ്രദേശങ്ങളിൽ കുടിയേറിപാർത്തു. അവർക്കു മദ്ധ്യേ ക്നാനായ പള്ളികൾ സ്ഥാപിച്ച് കോട്ടയം രൂപതയിൽനിന്നു വൈദിക ശുശ്രൂഷ ലഭ്യമാക്കിയപ്പോൾ ക്നാനായ അസ്തിത്വം കേരളത്തിലെ കുടിയേറ്റപ്രദേശങ്ങളിലും പരിപാലിക്കപ്പെട്ടു.

ദൈവാലയകേന്ദ്രീകൃതജീവിതം പ്രവാസിക്നാനായക്കാർക്ക് അടുത്തകാലം വരെ നാമമാത്രമായിരുന്നു. കാരണം അവർക്ക് സ്വന്തം ദൈവാലയം ഇല്ലായിരുന്നു. എന്നാൽ സീറോമലബാർ രൂപതകൾ പ്രവാസിലോകത്തും സ്ഥാപിതമായതോടെ അതിനു സാധ്യത കൈവന്നിരിക്കുന്നുവെന്നത് ശുഭകരമാണ്. ഷിക്കാഗോയിൽ സീറോമലബാർ രൂപത 2001ൽ സ്ഥാപിതമാകുന്നതിനു മുമ്പ് ക്നാനായ കത്തോലിക്കാ മിഷനുകൾ ഉണ്ടായിരുന്നെങ്കിലും 2006 മുതലാണ്

പ്രവാസി ക്നാനായ ദൈവാലയങ്ങൾ സ്ഥാപിച്ച് ഇടവകകാളാകുവാൻ തുടങ്ങിയത്.

**രൂപതയിലൂടെ സാമുദായിക വളർച്ച**

കൊടുങ്ങല്ലൂരിൽ മാതാവിന്റെയും മാർ തോമാശ്ലീഹായുടെയും വിശുദ്ധ കുര്യാക്കോസിന്റെയും നാമത്തിൽ മൂന്ന പള്ളികൾ സ്ഥാപിച്ച ക്നാനായക്കാർ പിന്നീട് അഞ്ചര പള്ളിക്കാരായി. 1910ൽ കനാനായ യാക്കോബായക്കാർക്ക് ചിങ്ങവനം ഭദ്രാസനവും 1911ൽ ക്നാനായകത്തോലിക്കർക്ക് കോട്ടയം വികാരിയാത്തും ലഭിക്കുന്നതുവരെ സമുദായത്തിന്റെ സഭാത്മക വളർച്ച മന്ദഗതിയിലായിരുന്നു. 1910ലെ സ്ഥിതിവിവരകണക്കനുസരിച്ച് 1565 വർഷംകൊണ്ട് ക്നാനായ കത്തോലിക്കർക്ക് 30 പള്ളികളും യാക്കോബായക്കാർക്ക് 14 പള്ളികളും മാത്രമാണുണ്ടായത്. *(മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപാട്ടുകൾ, സമ്പാദകൻ: പുത്തൻപുരയ്ക്കൽ ഉതുപ്പ് ലൂക്കാസ്, കോട്ടയം, 1910, പേജുകൾ 29-33).*

എന്നാൽ ക്നാനായ കത്തോലിക്കാരൂപത സ്ഥാപിതമായ ശേഷം അത്ഭുതകരമായ വളർച്ചയാണ് സമുദായത്തിനുണ്ടായത്. കോട്ടയം അതിരൂപത 109 വർഷങ്ങൾ കൊണ്ട് 123 പള്ളികൾ കൂടി സ്ഥാപിച്ചു. അങ്ങനെ കോട്ടയം രൂപതയ്ക്കുള്ളിൽ ഇപ്പോൾ 153 ദൈവാലയങ്ങൾ ഉണ്ട്. *(കോട്ടയം അതിരൂപതാ ഡയറക്ടറി). കൂടാതെ അമേരിക്കയിൽ 2006 മുതൽ നാളിതുവരെ 14 വർഷംകൊണ്ട് 14 ദൈവാലയങ്ങൾ സ്ഥാപിക്കുവാൻ ക്നാനായ റീജിയണു കഴിഞ്ഞു. ക്നാനായക്കാരെ ഒത്തൊരുമിപ്പിക്കുന്ന പ്രധാന ഘടകം അനുദിനവും കടമുള്ള ദിവസങ്ങളിലും ദൈവാലയങ്ങളിലുണ്ടാകുന്ന ആരാധനാകൂട്ടായ്മകളാണ്. അവയില്ലായിരുന്നെങ്കിൽ ഈ സമുദായം പണ്ടേ മറ്റു സമുദായങ്ങളുമായി ലയിച്ച് ഇല്ലാതായേനെ. ക്നാനായ പള്ളികൾ സ്ഥാപിക്കുവാൻ സാധിക്കാതെ വരികയോ അതിനു കാലതാമസം നേരിടുകയോ ചെയ്ത കുടിയേറ്റ മേഖലകളിൽ സമുദായത്തിനു വെളിയിൽനിന്നു കൂടുതൽ വിവാഹങ്ങൾ നടന്നിട്ടുണ്ട്.*

കോട്ടയം മിസ്സം 1911ൽ സ്ഥാപിതമായപ്പോൾ മുതൽ നമ്മുടെ മെത്രാന്മാരുടെ നേതൃത്വത്തിൽ പള്ളി സംവിധാനത്തിലൂടെ സമുദായത്തെ ഘടനാത്മകമായി ഒന്നിച്ചു നിർത്താനും സമുദായാംഗങ്ങളുടെ പുരോഗതിക്ക് അനവധി സ്ഥാപനങ്ങളും വികസന പദ്ധതികളും കൈവരിക്കുവാനും കഴിഞ്ഞു. മലബാറിലേക്ക് അല്മായ പങ്കാളിത്തത്തോടെ സംഘടിത കുടിയേറ്റം ആദ്യം നടന്നത് കോട്ടയം രൂപതയുടെ മേൽനോട്ടത്തിലാണല്ലോ. അതിൽനിന്നു പ്രചോദനമുൾക്കൊണ്ടാണ് പിന്നീട് പല കത്തോലിക്കാ രൂപതകളും മലബാർ കുടിയേറ്റങ്ങൾക്കു നേതൃത്വം നല്കിയത്. ക്നാനായ ഇടവകകളുടെയും സന്യസ്തരുടെയും കോട്ടയം അതിരൂപതയുടെയും നേതൃത്വത്തിൽ ദൈവാലയങ്ങൾ, പാരീഷ് ഹോളുകൾ, ഇടവകശ്മശാനങ്ങൾ, സന്യാസഭവനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, ആശുപത്രികൾ, അഗതിമന്ദിരങ്ങൾ, ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പ്രസ്ഥാനങ്ങൾ, സാമൂഹ്യസേവന പദ്ധതികൾ, വൃദ്ധസദനങ്ങൾ, അജപാലന കേന്ദ്രങ്ങൾ, ധ്യാനമന്ദിരങ്ങൾ, സെമിനാരികൾ മുതലായവ സ്ഥാപിതമായി. മറ്റു ജനങ്ങൾക്ക് നന്മ ചെയ്യുന്നതോടൊപ്പം ക്നാനായക്കാരുടെ നാനാവിധ ശുശ്രൂഷകളും ആത്മീയ വളർച്ചയും വിദ്യാഭ്യാസവും തൊഴിലും ഈ സ്ഥാപനങ്ങളിലൂടെ ക്നാനായ അജപാലകർ ഉറപ്പുവരുത്തി. ഇക്കാര്യത്തിൽ ക്നാനായ മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായരും ചെയ്തുപോരുന്ന സേവനം സഭാസംവിധാനത്തിലൂടെയാണ്. അത്തരം ശുശ്രൂഷകൾ സഭാഘടനയിലൂടെ ഇനി പ്രവാസി ക്നാനായക്കാർക്കും അതാതു പ്രദേശത്തിനനുയോജ്യമാം വിധം ലഭ്യമാക്കേണ്ടിയിരിക്കുന്നു.

**കൂട്ടായ്മ വിട്ടുനിന്നാൽ സമുദായക്കാരാകുമോ?**

പ്രവാസിക്നാനായസമൂഹങ്ങളിൽ അഭിപ്രായ ഭിന്നത ഉണ്ടായപ്പോൾ ചിലർ സമുദായത്തെ സഭയിൽനിന്നും വിശ്വാസത്തിൽനിന്നും വേറിട്ടു നിർത്തി ചിന്തിക്കുവാനും അബദ്ധസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുവാനും ശ്രമിക്കുന്നുണ്ട്. ക്നാനായ കുടിയേറ്റ നേതാവായിരുന്ന വാണിജ്യശ്രേഷ്ഠൻ ക്നായിതൊമ്മായോടൊപ്പം ആദരിക്കപ്പെടേണ്ട വ്യക്തിയാണ് കുടിയേറ്റ സമയത്തും പിന്നീടും ക്നാനായക്കാർക്ക് ആത്മീയ നേതൃത്വം നല്കിയ ഉറഹാ മാർ യൗസേപ്പ് മെത്രാൻ. ഇരുവർക്കും സുപ്രധാനവ്യതസ്തഉത്തരവാദിത്വങ്ങൾ ഉണ്ടായിരുന്നു

കുടിയേറ്റത്തിനുശേഷം ക്നാനായ സമുദായത്തെ എക്കാലവും നയിക്കുകയും ഐക്യപ്പെടുത്തുകയും ചെയ്തത് ദൈവാലയങ്ങളും അവയിൽ ശുശ്രൂഷചെയ്ത വൈദികരും അവരോടുചേർന്നു പ്രവർത്തിച്ച അല്മായരുമാണ്. വിശ്വാസത്തെയും സഭാസംവിധാനത്തെയും അവഗണിച്ചു പ്രവർത്തിച്ചാൽ "പത്തു മൊരേഴുമങ്ങെപ്പോഴും ചിന്തിപ്പിൻ"

എന്ന പൂർവ്വിക ഉപദേശത്തിനെതിരായാകും നാം പ്രവർത്തിക്കുക. പ്രവാസി ക്നാനായക്കാർക്ക് സാമുദായിക സംഘടനകൾ ഉണ്ടെങ്കിലും ക്നാനായ ഇടവകകളും രൂപതകളും സ്ഥാപിതമാകുവാനും അവ തമ്മിൽ ലോകവ്യാപകമായി ഐക്യസംവിധാനമുണ്ടാക്കുവാനും നാം ശ്രമിക്കണം. അപ്പോഴാണ് ക്നാനായ സമുദായത്തിന് ആഗോളതലത്തിൽ ഏകത്വമുണ്ടാകുന്നത്.

ക്നാനായ മാതാപിതാക്കളിൽനിന്നു ജനിച്ചവരെങ്കിലും ക്നാനായ സഭാക്കൂട്ടായ്മയിൽ പങ്കുചേരാതെ ഒറ്റപ്പെട്ടവരായി കഴിയുന്നവരെ ക്നാനായാക്കാരെന്നു പറയാമെങ്കിലും ക്നാനായ സമുദായക്കാരെന്ന് വിശേഷിപ്പിക്കാനാവില്ല. കാരണം സമുദായം പൊതു പ്രത്യേകതകളോടുകൂടിയവരും ഒന്നിച്ചു സഹവസിക്കുന്നവരുമാകണമല്ലോ. ആ സഹവാസമാണ് ഇടവക സംവിധാനം വഴി സാധ്യമാകുന്നത്. അതിനാലാണ് ക്നാനായ കത്തോലിക്കർ, ക്നാനായ യാക്കോബായക്കാർ എന്നിങ്ങനെ രണ്ടു വിഭാഗമായി ക്നാനായക്കാരെ നാം വേർതിരിച്ചു കാണുന്നത്. പ്രാദേശിക ഇടവകകളിൽ പങ്കുചേർന്ന് ആഗോള ക്നാനായ കത്തോക്കാ സമുദായമായി സ്വത്വമയോടെ നിലനില്ക്കുവാനുള്ള പ്രവാസി ക്നാനായക്കാരുടെ പരിശ്രമങ്ങളെയാണ് അടുത്ത ഭാഗങ്ങളിൽ അവതരിപ്പിക്കുന്നത്.

## ഭാഗം – 2 ക്നാനായ കൂട്ടായ്മകളും സംഘടനകളും

### കേരളത്തിനു വെളിയിലെ സംഘടനകൾ

സീറോമലബാർ സഭയ്ക്കും കോട്ടയം മെത്രാനും ഇൻഡ്യയിൽ കേരളത്തിനുവെളിയിലെ ബഹുഭൂരിപക്ഷം സ്ഥലങ്ങളിലും അജപാലനാധികാരം ഇല്ലാത്തതിനാൽ ആ സ്ഥലങ്ങളിൽ താമസമാക്കിയ ക്നാനായക്കാരെ ഏക മേൽക്കുരക്കീഴിൽ ഒന്നിച്ചു നിർത്താനുതകുന്ന ക്നാനായ ഇടവകസംവിധാനം ഇല്ലാതെവന്നു. ബാബിലോണിയൻ പ്രവാസകാലത്തെ യഹൂദരെപ്പോലെ അവർക്ക് സ്വന്തം ദൈവാലയങ്ങളും തങ്ങൾ ശീലിച്ചുപോന്ന സീറോമലബാർ ആരാധനാക്രമവും ലഭ്യമല്ലാതായി. അവരും അവർക്കുണ്ടായ മക്കളും ലത്തീൻ ഇടവകകളുടെ ഭാഗമായി.

ഓരോ നഗരത്തിലെയും ക്നാനായക്കാർ ആദ്യം മറ്റുള്ളവരോടു ചേർന്ന് മലയാളി സംഘടനകളും കേരള കത്തോലിക്കാ സംഘടനകളും, പിന്നീടു ക്നാനായ സംഘടനകളും സ്ഥാപിച്ചു. ക്നാനായ കൂട്ടായ്മകളും സംഘടനകളും ക്നാനായ വൈദികർ ലഭ്യമാകുന്ന അപൂർവ്വാവസരങ്ങളിൽ അവരെക്കൊണ്ട് കുർബാന അർപ്പിച്ചു. എന്നാൽ, കേരളത്തിൽനിന്നു വ്യത്യസ്തമായി മലയാളവും സീറോമലബാർ ആരാധനാക്രമവും ക്നാനായ കൂട്ടായ്മയും വേണ്ടത്ര ഇല്ലാതെ ക്നാനായ കുട്ടികളും യുവജനങ്ങളും അവിടങ്ങളിൽ വളർന്നുവന്നു. അവർ ക്നാനായ സമുദായത്തെക്കുറിച്ച് മതിയായ അറിവില്ലാതെ ക്നാനായാന്തരീക്ഷത്തിനു വെളിയിലാണു വളരുന്നത്.

കോട്ടയം അതിരൂപതാതിർത്തിക്കു വെളിയിൽ ഇൻഡ്യയിലെ ക്നാനായ കൂട്ടായ്മകളുടെയും സംഘടനകളുടെയും ലഭ്യമായ സ്ഥിതിവിവരം ചുവടെ ചേർക്കുന്നു:

### ഡൽഹി

സൗഹൃദകൂട്ടായ്മകളിൽനിന്നുരുത്തിരിഞ്ഞതാകയാൽ ആദ്യം തുടങ്ങിയ ചില ക്നാനായ സംഘടനകൾ വംശീയത പാലിക്കുന്നവർക്കായി പരിമിതപ്പെട്ടിരുന്നില്ല. ഡൽഹി ക്നാനായ സൊസൈറ്റിയാണ് പ്രവാസിക്നാനായക്കാർ ആദ്യം ആരംഭിച്ച ക്നാനായ സംഘടന. അത് 1975ൽ സ്ഥാപിതമായപ്പോൾ അതിൽ അന്യസമുദായങ്ങളിൽനിന്നു വിവാഹിതരായവരും ക്നാനായേതര മലങ്കരക്കാരും കുടുംബസമേതം അംഗങ്ങളായിരുന്നു. അതു പുനഃസംഘടിപ്പിച്ച് ക്നനായക്കാർക്കു മാത്രമാക്കിയത് 2003 ഫെബ്രുവരി മൂന്നിനാണ്.

ഭിന്നശേഷിക്കാർക്കുവേണ്ടി കോട്ടയം രൂപതയിലെ സെന്റ് ജോസഫ് സന്യാസിനികൾ 1999ൽ ആരംഭിച്ച "നിർമ്മൽ ജ്യോതി" ക്നാനായ കൂട്ടായ്മയ്ക്കു് അനുകൂല സാഹചര്യമൊരുക്കി. അക്കാലത്ത് ഡൽഹി രൂപതിൽ സേവനം ചെയ്തിരുന്ന ഫാ. ജോസഫ് കുടിലിലും പിന്നീടു പഠനത്തിനു വന്ന വൈദികരും തങ്ങളാലാവുന്ന അജപാലനശുശ്രൂഷകൾ നല്കി. 2012 മാർച്ച് 6നു നിലവിൽവന്ന ഫരിദാബാദ് സീറോമലബാർ രൂപതയിൽ മാർ കുര്യാക്കോസ് ഭരണികുളങ്ങര 2020 മാർച്ച് 22ന് ഡൽഹിയിലെ ക്നാനായ കാത്തലിക് ചാപ്ലെയൻസി ആരംഭിച്ചു. കോട്ടയം അതിരൂപതയിൽ നിന്നുള്ള രണ്ടു വൈദികർ ഡൽഹി ക്നാനായ മിഷനിൽ ചാപ്ലെന്മാരായി സേവനം ചെയ്യുന്നു. അവിടെ സീറോമലബാർ

രൂപതയുണ്ടെങ്കിലും നാളിതുവരെ ക്നാനായ പള്ളിയോ ഇടവകയോ സ്ഥാപിതമായിട്ടില്ല.

**ബാംഗ്ലൂർ**

ക്നാനായ സംഘടന 1985ൽ ബാംഗ്ലൂരിൽ ആരംഭിച്ചെങ്കിലും ആദ്യം അതിൽ സമുദായം മാറി വിവാഹം ചെയ്തവരും ക്നാനായ യാക്കോബായ സഹോദരങ്ങളും അംഗങ്ങളായിരുന്നു. പിന്നീട് അതേവർഷംതന്നെ ക്നാനായ കത്തോലിക്കർക്കു മാത്രമായി സംഘടനയെ പുനഃസ്ഥാപിച്ചു.

കോട്ടയം രൂപത മാർ മാക്കിൽ ഗുരുകുലം 1990ൽ സ്ഥാപിച്ചപ്പോൾ അവിടെ സംഘടനയ്ക്ക് നവോന്മേഷം ലഭിച്ചു. സ്വർഗറാണി നഗർ 1992ലും സ്വർഗറാണി പള്ളി 2000 ആഗസ്റ്റ് 15നും സ്ഥാപിച്ചു. മാൻഡ്യാ രൂപതയുടെ അജപാലനാതിർത്തി ബാംഗ്ലൂരിലേക്കു വ്യാപിപ്പിച്ചപ്പോൾ ബാംഗ്ലൂർ ഇടവക കോട്ടയം അതിരൂപതയുടെ ഭാഗമായി. കോട്ടയം മെത്രാപ്പൊലീത്താ മാർ മാത്യു മൂലക്കാട്ട് ബാംഗ്ലൂർ ഇടവകയെ പിന്നീടു ഫൊറോനയാക്കി.

സീറോമലബാർ സഭയുടെ അതിർത്തി വികസിപ്പിക്കുന്നതിനനുസരിച്ച് കോട്ടയം അതിരൂപതയ്ക്ക് അജപാലനാധികാരം ലഭിക്കുമെന്നതിന് നല്ലൊരുദാഹരണവും ശുഭപ്രതീക്ഷയുമാണ് ബാംഗ്ലൂർ. ഇതുപോലെ ഭാവിയിൽ ലോകമാസകലം ക്നാനായ സഭാസംവിധാനം ഏക ക്നാനായ ഇടയനു കീഴിലാകുവാനാണ് നാം ആഗ്രഹിക്കുന്നതും പരിശ്രമിക്കുന്നതും. അതിനു നമുക്ക് ക്ഷമയും സ്ഥിരോത്സാഹവും വേണം. നാം കലഹിക്കാതെ ആഗോളസഭയോടും സീറോമലബാർ സഭയോടും നയപരമായി സഹകരിച്ചുവേണം ഈ ലക്ഷ്യപ്രാപ്തിയിലെത്താൻ.

**ബോംബെ**

ബോംബെ ക്നാനായ കാത്തോലിക് സൊസൈറ്റി 1989ൽ സ്ഥാപിതമായി. അവിടെ കോട്ടയം രൂപതയുടെ സാമ്പത്തിക സഹായത്തോടെ 1998ൽ ക്നാനായ ഭവൻ സ്ഥാപിച്ചു. അതിഥികളായി ബോംബെയിലെത്തുന്ന ക്നാനായക്കാർക്ക്, പ്രത്യേകിച്ചു വിദേശയാത്ര ചെയ്യുന്നവർക്ക്, ആ സ്ഥാപനം ഇടത്താവളമായി പ്രയോജനപ്പെട്ടിരുന്നു. എന്നാൽ കേരളത്തിൽ പല അന്തർദേശീയ വിമാനത്താവളങ്ങൾ സ്ഥാപിച്ചതോടെ ആ സേവനത്തിന്റെ പ്രസക്തി മന്ദീഭവിച്ചു. ക്നാനായ കൂട്ടായ്മകൾക്ക് ക്നാനായ ഭവൻ പ്രയോജനപ്പെടുത്തുന്നു. ബോംബെയിൽ 1988 ഏപ്രിൽ 30ന് കല്യാൺ സീറോമലബാർ രൂപത ഉണ്ടായെങ്കിലും ക്നാനായ മിഷൻ സ്ഥാപിതമായിട്ടില്ല. ക്നാനായ വൈദികരുടെ സേവനവും അവിടെ ലഭ്യമാക്കിയിട്ടില്ല.

**ഇന്ത്യയിലെ മറ്റു നഗരങ്ങൾ**

മേല്പറഞ്ഞവ കൂടാതെ അഹമ്മദ്ബാദ്, ചെന്നൈ, ജയ്പൂർ, കൽക്കട്ട, മംഗലാപുരം (2002), ഭോപ്പാൽ, ഇൻഡോർ എന്നിവിടങ്ങളിൽ ക്നാനായ കൂട്ടായ്മകളോ സംഘടനകളോ ഉണ്ട്. അവർ വർഷത്തിൽ പല പ്രാവശ്യം സമുദായാംഗങ്ങൾക്കുവേണ്ടി പൊതു പരിപാടികൾ സംഘടിപ്പിക്കുന്നു. വൈദികർ അതാതു നഗരങ്ങളിൽ ലഭ്യമാകുന്നതിനനുസരിച്ച് അവർക്ക് ഭാഗിക സേവനം ചെയ്യുന്നുണ്ട്. എന്നാൽ ക്നാനായ മിഷനുകൾ സ്ഥാപിച്ചിട്ടില്ല.

ക്നാനായ ഇടവകയ്ക്കോ മിഷനോ സാധിക്കുന്നത്ര സാമുദായികൈക്യവും ആത്മീയസാംസ്കാരിക പാരമ്പര്യങ്ങളും സംഘടനവഴി പരിപാലിക്കാൻ കഴിയാത്തതിനാൽ അത്തരം പ്രദേശങ്ങളിൽ വരുംതലമുറയെ സാമുദായികമായി പരിപാലിക്കുവാനും വംശീയത നിലനിർത്തുവാനും പരിമിതിയുണ്ട്. അത്തരം സ്ഥലങ്ങളിൽ നാം ക്നാനായ മിഷനുകളും സ്ഥിരമായ വൈദികസന്യസ്ത ശുശ്രൂഷകളും ആരംഭിക്കാൻ വൈകുംതോറും പുത്തൻ തലമുറ സമുദായത്തിനു നഷ്ടമാകാനും ക്നാനായ മിഷനുകൾ സ്ഥാപിക്കുന്നതിനു സമുദായാംഗങ്ങളിൽനിന്നു വിയോജിപ്പിണ്ടാകാനും സാധ്യതയുണ്ട്.

**സീറോമലബാർ അധികാരപരിധിക്കുവെളിയിൽ ക്നാനായ പള്ളികൾ സ്ഥാപിക്കാമോ?**

കത്തോലിക്കാ സഭയിലെ പൗരസ്ത്യ സഭകൾക്ക് ലോകം മുഴുവൻ അജപാലാനാധികാരം ഇപ്പോൾ ലഭ്യമല്ലെങ്കിലും ആ സഭാ വിശ്വാസികൾ അവയുടെ അജപാലനപരിധിക്കു വെളിയിൽ കുടിയേറിയാൽ അവർക്ക് തങ്ങളുടെ ആരാധനാക്രമവും

പാരമ്പര്യങ്ങളും പരിപാലിക്കത്തക്കവിധം അതാതു സ്ഥലത്തെ ലത്തീൻ സഭ സംവിധാനമൊരുക്കണമെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസും പൗരസ്ത്യകാനൻ നിയമവും അനുശാസിക്കുന്നുണ്ട്. ഉദാഹരണത്തിന് ചുരുക്കം നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു:

"The eparchial bishop to whom the care of the Christian faithful of any other sui juris Church is committed is bound by the serious obligation of providing all the things in order that these Christian faithful retain the rite of their own Church, cultivate and observe it as much as they can; he should foster relations with the higher authority of that Church" *(CCEO 193§1).*

Second Vatican Council states: "Provision must be made therefore everywhere in the world to protect and advance all these individual Churches. For this purpose, each should organize its own parishes and hierarchy, where the spiritual good of the faithful requires it…" *(Orientalium Ecclesiarum. 4).*

"Where there are faithful of a different rite, the diocesan bishop should provide for their spiritual needs either through priests or parishes of that rite or through an Episcopal Vicar endowed with the necessary faculties. Wherever it is fitting, the last named should also have an Episcopal rank." *(Christus Dominus 23:3).*

ഇൻഡ്യയ്ക്കു വെളിയിലുള്ള മിക്ക രാജ്യങ്ങളിലും മേല്പറഞ്ഞ പ്രബോധനങ്ങൾക്കനുസരിച്ച് സീറോമലബാർ സഭയ്ക്കും ക്നാനായ കത്തോലിക്കർക്കും മിഷനുകളും പിന്നീട് രൂപതകളും ലഭ്യമാക്കുന്നുവെന്നത് സന്തോഷകരമാണ്. എന്നാൽ ഭാരതത്തിലെ സ്ഥിതി ഇപ്പോൾ വിഭിന്നമാണ്.

## ഇൻഡ്യയിലെ ലത്തീൻ രൂപതകളുടെ നിലപാട്

സീറോമലബാർ സഭയുടെ അജപാലനപരിധിക്കു വെളിയിലുള്ള പ്രദേശങ്ങളിൽ സീറോമലബാർ സഭാസംവിധാനം ആരംഭിക്കുന്നതിനു ലത്തീൻ രൂപതകളുടെ സഹകരണം ആവശ്യമാണ്. എന്നാൽ അവിടേയ്ക്കു കുടിയേറിയ ക്നാനായക്കാരുൾപ്പെടെയുള്ള സീറോമലബാർ വിശ്വാസികൾ അതാതു സ്ഥലത്തെ ലത്തീൻ പള്ളികളിൽ സഹകരിക്കുന്നതിനാൻ സുറിയാനിക്കാർക്കു വേറേ പള്ളികളും രൂപതകളുമുണ്ടാകുന്നത് ഭാരതത്തിലെ ലത്തീൻ സഭയ്ക്കു ക്ഷീണം ചെയ്യും. അതുകൊണ്ട് സീറോമലബാർ സഭാതിർത്തി അവിടേയ്ക്കു വ്യാപിപ്പിക്കുന്നതിനോ ക്നാനായ മിഷനുകൾ ഉൾപ്പെടെ സീറോമലബാർ മിഷനുകളും പള്ളികളും സ്ഥാപിക്കുന്നതിനോ ഭാരതത്തിലെ ലത്തീൻ സഭയ്ക്കു വൈമനസ്യമുണ്ട്.

എങ്കിലും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യമനുസരിച്ച് പൗരസ്ത്യ സഭകൾ ലത്തീൻ സഭയിൽ ലയിക്കാതെ സ്വന്തം ആരാധനാക്രമവും പാരമ്പര്യങ്ങളും പരിപാലിക്കുന്നതിന് സഭാസംവിധാനമൊരുക്കുവാൻ ലത്തീൻ സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. അതിനാൽ സീറോമലബാർ സഭയുടെ അതിരുകൾ ഇന്ത്യ മുഴുവൻ വ്യാപിപ്പിക്കുന്നതിനു സീറോമലബാർ സഭാസിനഡ് പൗരസ്ത്യ തിരുസംഘത്തിന്റെ സഹായം തേടുന്നുണ്ട്. ഘട്ടംഘട്ടമായി അതു പുരോഗമിക്കുന്നുണ്ടെങ്കിലും പൂർണ്ണതയിലെത്തുമ്പോൾ കോട്ടയം അതിരൂപതയുടെ അജപാലനാതിർത്തിയും ഇന്ത്യ മുഴുവൻ വ്യാപിപ്പിക്കുവാൻ സാധ്യതയുണ്ട്. അങ്ങനെ ഭാരതം മുഴുവനിലുമുള്ള ക്നാനായക്കാർക്ക് സമീപഭാവിയിൽ ഇടവകകൾ ഉണ്ടാകുമെന്നു നമുക്കു പ്രത്യാശിക്കാം.

## ഇൻഡ്യയ്ക്കുവെളിയിലെ ക്നാനായസംഘടനകൾ

### വടക്കേ അമേരിക്ക

ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി 1950കളിൽ ചുരുക്കം ചില ക്നാനായക്കാർ അമേരിക്കയിൽ വന്നെങ്കിലും പിന്നീട് കുടിയേറ്റ നിയമത്തിലുണ്ടായ ഇളവുകളാണ് 1960കളുടെ അവസാനത്തോടെ അമേരിക്കൻ കുടിയേറ്റം വ്യാപകമാക്കിയത്. വിദ്യാഭ്യാസത്തിനും തൊഴിലിനും, പ്രത്യേകിച്ച് ആരോഗ്യ-കമ്പ്യൂട്ടർ മേഖലകളിലും ഇവിടെ അവസരങ്ങളുണ്ടായി.

കുടുംബാംഗങ്ങളെ കൊണ്ടുവരുവാൻ സ്വാതന്ത്ര്യവും പൗരത്വം നേടുവാനുള്ള അവസരവും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും അനവധി ക്നാനായക്കാരെ ഇവിടേയ്ക്ക് ആകർഷിച്ചു. തങ്ങളുടെ പ്രിയപ്പെട്ടവരെ അമേരിക്കയിൽ എത്തിക്കുവാൻ നമ്മുടെ ആളുകൾ കാണിച്ച ശുഷ്കാന്തി പ്രശംസനീയമാണ്.

അമേരിക്കയിലെ ആദ്യ ക്നാനായ കത്തോലിക്കാസംഘടന ന്യൂയോർക്കിൽ 1976ൽ സ്ഥാപിതമായി. ഷിക്കാഗോയിൽ 1979ൽ ക്നാനായ സംഘടന സ്ഥാപിച്ചെങ്കിലും അതിൽ സമുദായത്തിനു വെളിയിൽനിന്നു വിവാഹിതാരായവരും അംഗങ്ങളായി. അവരെ ഒഴിവാക്കുവാൻ ശ്രമിച്ചപ്പോൾ പ്രതിസന്ധിയുണ്ടായി. ക്നാനായ മിഷനുവേണ്ടി 1981ൽ ശ്രമിച്ചെങ്കിലും അതിന് അംഗീകാരം നല്കേണ്ടത് ഷിക്കാഗോ ലത്തീൻ അതിരൂപതയായിരുന്നതിനാൽ ക്നാനായംഗത്വവിവാദം മൂലം 1983ൽ മാത്രമേ മിഷൻ പ്രാബല്യത്തിലായുള്ളു.

അതിൽ സമുദായത്തിനു വെളിയിൽനിന്നു വിവാഹിതരായവർ അംഗത്വത്തിനു നിർബന്ധം പിടിച്ചത് മിഷൻ ഡയറക്ടറായിരുന്ന ഫാ. ജേക്കബ് ചൊള്ളമ്പേലിന് പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ടിരുന്നു. ആ പശ്ചാത്തലത്തിലാണ് ഷിക്കാഗോയിലെ ക്നാനായ കാത്തലിക് സൊസൈറ്റി (കെ.സി.എസ്) 1984ൽ സമുദായം മാറികെട്ടിയവരെ ഒഴിവാക്കി സ്ഥാപിച്ചത്. വംശശുദ്ധി പാലിക്കുന്നവർക്കുവേണ്ടി മാത്രമായി മിഷനെ നിലനിർത്തുവാൻ കെ.സി.എസ്. മിഷൻ ഡയറക്ടർക്ക് പിന്തുണ നല്കിക്കൊണ്ടിരുന്നു.

ക്രമേണ ഫ്ലോറിഡാ (1985), ഹ്യൂസ്റ്റൺ തുടങ്ങി ക്നാനായക്കാർ കുടിയേറിയ മിക്ക നഗരങ്ങളിലും കാനഡായിൽ റ്റൊറൊന്റോയിലും ക്നാനായ കത്തോലിക്കാ സംഘടനകൾ സ്ഥാപിച്ചു. പല നഗരങ്ങളിലും ക്നാനായ സംഘടനകൾ കെട്ടിടങ്ങൾ വാങ്ങി കമ്മ്യൂണിറ്റി സെന്ററുകൾ സ്ഥാപിച്ച് കൂട്ടായ്മ വർദ്ധിപ്പിച്ചു. അതിന് അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവും ക്നാനായ വൈദികരും പിന്തുണ നല്കി. കമ്മ്യൂണിറ്റി സെന്ററുകളിലും ലത്തീൻ പള്ളികളിലും ക്നാനായക്കാർക്കു വേണ്ടി വൈദികർ ഇടയ്ക്കിടെ കുർബാന അർപ്പിക്കുകയും, ക്രിസ്തുമസ് തിരുക്കർമ്മങ്ങൾ, വിശുദ്ധ വാരകർമ്മങ്ങൾ, ധ്യാനം, കുമ്പസാരം തുടങ്ങിയവയ്ക്കു നേതൃത്വം നല്കുകയും ചെയ്തു.

അമേരിക്കയിലും കാനഡായിലുമുള്ള ക്നാനായ കത്തോലിക്കാ സംഘടനകളെ കോർത്തിണക്കുവാനായി 1988 ആഗസ്റ്റിൽ ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക (കെ.സി.സി.എൻ.എ.) ലോസാഞ്ചലസിൽവച്ചു സ്ഥാപിച്ചു. കൂടുതൽ നഗരങ്ങളിൽ ക്നാനായ സംഘടനകൾ സ്ഥാപിക്കുവാനും ക്നാനായ കൺവെൻഷനുകൾ സംഘടിപ്പിക്കുവാനും അതുപകരിച്ചു. അതുവഴി അനവധി ക്നാനായ യുവതീയുവാക്കൾ സ്വസമുദായത്തിൽനിന്നുതന്നെ ജീവിതപങ്കാളിയെ കണ്ടെത്തി. കെ.സി.സി.എൻ.എ.യുടെ കീഴിൽ ഇപ്പോൾ വടക്കേ അമേരിക്കയിൽ 20 ക്നാനായ സംഘടനകൾ ഉണ്ട്.

**മിഡിൽ ഈസ്റ്റ്**

ബഹ്റിൻ, കുവൈറ്റ് (1984), യൂ.എ.ഇ. (1990) ഷാർജ, ഡുബായ്, അജ്മാൻ, റാസ് അൽ-ഖൈമ തുടങ്ങിയ സ്ഥലങ്ങളിൽ ക്നാനായ കൂട്ടയ്മകളും സംഘടകളും രൂപംകൊണ്ടു. അവയെ ഏകോപിപ്പിച്ചുകൊണ്ട് ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് മിഡിൽ ഈസ്റ്റ് 2005 ജനവരി 21നു സ്ഥാപിച്ചു. ക്നാനായ മിഷനുകൾ ഈ രാജ്യങ്ങളിൽ സാധിതമായിട്ടില്ല. കാരണം ഗൾഫ് മേഖലയിൽ പരിമിതഅജപാലന ശുശ്രൂഷയ്ക്കേ ഇപ്പോൾ അനുവാദമുള്ളു.

**യൂറോപ്പ്**

ജർമ്മനിയിൽ 1980കളുടെ മദ്ധ്യത്തോടെ ക്നാനായ സംഘടന സ്ഥാപിച്ചു. കൂടാതെ ഓസ്ട്രിയാ, സ്വിറ്റ്സർലൻഡ്, അയർലൻഡ്, ഇറ്റലി (1993), യൂ. കെ. (2001), മാൾട്ടാ എന്നീ രാജ്യങ്ങളിലും ക്നാനായ കത്തോലിക്കാ സംഘടനകൾ നിലവിലുണ്ട്. 2001ൽ സ്ഥാപിതമായ യുണൈറ്റഡ് കിംഗ്ഡം ക്നാനായ കാത്തലിക് അസ്സോസിയേഷന് (യൂ.കെ.കെ.സി.എ.) 51 യൂണിറ്റുകളുണ്ട്. അതിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ക്നാനായ കൺവെൻഷനുകൾ സംഘടിപ്പിക്കുന്നുണ്ട്. യൂറോപ്പിലെ ക്നാനായ കത്തോലിക്കാ സംഘടനകളെ ഏകോപിപ്പിക്കുവാൻ 2015ൽ ക്നാനായ യൂറോപ്യൻ ഫെഡറേഷൻ സ്ഥാപിതമായി.

**ഓഷ്യാനാ**

ഓസ്ട്രേലിയായിലും ന്യൂസിലാൻഡിലും ക്നാനായ സംഘടനകൾ പ്രവർത്തിക്കുന്നു. മെൽബോണിൽ ആദ്യത്തെ ക്നാനായ അസ്സോസിയേഷൻ 2003ൽ ആരംഭിച്ചു. ഓസ്ട്രേലിയയുടെ മറ്റു സ്ഥലങ്ങളായ അഡലൈഡ്, ആലിസ്സ്പ്രിങ്, ഡാർവിൻ, ന്യൂ കാസ്സിൽ, നോർത്ത് ക്യൂൻസ്ലാൻഡ്, ഓറഞ്ച്, പെർത്, സിഡ്നി, ടാസ്മാനിയ, ടൗൺസ്‌വില്ലെ, വാഗാ എന്നിവിടങ്ങളിലും ന്യൂസിലാൻഡ്, സിംഗപ്പൂർ എന്നീരാജ്യങ്ങളിലും വസിക്കുന്ന ക്നാനായക്കാർ, ക്നാനായ അസ്സോസിയേഷനുകൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു.

**ഡി.കെ.സി.സി.**

പ്രവാസിക്നാനായകത്തോലിക്കാ സംഘടനകളെ ആഗോളതലത്തിൽ ഏകോപിപ്പിക്കുവാനും കോട്ടയം അതിരൂപതയോടും കേരളത്തിലെ ക്നാനായ കത്തോലിക്കാ കോൺഗ്രസിനോടും സഹകരിച്ചു പ്രവർത്തിക്കാനും വേണ്ടി മാർ മാത്യൂ മൂലക്കാട്ടു മെത്രാപ്പോലീത്താ 2009ൽ സ്ഥാപിച്ചതാണ് ഡി.കെ.സി.സി. അഥവാ ഡയാസ്പൊറാ ക്നാനായ കാത്തലിക് കോൺഗ്രസ്.

ചില പ്രവാസി ക്നാനായ കത്തോലിക്കാ സംഘടനകളുടെ ചരിത്രവിവരണങ്ങളോ നാൾവഴികളോ ലഭ്യമല്ല. അതിനാൽ പ്രാപ്യമായവ മാത്രമേ ഇവിടെ പരാമർശിച്ചിട്ടുള്ളു.

## ഭാഗം – 3 പ്രവാസിക്നാനായ ചാപ്ലെയൻസികൾ, മിഷനുകൾ, ഇടവകകൾ

**അമേരിക്കൻ ക്നാനായ മിഷനുകൾ 2001 വരെ**

സീറോമലബാർ സഭയ്ക്ക് അമേരിക്കയിൽ അജപാലനാധികാരം ഇല്ലാത്തതിനാലും സിറോ മലബാർ രൂപത നിലവിൽ വരാതിരുന്നതിനാലും 2001 ജൂലൈ വരെ ഇവിടെ കുടിയേറിയ ക്നാനായക്കാർ ലത്തീൻ കത്തോലിക്കാ പള്ളികളിൽ അംഗത്വം എടുക്കേണ്ടിയിരുന്നു. കോട്ടയം രൂപതയിൽ നിന്ന് പഠനത്തിനോ സന്ദർശനത്തിനോ വന്നിരുന്ന വൈദികർ ഇടയ്ക്കിടെ ക്നാനായ ഭവനങ്ങളിലും ഹോളുകളിലും സീറോമലബാർ കുർബാന അർപ്പിച്ചിരുന്നു.

തങ്ങളുടെ ഭാഷയിലും ആരാധനാക്രമത്തിലും വിശുദ്ധ കുർബാന അർപ്പിക്കുവാനും സ്ഥിരമായ അജപാലനശുശ്രൂഷയ്ക്കും കോട്ടയം രൂപതയിൽ നിന്നു വൈദികനെ അയയ്ക്കണമെന്ന് ഷിക്കാഗോയിലെ ക്നാനായക്കാർ 1981ൽ സംഘടിച്ച് അന്നത്തെ കോട്ടയം മെത്രാൻ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിനോട് അപേക്ഷിച്ചു. അമേരിക്കയിൽ അജപാലനാധികാരമില്ലാത്തതിനാൽ പിതാവ് ഇക്കാര്യത്തിന് ഷിക്കാഗോ അതിരൂപതാദ്ധ്യക്ഷനു കത്തെഴുതി. തത്സംബന്ധമായ പല കത്തിടപാടുകൾക്കു ശേഷം 1983 ഒക്ടോബറിൽ ക്നാനായക്കാർക്കു മാത്രമാക്കാതെ കേരളകത്തോലിക്കർക്കു പൊതുവായി കോട്ടയം രൂപക്കാരനായ ഫാ. ജേക്കബ് ചൊള്ളമ്പേലിന് ഷിക്കാഗോ അതിരൂപതയിൽ നിയമനം നല്കിക്കൊണ്ട് മിഷൻ സ്ഥാപിച്ചു.

എന്നാൽ ക്നാനായേതര സീറോമലബാർ സഭാംഗങ്ങളും ക്നാനായക്കാരും അതിൽ അതൃപ്തരായിരുന്നു. തങ്ങൾക്കു മാത്രമായി മിഷൻ അനുവദിക്കണമെന്നപേക്ഷിച്ചുകൊണ്ട് 1984 ഒക്ടോബറിൽ ഷിക്കാഗോയിലെ ക്നാനായേതര സീറോമലബാറുകാർ കേരള കത്തോലിക്കാ മെത്രാൻ സമിതിയ്ക്കും സിറോമലബാർ ബിഷപ്സ് കോൺഫ്രൻസിനും കത്തെഴുതി. ഷിക്കാഗോ അതിരൂപതയുമായി ഇക്കാര്യത്തിൽ ആശയവിനിമയം നടത്തുവാൻ 1984 ഡിസംബർ മൂന്നും നാലും തീയതികളിൽ ചേർന്ന സിറോമലബാർ ബിഷപ്സ് കോൺഫറൻസ് അന്നത്തെ പാലാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിലിനെ ചുമതലപ്പെടുത്തി. പള്ളിക്കാപ്പറമ്പിൽ പിതാവിന്റെ ശ്രമഫലമായി ക്നാനായേതര സീറോമലബാർ സഭാവിശ്വാസികൾക്ക് ഷിക്കാഗോ അതിരൂപതാദ്ധ്യക്ഷൻ 1985 ആഗസ്റ്റ് 25ന് പ്രത്യേക മിഷൻ ഉൽഘാടനം ചെയ്തു. അതോടെ ഫാ. ജേക്കബ് ചൊള്ളമ്പേലിന്റെ നേതൃത്വത്തിലുള്ള മിഷൻ ക്നാനായ മിഷനായി.

നാട്ടിൽവെച്ച് കോട്ടയം രൂപതയിൽനിന്ന് അനുവാദം വാങ്ങി വടക്കുംഭാഗം പള്ളികളിൽ അംഗത്വമെടുത്തുകൊണ്ട് സമുദായത്തിനു വെളിയിൽനിന്നു വിവാഹം ചെയ്തവർ തങ്ങൾക്കു കുടുംബസമേതം ഷിക്കാഗോയിലെ ക്നാനായ മിഷനിൽ അംഗത്വം നല്കണമെന്നു വാദിച്ചുകൊണ്ട് കാനാ സംഘടനയുടെ പേരിൽ ഷിക്കാഗോ അതിരൂപതയിൽ പരാതികൾ

നല്കിക്കൊണ്ടിരുന്നു. സമുദായത്തിൽനിന്നു വിവാഹിതരായ അനവധിപേരും അക്കാലത്ത് ആ സംഘടനയിൽ സജീവാംഗങ്ങളായിരുന്നു. അജപാലനാവശ്യങ്ങൾ നിറവേറ്റാൻ അവർക്കു ക്നാനായേതര സീറോമലബാർ മിഷനിൽ അംഗത്വമെടുക്കാൻ സൗകര്യമുണ്ടായിരുന്നിട്ടും അതിൽ ചേരാതെ ക്നാനായ മിഷനിൽതന്നെ അംഗത്വം വേണമെന്ന് അവർ ശാഠ്യം പിടിച്ചു. അനുരഞ്ജന ചർച്ചകൾ പലതു നടത്തിയിട്ടും പരിഹാരമുണ്ടായില്ല.

സ്വവംശവിവാഹനിഷ്ഠയ്ക്ക് സഭ എതിരല്ലെങ്കിലും അതു പാലിക്കാത്തവരെ ഇടവകയിൽനിന്നു നിർബന്ധിച്ച് ഒഴിവാക്കുന്നതു സഭാനിയമത്തിനു യോജിക്കുന്നതല്ലെന്ന നിലപാട് പരാതിമൂലം ഷിക്കാഗോ അതിരൂപത കൈക്കൊണ്ടു. ഇക്കാര്യത്തിൽ കാനാ സംഘടനയ്ക്ക് അനുകൂലമായ ഷിക്കാഗോ അതിരൂപതയുടെ കർക്കശ നിലപാടും കെ.സി.എസിന്റെയും കോട്ടയം മെത്രാന്റെയും മറിച്ചുള്ള നിലപാടുംമൂലം ഫാ. ജേക്കബ് ചൊള്ളമ്പേൽ 1985 ഏപ്രിൽ 15ന് നാട്ടിലേക്ക് തിരികെപ്പോയി. പകരം ഫാ. സിറിയക് മാന്തുരുത്തിയിലിനെ കുന്നശ്ശേരി പിതാവ് ഷിക്കാഗോയ്ക്ക് അയയ്ക്കാൻ ശ്രമിച്ചെങ്കിലും ക്നാനായംഗത്വവിവാദം കൊടുമ്പിരിക്കൊണ്ടത് അതിനു തടസ്സമായി.

ക്നാനായ മിഷന്റെ അംഗത്വവിവാദത്തിൽ തങ്ങളുടെ നിലപാട് വ്യക്തമാക്കിക്കൊണ്ടും അതിന് സ്ഥിരീകരണം തേടിക്കൊണ്ടും ഷിക്കാഗോ അതിരൂപതാദ്ധ്യക്ഷൻ പൗരസ്ത്യ തിരുസംഘത്തിലേക്കു കത്തയച്ചു. അതിനു മറുപടിയായി 1986 ജനുവരി 30നു പൗരസ്ത്യ തിരുസംഘം പ്രീഫെക്റ്റ് കർദ്ദിനാൾ ലൂർദുസ്വാമി ഷിക്കാഗോ അതിരൂപതാദ്ധ്യക്ഷൻ കർദ്ദിനാൾ ജോസഫ് ബെർണാർദിന് നല്കിയ മറുപടിയുടെ പ്രസക്തഭാഗം ഇപ്രകാരമാണ്: "This congregation, all things considered, and for serious pastoral reasons, hereby signifies its full accord with Your Eminence's pastoral proposal, notably, that the special ministry of the Knanaya community can be faithfully conducted only on the basis that those Knanaya Catholics who married non-Knanaya spouses enjoy equal status in the ministry. This Congregation does not accept that the customary practice followed in Kerala, of excluding from the community those who marry non-Knanaya spouses, is extensible to the United States of America."

സമുദായം മാറി വിവാഹം ചെയ്യുന്നവരുടെ ജീവിതപങ്കാളിക്കും മക്കൾക്കും അംഗത്വം നല്കണമെന്ന് ഇതിൽ പറയുന്നില്ലെങ്കിലും അവർക്കും ക്നാനായ മിഷനിൽ അംഗത്വം നല്കുകണമെന്ന് കാനാ ആവശ്യപ്പെട്ടു. ഷിക്കാഗോ അതിരൂപതയുടെയും പൗരസ്ത്യ സിംഹാസനത്തിന്റെയും നിലപാടിനോട് യാഥാസ്ഥിതികരായ ക്നാനായക്കാർക്ക് യോജിക്കുവാൻ കഴിഞ്ഞില്ല. ഈ വിവാദം മൂലം കോട്ടയം രൂപതയിൽനിന്ന് ഫാ. സിറിയക് മാന്തുരുത്തിൽ ഷിക്കാഗോയിൽ വരുന്നതിന് അനുവാദം ലഭിക്കാൻ വൈകി. അതിനാൽ 1985 മുതൽ '88 വരെ ക്നാനായക്കാരല്ലാത്ത സീറോമലബാർ വൈദികരാണ് ഷിക്കാഗോ ക്നാനായ മിഷനു ശുശ്രൂഷ ചെയ്തത്.

പല ചർച്ചകൾക്കു ശേഷം 1988 ജൂലൈ 23ന് പുതിയ ക്നാനായ മിഷൻ ഉൽഘാടനം ചെയ്ത് മാന്തുരുത്തിയിലച്ചൻ ചുമതലയേറ്റു. പിന്നീട് ഫാ. സൈമൺ ഇടത്തിപ്പറമ്പിൽ, ഫാ. ഫിലിപ്പ് തൊടുകയിൽ എന്നിവർ ഷിക്കാഗോ ക്നാനായ മിഷനിൽ ഡയറക്ടർമാരായി സേവനം ചെയ്തു. എന്നാൽ അംഗത്വതർക്കം തുടർന്നിരുന്നതിനാൽ ഷിക്കാഗോ ലത്തീൻ അതിരൂപതയുടെ കീഴിൽ അവർക്ക് പരിമിതസേവനമേ ചെയ്യുവാൻ സാധിച്ചുള്ളു.

സീറോമലബാർ സിനഡിന്റെ അപേക്ഷപ്രകാരം അമേരിക്കയിൽ സീറോമലബാർ രൂപത ആരംഭിക്കുന്നതിനു സാധ്യതയുണ്ടോയെന്നു പഠിക്കുവാൻ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ബിഷപ്പ് മാർ ഗ്രിഗരി കരോട്ടെമ്പ്രയിലിനെ ചുമതലപ്പെടുത്തി. അദ്ദേഹം 1996ൽ അന്വേഷണത്തിനു വന്നപ്പോൾ, അമേരിക്കയിൽ സീറോമലബാർ രൂപതയുണ്ടാകുന്നത് ഗുണകരമാകുമെന്ന ശുഭപ്രതീക്ഷയിൽ, ക്നാനായക്കാർ അദ്ദേഹത്തോടു സഹകരിച്ചു.

അതേ തുടർന്ന് 2001 മാർച്ച് 13ന് അമേരിക്കയിലെ സിറോമലബാർ വിശ്വാസികൾക്കുവേണ്ടി ഷിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപത ജോൺ പോൾ രണ്ടാമൻ മാർപാപ്പാ സ്ഥാപിച്ചു. ഈ പുതിയ രൂപതയുടെ പ്രഥമ മെത്രാനായും കാനഡയിലെ സീറോമലബാർ വിശ്വാസികളുടെ അപ്പസ്തോലിക് വിസിറ്റേറ്ററായും മാർ ജേക്കബ് അങ്ങാടിയാത്തു പിതാവിനെ പരിശുദ്ധ പിതാവ് നിയമിച്ചു. അതുവരെ ലത്തീൻ സഭാംഗങ്ങളായിരുന്ന ക്നാനായക്കാർ ഉൾപ്പെടെയുള്ള എല്ലാ സീറോമലബാർ വിശ്വാസികളും അതോടെ സീറോമലബാർ രൂപതയുടെ കീഴിൽ വന്നു.

**അമേരിക്കൻ ക്നാനായ മിഷനുകൾ 2001നു ശേഷം**

സീറോമലബാർ രൂപത അമേരിക്കയിൽ സ്ഥാപിതമാകുന്നതിനു മുമ്പുതന്നെ സഭാപരമായ ഏറെ നേട്ടങ്ങൾ ലത്തീൻ സഭയുടെ കീഴിൽ ക്നാനായക്കാർ കൈവരിച്ചിരുന്നു. അക്കാലത്ത് സീറോമലബാർ സഭയിലെ 23 രൂപതകളിൽനിന്ന് അമേരിക്കയിൽ വന്നവർക്ക് ലത്തീൻ രൂപതകളുടെ കീഴിൽ എട്ടു മിഷനുകളും രണ്ട് പള്ളികളും ഉണ്ടായിരുന്നപ്പോൾ ക്നാനായക്കാർക്ക് ഒൻപതു മിഷനുകളും ലോസാഞ്ചലസിൽ വിസിറ്റേഷൻ മഠവും സ്ഥാപിതമായിരുന്നു. അതുകൊണ്ടുതന്നെ പുതിയ രൂപതയ്ക്ക് ക്നാനായ വിഭാഗം അവഗണിക്കാനാവാത്ത സഭാഘടകമായിരുന്നു.

ഷിക്കാഗോ സീറോമലബാർ രൂപതാസ്ഥാപനത്തിനുമുമ്പു ലത്തീൻ രൂപതകളുടെ കീഴിൽ ക്നാനായക്കാർക്ക് അമേരിക്കൻ ഐക്യനാടുകളിലുണ്ടായിരുന്ന മിഷനുകളും സ്ഥാപനവർഷവും ഇപ്രകാരമാണ്: ഷിക്കാഗോ (1983), ബ്രൂക്ക്ലിൻ ന്യൂയോർക്ക് (1993), വെസ്റ്റ് ചെസ്റ്റർ ബ്രോൺക്സ് ന്യൂയോർക്ക് (1993), ഹ്യൂസ്റ്റൺ (1994), ഡാലസ് (1996), ന്യൂവാർക്ക് ന്യൂ ജേഴ്സി (1996), റോക്ക്‌ലാന്റ് ന്യൂയോർക്ക് (1996), ഫിലാഡെൽഫിയാ (1999), സാൻ ഹൊസെ (2000). ഈ നേട്ടം കൈവരിക്കുന്നതിൽ അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവും നമ്മുടെ ക്നാനായ ജനവും അവരെ നയിച്ച സംഘടനാ ഭാരവാഹികളും ഇവിടെ ശുശ്രൂഷചെയ്ത വൈദികരും പ്രശംസ അർഹിക്കുന്നു.

ഷിക്കാഗോ സെൻറ് തോമസ് സീറോമലബാർ രൂപതയുടെ ഔപചാരിക ഉദ്ഘാടനവും മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവിന്റെ മെത്രാഭിഷേകവും 2001 ജൂലൈ ഒന്നിന് ഷിക്കാഗോയിൽ നടന്നു. തന്റെ മെത്രാഭിഷേകത്തിൽ സഹകാർമികനാകുവാൻ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവ് മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിനെ ക്ഷണിച്ചു. ക്നാനായ ജനതയുടെ അമേരിക്കയിലെ സഭാത്മക വളർച്ചയാണ് അതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ക്നാനായ മിഷനുകളുടെയും വൈദികരുടെയും പിന്തുണ പുതിയ രൂപതയ്ക്കും രൂപതാദ്ധ്യക്ഷനും അവശ്യാവശ്യമായിരുന്നു.

ആ സാഹചര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവ് മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവിനോട് ഒരാഗ്രഹം ഉന്നയിച്ചു. പുതിയ രൂപതയ്ക്ക് വികാരി ജനറാളിനെ നിയമിക്കുമ്പോൾ, രണ്ടു പേർ വേണമെന്നും അവരിൽ ഒരാൾ ക്നാനായക്കാരനായിരിക്കണമെന്നുമാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ക്നാനായ കത്തോലിക്കർക്ക് രൂപതയിൽ നല്ല നേതൃത്വം ഉറപ്പു വരുത്തുവാനാണ് കുന്നശ്ശേരി പിതാവ് അതുവഴി ഉദ്ദേശിച്ചത്.

തനിക്ക് ക്നാനായ ജനതയെ നാട്ടിൽ വച്ചുതന്നെ അറിയാമെന്നും തന്നാലാവുന്നവിധം ക്നാനായക്കാർക്ക് വേണ്ടതെല്ലാം ചെയ്യുമെന്നും അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവ് ഉറപ്പു നല്കി. അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേകജനറൽ കമ്മിറ്റി കൺവീനറായി അന്ന് ഷിക്കാഗോ ക്നാനായ മിഷൻ ഡയറക്ടറായിരുന്ന ഫാ. ഫിലിപ്പ് തൊടുകയിലിനെയാണു നിയോഗിച്ചത്. ഏതാനും ആഘോഷ കമ്മിറ്റികളുടെ ഭാരവാഹിത്വവും ക്നാനാക്കാർക്കു നല്കി. ഇവയുടെയെല്ലാം പശ്ചാത്തലത്തിൽ ക്നാനായക്കാർ സാമ്പത്തികമായും സാന്നിധ്യം കൊണ്ടും മെത്രാഭിഷേകം മോടിയാക്കാൻ സഹകരിച്ചു.

മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവ് 2001 ഒക്ടോബർ മൂന്നിന് രൂപതയിൽ രണ്ടു വികാരി ജനറാൾമാരെ നിയമിച്ചപ്പോൾ ക്നാനായ സമുദായാംഗമായ ഫാ. എബ്രഹാം മുത്തോലത്തിനെ അവരിൽ ഒരാളായി നിയമിച്ചു. അങ്ങനെ കുന്നശ്ശേരി പിതാവിന്റെ ആഗ്രഹം അങ്ങാടിയാത്ത് പിതാവ് സാധിച്ചുകൊടുത്തു.

എന്നാൽ ആ സന്തോഷം അധികനാൾ നീണ്ടുനിന്നില്ല. അതിനു കാരണം പൗരസ്ത്യ തിരുസംഘം ക്നാനായ അജപാലനത്തെ സംബന്ധിച്ച് അങ്ങാടിയാത്ത് പിതാവിന് 2001 നവംബർ 21ന് രേഖാമൂലം നല്കിയ നിർദ്ദേശമായിരുന്നു. സമുദായം മാറി വിവാഹം ചെയ്തിരുന്നവരുടെ പരാതിയാകാം അതിനു കാരണം. ക്നാനായ സമുദായത്തെ ഏറെ വേദനിപ്പിച്ച പൗരസ്ത്യ തിരുസംഘത്തിന്റെ നിർദ്ദേശം ഇപ്രകാരമാണ്:

Prot. N. 85/2001

1. This Congregation has been aware for some time of the delicate nature of the position of the Knanaya Community in the United States. A serious dispute in the 1980's prompted the late Archbishop of Chicago,

Joseph Cardinal Bernardin, to request directives from this Congregation concerning the Special Ministry for the Knanaya Catholic Community in the Archdiocese. With Rescript Prot. N. 124/83 of 30 January 1986, this Congregation made clear the position to be taken regarding the endogamous practice of those Knanaya faithful of the Eparchy of Kottayam who had emigrated to the greater Chicago area (Enclosure 1). When Mar Kuriakose Kunnacherry, the Bishop of Kottayam, requested a review of the policy embodied in the Rescript, this Congregation responded with letter Prot. N. 24/91 of 3 October 1997, upholding the previous decision of the Congregation and informed the present Major Archbishop of Ernakulam-Angamaly, His Eminence Varkey Cardinal Vithaythil, of the decision (Enclosures 2-3). As Your Excellency will note from these letters, this Congregation explained clearly that the practice of endogamy was not acceptable in the United States, or in any jurisdication outside of the proper territory of the Syro-Malabar Church. Furthemore, the letter clarified the fact that the Knanaya Catholic Mission was responsible to the local Latin Archbishop and the Major Archbishop of Ernakulam-Angamaly and not the Bishop of Kottayam.

With the erection of the Eparchy of St. Thomas of Chicago and your nomination of the first Bishop, the Holy See foresees the necessity to provide adequate and proper pastoral care to Syro-Malabar faithful of the Eparchy of Kottayam who now reside in the United States. The care of these faithful is to be marked by great sensitivity and patience, based upon an appreciation of the cultural atmosphere from which they have arrived. However, this pastoral care must also recognize the values and societal expectations present in the United States and even more fundamentally, the evangelical values requisite in all pastoral care. Therefore, this Congregation foresees a pastoral care which is sensitive to the Knanaya expectation to be served by Knanaya priests, but does not make any allowance for endogamy to play a role in defining the membership of faithful in any mission or parish established by the Eparchy. The further establishement of missions and even parishes for the Knanaya faithful, as presently practiced in the United States, is understood to be beneficial. However, the Holy See continues to follow the directives outlined in the Rescript Prot. N. 124/83 mentioned above.

പൗരസ്ത്യ തിരുസംഘത്തിന്റെ ഈ നിർദ്ദേശം പാലിക്കുവാൻ അഭിവന്ദ്യ അങ്ങാടിയത്ത് പിതാവ് നിർബന്ധിതനായി. അതിനാൽ ഇതു നടപ്പിലാക്കാൻ സഹകരിക്കണമെന്ന് തന്റെ രൂപതയിലെ ക്നാനായ സമുദായംഗങ്ങളോട് അദ്ദേഹം ആവശ്യപ്പെട്ടു. അത് സമുദായത്തിൽ കോളിളക്കം സൃഷ്ടിക്കുകയും അങ്ങാടിയാത്ത് പിതാവുമായുണ്ടായിരുന്ന ക്നാനായക്കാരുടെ സൗഹൃദത്തിന് ഉലച്ചിലുണ്ടാക്കുകയും ചെയ്തു.

**സീറോമലബാർ രൂപതാദ്ധ്യക്ഷനുമായി പ്രതിസന്ധി**

പൗരസ്ത്യ തിരുസംഘത്തിന്റെ കർശനനിർദേശം മൂലം അങ്ങാടിയത്ത് പിതാവിലുണ്ടായ നയമാറ്റം ക്നാനായക്കാരെ വേദനിപ്പിക്കുകയും രോഷാകുലരാക്കുകയും ചെയ്തു. പ്രശ്നപരിഹാരത്തിനായി വികാരി ജനറാൾ മുൻകൈയെടുത്ത് അങ്ങാടിയാത്ത് പിതാവുമായി അമേരിക്കയിലെ ക്നാനായമിഷനുകളിലെ വൈദികരും കെ.സി.സി.എൻ.എ. പ്രതിനിധികളും ചേർന്ന് അനുരഞ്ജന സംഭാഷണം 2002 നവംബർ 12ന് ഷിക്കാഗോ കത്തീഡ്രലിന്റെ വൈദികവസതിയിൽ ക്രമീകരിച്ചു. അഭിവന്ദ്യ അങ്ങാടിയത്ത് പിതാവിന്റെ സമക്ഷം പക്വമായും സൗഹൃദമായും എങ്ങനെ സമുദായത്തിന്റെ ബുദ്ധിമുട്ടുകൾ അവതരിപ്പിക്കണമെന്ന് തലേന്നു രാത്രിയിൽ ഹോട്ടലിൽ വൈദികരും കെ.സി.സി.എൻ.എ. പ്രതിനിധികളും ചേർന്ന് ചർച്ച ചെയ്തു. വിഷയം അവതരിപ്പിക്കുവാൻ വികാരി ജനറാൾ ഫാ. ഏബ്രഹാം മുത്തോലത്തിനെയും അന്നത്തെ കെ.സി.സി.എൻ.എ. പ്രസിഡണ്ട് സിറിയക്ക് വെട്ടുപാറപ്പുറത്തിനെയും ആ സംയുക്ത സമ്മേളനം ചുമതലപ്പെടുത്തി.

അങ്ങാടിയാത്ത് പിതാവുമായി പിറ്റേന്നു നടന്ന സമ്മേളനത്തിൽ വികാരി ജനറൽ ഫാ. ഏബ്രഹാം മുത്തോലത്ത് ആമുഖ പ്രഭാഷണം നടത്തിക്കൊണ്ട് ക്നാനായക്കാരുടെ വേദനകൾ അവതരിപ്പിച്ചു. തുടർന്ന് കെ.സി.സി.എൻ.എ. പ്രസിഡണ്ട് സിറിയക്ക് വെട്ടുപാറപ്പുറം വിഷയാവതരണം നടത്തി. മറ്റ് അല്മായ പ്രതിനിധികളും വൈദികരും തങ്ങളുടെ ആഗ്രഹങ്ങൾ പങ്കുവെച്ചു.

മറുപടിയായി അങ്ങാടിയത്ത് പിതാവ് തനിക്ക് പൗരസ്ത്യ തിരുസംഘത്തിൽനിന്നു ലഭിച്ച നിർദ്ദേശം അവതരിപ്പിച്ചു. രൂപതാദ്ധ്യക്ഷനെന്ന നിലയിൽ റോമിന്റെ കല്പനയ്ക്കു വിരുദ്ധമായി പ്രവർത്തിക്കുവാൻ തനിക്കാവില്ലെന്നും ക്നാനായ സമുദായത്തെ സ്നേഹിക്കുന്ന താൻ ഇക്കാര്യത്തിൽ നിസ്സഹായനാണെന്നും തീർത്തു പറഞ്ഞു. ക്നാനായക്കാരുടെ പ്രശ്നങ്ങൾ റോമിനെ ബോധ്യപ്പെടുത്തി സമുദായത്തിന് അനുകൂലതീരുമാനം ഉണ്ടാകുന്നതുവരെ തങ്ങൾ രൂപതയോടും രൂപതാദ്ധ്യക്ഷനോടും സഹകരിക്കില്ലെന്നു കെ.സി.സി.എൻ.എ. പ്രസിഡന്റ് സമുദായത്തെ പ്രതിനിധാനം ചെയ്തു പ്രഖ്യാപിച്ചു. അതോടെ ആ സമ്മേളനം ഫലമണിയാതെ പിരിഞ്ഞു.

തുടർന്ന് കെ.സി.സി.എൻ.എ. നാഷണൽ കൗൺസിൽ ഔദ്യോഗികമായി ഷിക്കാഗോ സീറോമലബാർ രൂപതയോട് നിസ്സഹകരണനയം പാസ്സാക്കി. ക്നാനായ മിഷനുകളിൽ അത്യാവശ്യ അജപാലനശുശ്രൂഷ ചെയ്യുകയല്ലാതെ രൂപതയുമായി സഹകരിച്ച് മറ്റൊന്നും ചെയ്യുവാൻ വൈദികർക്ക് നിവൃത്തിയില്ലായിരുന്നു. ക്നാനായേതര സിറോമലബാർ വിഭാഗം പുതിയ മിഷനുകളും പള്ളികളും സ്ഥാപിച്ചു വളർന്നു വികസിച്ചപ്പോൾ ക്നാനായ മിഷനുകൾ മുരടിച്ചുനിന്നു.

അതേസമയം ഈമെയിൽ ഗ്രൂപ്പുകളും ബ്ലോഗുകളും വിഷയം ഏറ്റെടുത്തു. ക്നാനായ മിഷിനുകളും വൈദികരും സീറോമലബാർ രൂപതയിൽനിന്നു വിട്ടുനില്ക്കണമെന്ന് തീവ്രനിലപാടുകാർ ആവശ്യപ്പെട്ടു. എന്നാൽ സഭാനിയമപ്രകാരം വൈദികർക്ക് അത് സാധ്യമായിരുന്നില്ല. അങ്ങാടിയാത്തു പിതാവിനും രൂപതയിൽ സേവനം ചെയ്യുന്ന ക്നാനായ വൈദികർക്കുമെതിരെ അപഹാസ്യ ആരോപണങ്ങളും പ്രസ്താവനകളും ഫോൺ കോളുകൾ, ഈമെയിലുകൾ, യാഹൂ ഗ്രൂപ്പുകൾ, ബ്ലോഗുകൾ, സംഘടനാ സമ്മേളനങ്ങളിലെ പ്രസംഗങ്ങൾ തുടങ്ങിയവയിലൂടെ പ്രചരിച്ചു.

ക്നാനായക്കാരിൽ പലരും സ്ഥലത്തെ ലത്തീൻ പള്ളികളിലോ സീറോമലബാർ പള്ളികളിലോ അംഗത്വമെടുത്തു. പലരും ക്നാനായേതര സീറോമലബാർ പള്ളികളിൽ സജീവാംഗങ്ങളാകുകയും സംഭാവനകൾ നല്കുകയും ചെയ്തു. ചിലർ അവിടെ കൈക്കാരന്മാരും കമ്മറ്റിക്കാരുമായി. ക്നാനായ യുവജനങ്ങൾ ക്നാനായേതരരുമായി സൗഹൃദം വളർന്നതിനാൽ അവർ തമ്മിൽ വിവാഹങ്ങൾ നടന്നു.

അമേരിക്കയിലെ ക്നാനായക്കാരുടെ പ്രശ്നം പരിഹരിക്കാനാവാതെ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവു വ്യസനിച്ചു. റോമിലേക്ക് അദ്ദേഹം ഇക്കാര്യത്തെക്കുറിച്ചെഴുതിയതിനും നേരിട്ടുകണ്ടു പറഞ്ഞവയ്ക്കും പ്രതികൂല മറുപടികളാണു ലഭിച്ചത്. അങ്ങാടിയാത്തു പിതാവും സ്ഥിതിഗതികൾ പൗരസ്ത്യ തിരുസംഘത്തെ അറിയിച്ചെങ്കിലും അവിടെനിന്നുള്ള തീരുമാനത്തിൽ മാറ്റമുണ്ടായില്ല.

കോട്ടയം രൂപതയിലേതുപോലെ ക്നാനായ ഇടവകകൾ അമേരിക്കയിൽ സ്ഥാപിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ താൻ അയച്ച വൈദികർ കൂടുതൽ അപഹാസ്യരാകാതിരിക്കുവാനും വൈദികരും അല്മായരും തമ്മിൽ ഭിന്നത ഒഴിവാക്കുവാനും ക്നാനായ മിഷനുകൾ ഉപേക്ഷിച്ച് വൈദികരെ തിരികെ വിളിക്കുവാൻ കുന്നശ്ശേരി പിതാവ് ആലോചിച്ചു. സംഘടനകൊണ്ടു മാത്രം സമുദായത്തെ അമേരിക്കയിൽ പിടിച്ചു നിർത്താനാവില്ലെന്നും, ക്രമേണ മിശ്രവിവാഹംവഴി സമുദായം അവിടെ ലയിച്ചില്ലാതാകുമെന്നും വികാരി ജനറാൾ ഫാ. ഏബ്രഹാം മുത്തോലത്ത് അഭിപ്രായപ്പെട്ടു. അതിനാൽ കുറെക്കൂടി സമയം നല്കണമെന്നും പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുവാൻ പരമാവധി ശ്രമിക്കാമെന്നും പറഞ്ഞപ്പോൾ കുന്നശ്ശേരി പിതാവ് അതിനു സമ്മതിച്ചു.

സഹായമെത്രാനായിരുന്ന മാർ മാത്യു മൂലക്കാട്ടു പിതാവും വികാരി ജനറാൾ മോൺ. ജേക്കബ് കൊല്ലാപറമ്പിലും, അപ്പോൾ അവധിക്കു കോട്ടയത്തുണ്ടായിരുന്ന വികാരി ജനറാൾ ഫാ. ഏബ്രഹാം മുത്തോലത്തിനെയും കൂട്ടി കുന്നശ്ശേരി പിതാവിനെ കണ്ട് പ്രശ്നപരിഹാരത്തിനായി ഒരഭിപ്രായം അവതരിപ്പിച്ചു. മറ്റെല്ലാ സാധ്യതകളും അടയുന്നതിനാൽ അമേരിക്കയിൽ സഭാപരമായി കെട്ടിപ്പടുത്ത ക്നാനായ മിഷനുകൾ നശിക്കാതെയും ഭാവി വളർച്ച മുന്നിൽ കണ്ടും അമേരിക്കയിൽ മാത്രം സമുദായത്തിനു വെളിയിൽനിന്നു വിവാഹിതരായവർക്ക്, അവർ നിർബന്ധിച്ചാൽ, മിഷനിൽ തുടരുവാൻ വ്യക്തിപരമായി അനുവദിക്കുക. എന്നാൽ അവരുടെ ജീവിത പങ്കാളികളുടെയും മക്കളുടെയും മാതാപിതാക്കൾ പൂർണമായി ക്നാനായക്കാരല്ലാത്തതിനാൽ അവർക്ക് അംഗത്വം നല്കേണ്ട. മനസ്സില്ലാമനസ്സോടെയെങ്കിലും അതു പരിഗണിക്കാമെന്നും അല്ലാതെ മറ്റു മാർഗം കാണുന്നില്ലെന്നും കുന്നശ്ശേരി പിതാവ് പ്രതികരിച്ചു.

**സീറോമലബാർ രൂപതയുമായി അനുരഞ്ജനം**

അമേരിക്കയിലെ ക്നാനായ സമൂഹം സഭാപരമായ വളർച്ച നേടാനാവാതെ പ്രതിസന്ധിയിൽ കുരുങ്ങി കിടന്നപ്പോൾ പരിഹാരവുമായി കോട്ടയം രൂപതയുടെ അന്നത്തെ സഹായമെത്രാൻ മാർ മാത്യു മൂലക്കാട്ടു പിതാവ് 2003ൽ അമേരിക്കയിലെത്തി. അദ്ദേഹം അമേരിക്കയിലെ ക്നാനായ മിഷനുകളിൽ ശുശ്രൂഷ ചെയ്തിരുന്ന വൈദികരെയും കെ.സി.സി.എൻ.എ. ഭാരവാഹികളെയും ഷിക്കാഗോ കമ്മ്യൂണിറ്റി സെന്ററിൽ 2003 ജൂലൈ 21ന് ഒന്നിച്ചുകൂട്ടി കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു.

ഷിക്കാഗോ സീറോമലബാർ രൂപതയോടു നാം നിസ്സഹകരിച്ച നിന്നാൽ സഭാപരമായി നമുക്കൊന്നും നേടാനാവില്ലെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. റോമിൽനിന്ന് അങ്ങാടിയാത്തു പിതാവിനു ലഭിച്ച നിർദേശത്തിൽ സമുദായം മാറി വിവാഹം ചെയ്തവരുടെ ജീവിതപങ്കാളിയെയോ മക്കളെയോ കൂട്ടുവാൻ ആവശ്യപ്പെടുന്നില്ല. അവർ ക്നാനായ മാതാപിതാക്കളിൽനിന്നല്ലാത്തതിനാൽ ക്നാനായക്കാരല്ലെന്നും അവരെ ക്നാനായ മിഷനിൽ അംഗത്വം നല്കേണ്ടെന്നും പിതാവു പ്രസ്താവിച്ചു. എന്നാൽ പൗരസ്ത്യ തിരുസംഘത്തിന്റെ നിർദ്ദേശത്തെ തിരുത്താൻ തിരുസംഘം തയ്യാറല്ലാത്തതിനാലും അതിനെ ധിക്കരിക്കാൻ അങ്ങാടിയാത്തു പിതാവിനു സാധ്യമല്ലാത്തതിനാലും സമുദായം മാറി വിവാഹം ചെയ്തവർ നിർബന്ധിച്ചാൽ അമേരിക്കയിൽ മാത്രം അവർക്കും വ്യക്തിപരമായി അംഗത്വം നല്കിക്കൊണ്ട് പ്രശ്നം പരിഹരിക്കണമെന്ന് മൂലക്കാട്ടു പിതാവ് ഉപദേശിച്ചു. മറ്റു പരിഹാരമാർഗം കാണായ്കയാൽ അവിടെ കൂടിയിരുന്നവർ പിതാവിന്റെ അഭിപ്രായത്തോട് യോജിച്ചു.

കെ.സി.സി.എൻ.എ.യുടെയും വൈദികരുടെയും ഈരണ്ടു പ്രതിനിധികൾ മൂലക്കാട്ടു പിതാവിനോടൊപ്പം അങ്ങാടിയാത്തു പിതാവിനെ കണ്ട് ഇക്കാര്യം അവതരിപ്പിക്കുവാൻ തീരുമാനിച്ചു. പിന്നീട് കെ.സി.സി.എൻ.എ. ഭാരവാഹികൾ ആ മീറ്റിങ്ങിൽനിന്നു വിട്ടു നിന്നു. ഷിക്കാഗോ ക്നാനായ കാത്തലിക് മിഷൻ ഡയറക്ടർ ഫാ. ഫിലിപ്പ് തൊട്ടുകയിലും വികാരി ജനറാൾ ഫാ. ഏബ്രഹാം മുത്തോലത്തും മൂലക്കാട്ടു പിതാവിനോടൊപ്പം അങ്ങാടിയാത്തു പിതാവിനെ കാണുവാൻ രൂപതാകേന്ദ്രത്തിലെത്തി. അവിടെ അപ്പോൾ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവും ഉണ്ടായിരുന്നു. അതിനാൽ വിതയത്തിൽ പിതാവിന്റെ അധ്യക്ഷതയിലാണ് ചർച്ച നടന്നത്. മൂലക്കാട്ട് പിതാവ് വിഷയം അവതരിപ്പിച്ചപ്പോൾ അതിനോട് വർക്കി പിതാവ് പൂർണമായി യോജിച്ചു. അങ്ങാടിയത്തു പിതാവ് അപ്പോൾ തീരുമാനം പറഞ്ഞില്ല.

അന്തിമതീരുമാനം അങ്ങാടിയാത്തു പിതാവു പറഞ്ഞില്ലെങ്കിലും പിന്നീട് അങ്ങാടിയാത്തു പിതാവും ക്നാനായ മിഷനുകളിലെ വൈദികരുമായി ഇക്കാര്യം വീണ്ടും ചർച്ചചെയ്യാമെന്നു തീരുമാനിച്ചു. ആ സമ്മേളനത്തിൽ വർക്കിപ്പിതാവ് "മൂലക്കാട്ടു ഫോർമുല"യെന്നു വിശേഷിപ്പിച്ച ക്നാനായ പ്രശ്നപരിഹാരം വൈദികരുമായുണ്ടാകുന്ന സമ്മേളനത്തിൽ അന്തിമമാക്കാമെന്ന പൊതുധാരണയിലാണു പിരിഞ്ഞത്.

അമേരിക്കയിലെ ക്നാനായ വൈദികരും അങ്ങാടിയാത്തു പിതാവുമായുള്ള കൂടിക്കാഴ്ചയ്ക്കു മുൻപായി വികാരി ജനറാൾ ഫാ. ഏബ്രഹാം മുത്തോലത്ത് മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിനെ ഫോണിൽ വിളിച്ച് മൂലക്കാട്ടുപിതാവു നിർദ്ദേശിച്ച പ്രശ്നപരിഹാരം കുന്നശ്ശേരി പിതാവിനു സ്വീകാര്യമാണോ എന്നു തിരക്കി. അപ്പോൾ രണ്ടുദിവസം കഴിഞ്ഞ് വിവരം അറിയിക്കാമെന്നു കുന്നശ്ശേരി പിതാവു മറുപടി നല്കി.

പിന്നീട് കുന്നശ്ശേരി പിതാവ് അറിയിച്ചു: "ഞാൻ അങ്ങാടിയാത്തു പിതാവുമായി മൂലക്കാട്ടു പിതാവ് അഭിപ്രായപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്തിട്ടുണ്ട്. അതിൽ ഞങ്ങൾ ധാരണയായി. മൂലക്കാട്ടു പിതാവു പറഞ്ഞതിനോട് അങ്ങാടിയാത്തു പിതാവു സമ്മതിച്ചിട്ടുണ്ട്. നിങ്ങൾ പിതാവിനെ പോയി കണ്ട് ക്നാനായ മിഷനുകൾ സീറോമലബാർ രൂപതയുടെ ഭാഗമായി പുനഃസ്ഥാപിക്കുന്ന കാര്യം മാത്രം സംസാരിച്ചാൽ മതി."

അതിൻപ്രകാരം ക്നാനായ വൈദികരെല്ലാവരും അങ്ങാടിയാത്തു പിതാവിനെ കാണുകയും പിതാവ് എല്ലാവരോടും തന്റെ രൂപതയിൽ സേവനം ചെയ്യുന്നതിനു സമ്മതം എഴുതി കൊടുക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. അതിനുശേഷം നിലവിലുണ്ടായിരുന്ന എല്ലാ ക്നാനായ മിഷനുകളും സീറോമലബാർ രൂപതയുടെ കീഴിൽ 2003 ഒക്ടോബർ 29ന് പിതാവു പുനഃസ്ഥാപിച്ചു കല്പന ഇറക്കുകയും വൈദികർക്ക് നിയമന ഉത്തരവു പുതുക്കി നല്കുകയും ചെയ്തു.

അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവ് ഇപ്രകാരം പ്രശ്നപരിഹാരത്തിനു മുൻകൈ എടുത്തില്ലായിരുന്നെങ്കിൽ അമേരിക്കയിലെ ക്നാനായ സമുദായം സഭാപരമായി ലത്തീൻ പള്ളികളിലും സീറോമലബാർ പള്ളികളിലുമായി ചിതറിപോയേനെ. "മൂലക്കാട്ട് പിതാവിന്റെ ഫോർമുലാ"യോട് മാർ വർക്കി വിതയത്തിൽ പിതാവും കുന്നശ്ശേരി പിതാവും അങ്ങാടിയാത്ത് പിതാവും യോജിച്ചത് ദൈവപരിപാലനകൊണ്ടാണ്. എന്നാൽ കാനാ സംഘടനക്കാർ റോമിന്റെ നിർദ്ദേശത്തിനപ്പുറം തങ്ങളുടെ ക്നാനായേതര ജീവിത പങ്കാളികൾക്കും മക്കൾക്കും അംഗത്വം വേണമെന്നു ശഠിക്കുന്നതിനാലും, പള്ളിയോടു സഹകരിക്കുന്ന ഭൂരിപക്ഷം അനുരഞ്ജന ഫോർമുലാ ഉൾക്കൊള്ളാൻ പറ്റിയ മാനസികാവസ്ഥയിലാകാത്തിനാലും, പ്രായോഗികമായി ഇപ്പോഴും കോട്ടയം അതിരൂപതയിലേതുപോലാണ് അമേരിക്കയിലെ ക്നാനായ മിഷനുകളും പള്ളികളും പ്രവർത്തിക്കുന്നത്.

## സീറോമലബാറിനു കീഴിൽ അമേരിക്കയിലെ ക്നാനായവളർച്ച

### സെമിനാറുകളിലൂടെ സംശയനിവാരണം

മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവിനോടുണ്ടായിരുന്ന എതിർപ്പുമൂലം സാമൂഹ്യമാധ്യമങ്ങളിലൂടെ വളരെയേറെ തെറ്റിദ്ധാരണകൾ പ്രചരിച്ചു. അതിനാൽ പുതിയ ക്നാനായ മിഷനുകൾ തുടങ്ങുവാൻ പല സ്ഥലങ്ങളിലും ആളുകൾ വിമുഖരായി. അവർക്ക് സംശയങ്ങൾ പലതുണ്ടായിരുന്നു: ലത്തീൻ രൂപതകളുടെ കീഴിൽ തുടരാൻ പാടില്ലേ? അവർക്കു ധാരാളം പള്ളികളുള്ളതിനാൽ വേറെ പള്ളിയ്ക്കു പണം മുടക്കണ്ടല്ലോ. ക്നാനായ മിഷനുകളിൽ സമുദായം മാറി വിവാഹിതരായവർക്ക് അംഗത്വമുണ്ടാകുമോ? വൈദികരെ കൊണ്ടുവന്നാൽ പണച്ചെലവു വർദ്ധിക്കില്ലേ? പള്ളി വാങ്ങിയാൽ ചെലവ് അതിലും കൂടില്ലേ? പള്ളി ആരുടെ ഉടമസ്ഥതയിൽ വാങ്ങും? സീറോമലബാർ രൂപത നമ്മുടെ വസ്തുവകകൾ പിടിച്ചെടുക്കുമോ? അവർക്ക് എന്തുമാത്രം പണം നമ്മൾ കൊടുക്കേണ്ടി വരും? ഇങ്ങനെ ഒട്ടനവധി സംശയങ്ങൾ നമ്മുടെ ആളുകൾ ഉന്നയിച്ചു. അതിനാൽ പല സ്ഥലങ്ങളിലും സംശയനിവാരണത്തിന് വികാരി ജനറാൾ ഫാ. ഏബ്രഹാം മുത്തോലത്ത് ബോധവൽക്കരണ സെമിനാറുകൾ നടത്തി.

### സംഘടനകളുടെയും പിതാക്കന്മാരുടെയും സഹകരണം

മിഷനുകൾ ഇല്ലാതിരുന്ന സ്ഥലങ്ങളിൽ അവ സംഘടിപ്പിക്കുവാൻ പ്രാദേശിക ക്നാനായ കത്തോലിക്കാ സംഘടനകളുടെ ഭാരവാഹികൾ സഹകരിച്ചു. അവർ സംഘടിപ്പിച്ച അസ്സോസിയേഷൻ യോഗങ്ങളിൽ വികാരി ജനറാൾ നയിച്ച സെമിനാറുകൾക്കും ചോദ്യോത്തരവേളകൾക്കും ശേഷം മിഷനുകൾ ആരംഭിക്കുവാൻ മിക്കസ്ഥലങ്ങളിലും ആളുകൾ തയ്യാറായി. അവരോട് ഒപ്പിട്ടു വാങ്ങിയ അപേക്ഷകൾ അങ്ങാടിയാത്ത് പിതാവിനു സമർപ്പിച്ചു. പിതാവ് സന്മനസ്സോടെ ക്നാനായ മിഷനുകൾ സ്ഥാപിച്ചുതന്നു.

പുതിയ മിഷനുകളിലേക്ക് വൈദികരുടെ സേവനം ആവശ്യമായി വന്നപ്പോൾ അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവും മാർ മാത്യു മൂലക്കാട്ട് പിതാവും വേണ്ടത്ര വൈദികരെ കോട്ടയത്തുനിന്ന് അയച്ചുതന്നു. അവരെ മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവ് നിയമിച്ചു. മാർ മൂലക്കാട്ട് പിതാവും മാർ ജോസഫ് പണ്ടാരശ്ശേരി പിതാവും കൂടെക്കൂടെ ക്നാനായ മിഷനുകളും ഇടവകകളും സന്ദർശിച്ച് സഭാപരമായി സഹകരിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും വിയോജിച്ചവർക്ക് സംശയ നിവാരണം വരുത്തുകയും ചെയ്തു.

### ക്നാനായക്കാരെല്ലാം ക്നാനായ വികാരി ജനറാളിന്റെ കീഴിൽ

ഷിക്കാഗോ സീറോമലബാർ രൂപതയിൽ മിഷനുകളും ഇടവകകളും വർദ്ധിച്ചപ്പോൾ പ്രാദേശികാടിസ്ഥാനത്തിൽ രൂപതയെ ആറു റീജിയണുകളായി തിരിക്കുവാൻ രൂപതാദ്ധ്യക്ഷൻ തീരുമാനിച്ചു. എന്നാൽ ക്നാനായക്കാരെ മുഴുവൻ വേറിട്ട ഏഴാമതു റീജിയണായി തിരിക്കണമെന്ന് ക്നാനായ വികാരി ജനറാൾ ഫാ. ഏബ്രഹാം മുത്തോലത്ത് അഭ്യർത്ഥിച്ചു. ആദ്യം നിരസിച്ചെങ്കിലും പിന്നീട് അതിന് മാർ അങ്ങാടിയാത്ത് പിതാവ് അംഗീകാരം നല്കി.

ക്നാനായ റീജിയൺ സ്ഥാപിക്കുന്നതു യാഥാർത്ഥ്യമാക്കാൻ അന്നത്തെ കെ.സി.സി.എൻ.എ. പ്രസിഡണ്ട് ജോയി വാച്ചാച്ചിറയും നിർണായക പങ്കു വഹിച്ചു. ക്നാനായ റീജിയന്റെ ഉൽഘാടനം ഷിക്കാഗോ ഓ.എൽ.വി. പള്ളിയിൽ വെച്ച് 2006 ഏപ്രിൽ 30ന് മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവു നിർവ്വഹിച്ചു. വികാരി ജനറാൾ ഫാ. ഏബ്രഹാം

മുത്തോലത്തിനെ പ്രഥമ റീജിയൺ ഡയറക്ടറായി നിയമിച്ചു. നമ്മുടെ അഭ്യർത്ഥനപ്രകാരം ക്നാനായ മിഷനുകളും ഇടവകകളും ഇല്ലാത്ത സ്ഥലങ്ങളിലെ ക്നാനായ കത്തോലിക്കരുടെ അജപാലന ഉത്തരവാദിത്വവും ക്നാനായ റീജിയൺ ഡയറക്ടർക്ക് നല്കി. അങ്ങനെ രൂപതയിൽ ക്നാനായ വികാരി ജനറാളിന് പേഴ്സണൽ ജൂറിസ്ഡിക്ഷൻ അനുവദിച്ചുകിട്ടി. അല്ലെങ്കിൽ ക്നാനായ പള്ളികളില്ലാത്ത സ്ഥലങ്ങളിലെ ക്നാനായക്കാർ അതാതു സ്ഥലത്തെ സീറോമലബാർ ഇടവകാംഗത്വം എടുക്കേണ്ടി വന്നേനെ. അവർക്ക് ക്നാനായ വികാരി ജനറാളാണ് ഇപ്പോൾ അജപാലകാര്യങ്ങൾ ക്രമീകരിച്ചു നല്കുന്നത്.

**പ്രഥമ പ്രവാസി ക്നാനായ ദൈവാലയം**

പുതിയ മിഷനുകൾ സ്ഥാപിക്കുന്നതോടൊപ്പം പള്ളികൾ വാങ്ങിച്ച് ക്നാനായ മിഷനുകൾ ഇടവകകൾ ആയി വളരുക എന്നതായി റീജിയന്റെ അടുത്ത ലക്ഷ്യം. പുതിയ മിഷനുകൾ സ്ഥാപിക്കുന്നതിനും പള്ളികൾ വാങ്ങുന്നതിനും അനവധി ആളുകൾ അമേരിക്കയിൽ എതിർപ്പു പ്രകടിപ്പിച്ചിരുന്നു. എന്നാൽ, മിഷനുകൾ സജീവമാകുകയും അവയുടെ ഫലം മനസ്സിലാക്കുകയും ചെയ്ത ബഹുഭൂരിപക്ഷംപേരും സ്വന്തമായി ക്നാനായ മിഷനും ഇടവക ദൈവാലയങ്ങളും ഉണ്ടാകുവാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹകരിക്കുകയും ചെയ്തു.

ഷിക്കാഗോ അതിരൂപതയോടു നാം വാങ്ങിയ ദൈവാലയം കറുമ്പരുടെ പ്രദേശമാണെന്നു വാദിച്ച് കുറേപ്പേർ ശക്തമായ എതിർപ്പു പ്രകടിപ്പിച്ചെങ്കിലും മറ്റനവധിപേർ അതു വാങ്ങണമെന്നു ശഠിച്ചു. അന്നത്തെ കെ.സി.എസ്. പ്രസിഡന്റ് മാത്യു നെടുമാക്കലും കെ.സി.സി.എൻ.എ. പ്രസിഡന്റ് ജോയി വാച്ചാച്ചിറയും പള്ളി വാങ്ങുന്നതിന് സംഘടനാതലത്തിൽ പിന്തുണ നല്കി. അങ്ങനെ പ്രവാസി സമൂഹത്തിന്റെ പ്രഥമ ക്നാനായ കത്തോലികാ ദൈവാലയം 2006 സെപ്തംബർ 3ന് ഷിക്കാഗോയിൽ സ്ഥാപിതമായി. അങ്ങാടിയാത്തു പിതാവ് 2006 സെപ്തംബർ 24ന് ഷിക്കാഗോ ക്നാനായ മിഷനെ ഇടവകയായി പ്രഖ്യാപിക്കുകയും പള്ളിവാങ്ങുന്നതിനു നേതൃത്വം നല്കിയ ഫാ. ഏബ്രഹം മുത്തോലത്തിനെ വികാരിയായി നിയമിക്കുകയും ചെയ്തു. ആ ഇടവക സജീവമാക്കിക്കൊണ്ട് ഇടവകാംഗങ്ങൾ മറ്റു പ്രദേശങ്ങളിലുള്ളവർക്ക് പള്ളികൾ വാങ്ങാൻ പ്രചോദനവും സാമ്പത്തിക സഹായവും നല്കി.

**ക്നാനായ സെമിത്തേരി**

ഷിക്കാഗോയിലെ വിശാലമായ സെമിത്തേരികളിൽ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ പല സ്ഥലങ്ങളിലാണു നമ്മുടെ മൃതരെ സംസ്കരിച്ചിരുന്നത്. കേരളിത്തിലേതുപോലെ ഇടവക സെമിത്തേരികൾ അമേരിക്കയിൽ മുമ്പുണ്ടായിരുന്നെങ്കിലും ഇപ്പോൾ അവ രൂപതകൾ പൊതുവാക്കി പല ഭാഗങ്ങളിൽ സ്ഥാപിച്ചു. എങ്കിലും നമുക്ക് ഇടവക സെമിത്തേരി വേണമെന്ന അപേക്ഷ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവുവഴി ഷിക്കാഗോ അതിരൂപതാദ്ധ്യക്ഷൻ കർദ്ദിനാൾ ഫ്രാൻസ്സീസ് ജോർജിനു സമർപ്പിച്ചു. അതിരൂപതയുടെ സെമിത്തേരികളിൽ നമ്മുടെ രണ്ടു പള്ളികൾക്കും വെവ്വേറെ പ്രദേശങ്ങൾ ക്നാനായ സെമിത്തേരികളാക്കി വേർതിരിച്ചു തന്നു. പ്രവാസി ക്നാനായക്കാരുടെ ആദ്യ സെമിത്തേരി, പള്ളി വാങ്ങി 10 മാസം കഴിഞ്ഞപ്പോൾ, 2007 ജൂലൈ 1ന് ലഭ്യമായി. പിന്നീട് ഷിക്കാഗോ സെന്റ് മേരീസ്, റ്റാമ്പാ, മയാമി, ഡാലസ്, ഹ്യൂസ്റ്റൺ, റോക്ലാന്റ് എന്നീ സ്ഥലങ്ങളിലെ ക്നാനായ ഇടവകകളും സ്വന്തം സെമിത്തേരികൾ സ്ഥാപിച്ചു.

**തുടരെത്തുടരെ പള്ളികൾ വാങ്ങുന്നു**

അമേരിക്കയിലെ രണ്ടാമത്തെ ക്നാനായ കത്തോലിക്കാ ദൈവാലയം അറ്റ്ലാന്റായിൽ 2009 ഏപ്രിൽ നാലിനു കൂദാശചെയ്തു. പള്ളി വാങ്ങുന്നതിനു നേതൃത്വം നല്കിയ ഫാ. സ്റ്റാനി ഇടാത്തിപ്പറമ്പിലിനെ പ്രഥമ വികാരിയായി അന്ന് രൂപതാദ്ധ്യക്ഷൻ നിയമിച്ചു. തുടർന്ന് പല മിഷനുകളും ഇടവകകളാകുവാൻ പള്ളികൾ വാങ്ങുന്നതിന് വൈദികരുടെ നേതൃത്വത്തിൽ ഉത്സാഹിച്ചു. 2010 ജൂലൈ 17 മുതൽ ആഗസ്റ്റ് 1 വരെ ആറു പള്ളികൾ അമേരിക്കയിലെ ഡിട്രോയിറ്റ് (ജൂലൈ 17), ഷിക്കാഗോ മോർട്ടൻ ഗ്രോവ് (18), സാൻ അന്തോണിയോ (21), ഡാലസ് (26), ലോസ് ആഞ്ചലസ് (31), റ്റാമ്പാ (ആഗസ്റ്റ് 1) എന്നീ നഗരങ്ങളിലായി കൂദാശചെയ്തു. മാർ മാത്യു മൂലക്കാട്ടു പിതാവും മാർ ജേക്കബ് അങ്ങാടിയാത്തു പിതാവും മാർ ജോസ് പണ്ടാരശ്ശേരി പിതാവും ചേർന്നാണ് അവ നിർവ്വഹിച്ചത്.

മേല്പറഞ്ഞ പള്ളികൾ വാങ്ങുന്നതിനു നേതൃത്വം നല്കിയ വൈദികരെ അതാതു പള്ളികളിൽ പ്രഥമ വികാരിമാരായി

മാർ ജേക്കബ് അങ്ങാടിയാത്തുപിതാവു നിയമിച്ചു. ഡിട്രോയിറ്റിൽ ഫാ. മാത്യു മേലേടത്ത്, ഷിക്കാഗോ മോർട്ടൻ ഗ്രോവിൽ ഫാ. ഏബ്രഹാം മുത്തോലത്ത്, സാൻ അന്തോണിയോയിൽ ഫാ. ജെയിംസ് ചെരുവിൽ, ഡാലസിൽ ഫാ. ജോസ് ശൗരിയാമാക്കീൽ, ലോസ് ആഞ്ചലസിൽ ഫാ. തോമസ് മുളവനാൽ, റ്റാമ്പായിൽ ഫാ. ബിൻസ് ചേത്തലിൽ എന്നിവരായിരുന്നു പ്രഥമ വികാരിമാർ.

**സന്യാസിനി ഭവനങ്ങൾ**

ഷിക്കാഗോയിലെ വിസിറ്റേഷൻ മഠം 2010 ജൂലൈ 18നും, 2000ൽ സ്ഥാപിതമായ ലോസ് ആഞ്ചലസിലെ വിസിറ്റേഷൻ മഠത്തിന്റെ പുതിയ ഭവനം 2010 ജൂലൈ 31നും അഭിവന്ദ്യ മൂന്നു പിതാക്കന്മാരും ചേർന്ന് ആശീർവദിച്ചു.

ക്നാനായക്കാർക്കുവേണ്ടി വീണ്ടും ദൈവാലയങ്ങൾ വാങ്ങിക്കൊണ്ടിരുന്നു. ഹ്യൂസ്റ്റണിൽ 2011 നവംബർ 5നും സാൻ ഹൊസേയിൽ 2012 മാർച്ച് 24നും ന്യൂയോർക്കിൽ 2012 നവംബർ 24നും ദൈവാലയങ്ങൾ കൂദാശ ചെയ്തു. ഈ പള്ളികൾ വാങ്ങുന്നതിനു നേതൃത്വം നല്കിയ ഫാ. ജോസ് ഇല്ലിക്കുന്നുമ്പുറത്ത്, ഫാ. സ്റ്റാനി ഇടത്തിപ്പറമ്പിൽ, ഫാ. ജോസ് തറയ്ക്കൽ എന്നിവരെ യഥാക്രമം ഹ്യൂസ്റ്റൺ, സാൻ ഹൊസേ, ന്യൂ യോർക്ക് എന്നീ ഇടവകകളുടെ പ്രഥമ വികാരിമാരായി മാർ ജേക്കബ് അങ്ങാടിയാത്തു നിയമിച്ചു.

**ഫാ. തോമസ് മുളവനാൽ വികാരി ജനറാൾ**

ഫാ. തോമസ് മുളവനാലിനെ 2014 ഫെബ്രുവരി 8 മുതൽ വികാരി ജനറാളും ക്നാനായ റീജിയൺ ഡയറക്റ്ററുമായി മാർ ജേക്കബ് അങ്ങാടിയത്തു പിതാവു നിയമിച്ചു. അദ്ദേഹത്തിന്റെ ശ്രമഫലമായി ക്നാനായ റീജിയൺ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

മയാമിയിൽ വാങ്ങിയ പള്ളി 2015 മെയ് 31നു കൂദാശചെയ്തു, പള്ളി വാങ്ങുവാൻ നേതൃത്വം നല്കിയ ഫാ. ജോസ് ആദോപ്പള്ളിയെ മാർ ജേക്കബ് അങ്ങാടിയാത്ത് പ്രഥമ വികാരിയായി നിയമിച്ചു. ഫാ. ജോസ് ആദോപ്പള്ളിയുടെതന്നെ നേതൃത്വത്തിൽ ന്യൂ യോർക്കിലെ റോക്ക്ലാൻഡിൽ മറ്റൊരു ദൈവാലയം വാങ്ങി. അദ്ദേഹത്തെ അവിടുത്തെ പ്രഥമ വികാരിയായി നിയമിച്ചുകൊണ്ട് 2017 സെപ്റ്റംബർ 23ന് പള്ളിക്കൂദാശ നടന്നു. ന്യൂ ജേഴ്സിയിലെ കാറ്ററെറ്റിൽ 2018 സെപ്റ്റംബർ 15നു ക്നാനായ ദൈവാലയം കൂദാശചെയ്തു അതു വാങ്ങുവാൻ നേതൃത്വം നല്കിയ ഫാ. റെന്നി കട്ടേലിനെ അങ്ങാടിയാത്തു പിതാവ് വികാരിയായി നിയമിച്ചു. 2018 ജൂൺ 24ന് ഒർലാണ്ടോയിൽ ആരംഭിച്ച മിഷൻ പള്ളിയ്ക്കുവേണ്ടി സ്ഥലം വാങ്ങിയിട്ടുണ്ട്.

റ്റാമ്പായിലെ വിസിറ്റേഷൻ കോൺവെന്റ് 2016 നവംബാർ 10നും ഹ്യൂസ്റ്റണിലെ സെന്റ് ജോസഫ്സ് കോൺവെന്റ് 2017 ഒക്ടോബർ 8നും വെഞ്ചരിച്ചു.

ഇപ്പോൾ അമേരിക്കയിൽ 14 ക്നാനായ കത്തോലിക്കാ ദൈവാലയങ്ങളും എട്ടു മിഷനുകളും ഉൾപ്പെടെ 22 സഭാഘടകങ്ങളുണ്ട്. അവയെ അഞ്ചു ഫൊറോനാകളായി വികാരി ജനറാൾ ഫാ. തോമസ് മുളവനാലിന്റെ അഭ്യർത്ഥനപ്രകാരം അങ്ങാടിയാത്തു പിതാവു വേർതിരിച്ചു നല്കി. ഷിക്കാഗോ സേക്രഡ് ഹാർട്ട്, ഹ്യൂസ്റ്റൺ, റ്റാമ്പാ, ന്യൂ യോർക്ക്, സാൻ ഹൊസേ എന്നിവയാണ് 2015 ഫെബ്രുവരി 28നു മാർ ജേക്കബ് അങ്ങാടിയാത്ത് ഫൊറോനാകളാക്കി ഉയർത്തിയ പള്ളികൾ.

ഇപ്പോൾ അമേരിക്കയിലെ ക്നാനായക്കാരുടെ പള്ളികളിൽ 7 ക്നാനായ സെമിത്തേരികൾ, 11 വൈദികവസതികൾ, 4 കോൺവെന്റുകൾ (ലോസ് ആഞ്ചലസ്, ഷിക്കാഗോ, റ്റാമ്പാ, ഹ്യൂസ്റ്റൺ) എന്നിവയുണ്ട്.

**ക്നാനായ ഇടവകകൾ കൊണ്ടുണ്ടായ പ്രയോജനങ്ങൾ**

കമ്മ്യൂണിറ്റിയുടെ യൂണിറ്റി ഇരിക്കുന്നത് കൂടെക്കൂടെയുള്ള ഒന്നിച്ചു ചേരലിലും ചേരിതിരിവില്ലാതെ സ്വരുമയോടെയുള്ള പ്രവർത്തനങ്ങളിലുമാണല്ലോ. ക്നാനായ ഇടവകകൾ അതിന് ഏറെ പര്യാപ്തമാണ്. പള്ളിയിൽ അനുദിനം കുറേപേരും

ഞായറാഴ്ചകളിൽ എല്ലാവരും ഒന്നിച്ചുകൂടി ദിവ്യബലിയിൽ പങ്കുചേരുന്നതും സൗഹൃദം പങ്കുവെയ്ക്കുന്നതും സമുദായത്തിന്റെ കൂട്ടായ്മയെ വർദ്ധിപ്പിക്കുന്നു.

നമ്മുടെ അസ്സോസിയേഷനുകളിൽ നടക്കാറുള്ള പാനൽ തെരഞ്ഞെടുപ്പുകൾ ചിലപ്പോഴെങ്കിലും സമുദായത്തെ ഭിന്നിപ്പിക്കുമ്പോൾ പള്ളികളിൽ പരസ്പരധാരണയോടെ ആളുകൾ മുമ്പോട്ടുവന്ന് സന്നദ്ധശുശ്രൂഷകരാകുന്നു. ജനങ്ങളുടെ അംഗീകാരത്തെയും മാധ്യമവാർത്തകളേയുംകാൾ അവർ കാംക്ഷിക്കുന്നതു ദൈവികപ്രതിഫലമാണ്. അതിനാൽ സമുദായത്തിൽ ഐക്യം നിലനിർത്താനും വളർത്താനും ഇടവകകൾ സഹായിക്കുന്നു.

ആഗോള കത്തോലിക്കാ സഭയിലെ അംഗങ്ങൾ എന്ന നിലയിൽ നമുക്കുള്ള വലിയ ദൈവകൃപയാണ്, ചുരുക്കം ചില രാജ്യങ്ങൾ ഒഴികെ, എവിടെ ചെന്നാലും ലത്തീൻ കത്തോലിക്കാ പള്ളികൾ ഉണ്ടെന്നുള്ളത്. എന്നാൽ ഒരേ നഗരത്തിലുള്ള നമ്മുടെ ആളുകൾ വസിക്കുന്നത് പല ലത്തീൻ പള്ളികളുടെ അതിർത്തിക്കുള്ളിലാണ്. അങ്ങനെ വരുമ്പോൾ ലത്തീൻ പള്ളികളിൽ ചേർന്നാൽ നമ്മുടെ ജനം ഒരേ പ്രദേശത്ത് പല ഇടവകക്കാരാകും. നമ്മുടെ സ്വന്തം ഇടവകകൾ ഉണ്ടായപ്പോഴാണ് അവരെല്ലാവരെയും ഒരേ പള്ളിയിൽ കൊണ്ടുവരുവാൻ സാധിച്ചത്. അത് സമുദായ ഐക്യത്തിന് അനിവാര്യമാണെന്നുമാത്രമല്ല നമ്മുടെ രീതിയിലുള്ള തിരുക്കർമ്മങ്ങൾ നടത്തുവാനും അത്യാവശ്യമാണ്.

ക്നാനായ കുട്ടികൾക്കൊരുമിച്ച് മതബോധന പരിശീലനവും സമുദായ ബോധവൽക്കരണ ക്ലാസ്സുകളും കൊടുക്കുവാൻ ക്നാനായ ഇടവക ആവശ്യമാണ്. അതോടൊപ്പം, നാട്ടിലെ ഇടവകകളിലേതുപോലെ, അവർ ഒന്നുചേർന്ന് പള്ളിപരിസരത്ത് ഉല്ലസിക്കുകയും സാമൂഹ്യമായി പരസ്പരം ബന്ധപ്പെട്ട് വളരുകയും ചെയ്യുന്നു.

നമ്മുടെ യുവജനങ്ങൾ മതാധ്യാപകരെന്ന നിലയിലും യൂത്ത് മിനിസ്ട്രി പ്രവർത്തകരായും പരസ്പരം ഇടപഴകി ഇടവകയുടെയും സമുദായത്തിന്റെയും സജീവ പ്രവർത്തകരായി മാറുവാൻ ഇടവരുന്നു. ക്നാനായ ഇടവകകൾ സ്ഥാപിതമായ ശേഷം യുവജനങ്ങളിൽ കത്തോലിക്കാ വിശ്വാസവും സമുദായ കൂട്ടായ്മയും വർദ്ധിക്കുന്നതിനാൽ സമുദായത്തിൽനിന്നു തന്നെയുള്ള വിവാഹങ്ങൾ വർധിച്ചുവരുന്നുണ്ട്.

സെന്റ് വിൻസെൻറ് ഡി പോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി, മിഷൻലീഗ്, പ്രാർത്ഥനാ ഗ്രൂപ്പ് എന്നിവ കൂടാതെ കൊച്ചു കുട്ടികൾ മുതൽ പ്രായമായവർക്കുവരെ വിവിധ മിനിസ്ട്രികൾ ഇടവക സംവിധാനം വന്നപ്പോൾ സ്ഥാപിച്ച് സജീവമാക്കി. വാർഡ് അടിസ്ഥാനത്തിലുള്ള കൂടാരയോഗങ്ങളും ഇടവകയ്ക്കു കീഴിൽ പ്രവർത്തിക്കുന്നു.

പ്രായമായവർക്കും പുതിയ കുടിയേറ്റക്കാർക്കും ക്നാനായ ഇടവകകൾ വലിയ ആശ്വാസമാണ്. മാമ്മോദീസാ, വിവാഹം, മരിച്ചടക്ക്, ഒപ്പീസ്, മന്ത്രാ, ക്രിസ്തുമസ്, വിഭൂതി, ധ്യാനം, വിശുദ്ധവാരം, നാട്ടിലെ രീതിയിലുള്ള തിരുനാളാഘോഷങ്ങൾ എന്നിവയെല്ലാം സൗകര്യപ്രദമായി നടപ്പിലാക്കാൻ ക്നാനായ പള്ളികളിലേ സാധിക്കൂ. ക്നാനായക്കാരെ അടുപ്പിച്ചു സംസ്കരിക്കത്തക്കവിധം ക്നാനായ സെമിത്തേരികൾ സ്ഥാപിക്കുവാനും ക്നാനായ സിസ്റ്റേഴ്സിന്റെ സേവനം ലഭ്യമാക്കുവാനും ക്നാനായ ഇടവകകൾ സ്ഥാപിച്ചതുകൊണ്ടാണ് സാധിക്കുന്നത്.

## സീറോമലബാർ രൂപതകൊണ്ടുണ്ടായ പ്രയോജനങ്ങൾ

അമേരിക്കയിൽ സീറോമലബാർ രൂപത ഉണ്ടായതുകൊണ്ട് ക്നാനായ കത്തോലിക്കർക്ക് പല പ്രയോജനങ്ങളുണ്ടായി. ഈ രൂപത സ്ഥാപിതമാകുന്നതിനു മുൻപ് ക്നാനായ മിഷനുകളും ഇടവകകളും സ്ഥാപിക്കേണ്ടിയിരുന്നത് ലത്തീൻ മെത്രാന്മാരാണ്. ക്നാനായ സമുദായത്തിന്റെ പാരമ്പര്യങ്ങളെ മനസ്സിലാക്കുവാനും അംഗീകരിക്കുവാനും അവർക്ക് ബുദ്ധിമുട്ടുണ്ടായിരുന്നു. അതിനാൽ സമുദായ താല്പര്യത്തെ ഹനിക്കുന്ന പരാതിക്കാർക്കനുകൂലമായി അവർ തീരുമാനമെടുത്തിരുന്നു.

ഷിക്കാഗോ പോലുള്ള പ്രദേശങ്ങളിലെ ക്നാനായക്കാർ പല ലത്തീൻ രൂപതകളുടെ പരിധിയിലും പല സംസ്ഥാനങ്ങളിലുമാണു താമസിക്കുന്നത്. എന്നാൽ സീറോമലബാർ രൂപത മിഷനുകൾ സ്ഥാപിച്ചപ്പോൾ പല ലത്തീൻ രൂപതാതിർത്തിയിലും സംസ്ഥാനങ്ങളിലുമുള്ളവർ ഒരു ഇടവകക്കാരായി.

അമേരിക്കയിലെ എല്ലാ ക്നാനായ മിഷനുകളെയും ഇടവകകളെയും ദേശീയതലത്തിൽ ഒരു രൂപതയുടെ കീഴിൽ കൊണ്ടുവരാൻ സാധിച്ചത് അവയുടെ ഏകതയും ക്രോഡീകരണവും സുസാധ്യമാക്കി. ദേശീയതലത്തിൽ എല്ലാ ക്നാനായക്കാരെയും, ഇടവകകളെയും അവയുടെ പ്രസ്ഥാനങ്ങളെയും വികാരി ജനറാളിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുവാൻ സാധിക്കുന്നത് വലിയ നേട്ടമാണ്. ഇടവകകളെയും മിഷനുകളെയും അഞ്ചു ഫൊറോനാകളായി തിരിച്ചു പ്രവർത്തിക്കാൻ കഴിയുന്നതും സീറോമലബാർ സഭാ സംവിധാനം ഉണ്ടായതിനാലാണ്. ഭാവിയിലും സഭാപരമായ നമ്മുടെ വളർച്ചയ്ക്ക് ഒരേ രൂപതയുടെ കീഴിലുള്ള ദേശീയ പ്രാദേശിക സംവിധാനങ്ങൾ സഹായകമാണ്.

**കാനഡാ**

മാർ ജേക്കബ് അങ്ങാടിയാത്തു പിതാവ് 2001 മുതൽ കാനഡായിലെ സീറോമലബാർ വിശ്വാസികളുടെ അപ്പസ്തോലിക് വിസിറ്റേറ്റർകൂടിയായിരുന്നതിനാൽ കാനഡായിലെ ക്നാനായാക്കാരെയും ഷിക്കാഗോ സീറോമലബാർ രൂപതയിലെ ക്നാനായ റീജിയന്റെ ഭാഗമായാണ് കണക്കാക്കിയിരുന്നത്. കാനഡായിൽ ടൊറൊന്റോയിലാണ് ക്നാനായക്കാർ കൂടുതൽ താമസിക്കുന്നത്. അവിടെ ക്നാനായ മിഷൻ ആരംഭിക്കാൻ ശ്രമിച്ചിരുന്നെങ്കിലും ക്നാനായ അസ്സോസിയേഷന്റെ വിയോജിപ്പുമൂലം അത് ദുഷ്കരമായിരുന്നു.

ഡിട്രോയിറ്റ് ക്നാനായ കാത്തലിക് ഇടവക വികാരിയായിരുന്ന ഫാ. മാത്യു മേലേടത്തിന്റെ നേതൃത്വത്തിൽ കാനഡായിലെ ടൊറൊന്റോയിൽ ക്നാനായ കത്തോലിക്കരുടെ കൂടാരയോഗം ജീസസ് യൂത്തിന്റെ സഹകരണത്തോടെ ആരംഭിച്ചു. പിന്നീട് 2014ൽ ടോറൊന്റോ ലത്തീൻ അതിരൂപത ഇവിടെ ക്നാനായ കാത്തലിക് മിഷൻ സ്ഥാപിക്കുകയും ഫാ. ജോർജ് പാറയിലിനെ പ്രഥമ ഡയറക്ടറായി നിയമിക്കുകയും ചെയ്തു

ഫ്രാൻസിസ് മാർപാപ്പാ 2015 ഓഗസ്റ്റ് ആറാം തീയതി കാനഡായിലെ സിറോമലബാർ വിശ്വാസികൾക്കുവേണ്ടി അപ്പസ്തോലിക് എക്സാർക്കേറ്റ് സ്ഥാപിച്ച് അതിന്റെ ചുമതല മാർ ജോസ് കല്ലുവേലിയിലിനു നല്കി. ഫാ. പത്രോസ് ചമ്പക്കര 2016 ജൂലൈ ഒന്നു മുതൽ ടൊറൊന്റോ ക്നാനായ മിഷൻ ഡയറക്ടറായി ചുമതലയേറ്റു. മാർ കല്ലുവേലിയിൽ 2018 ഫെബ്രുവരി 18ന് കാനഡായിലെ ക്നാനായ കത്തോലിക്കർക്കുവേണ്ടി ക്നാനായ കാത്തലിക് ഡയറക്ടറേറ്റ് ഓഫ് കാനഡാ സ്ഥാപിക്കുകയും അതിന്റെ ഡയറക്ടറായി ഫാ. പത്രോസ് ചമ്പക്കരയെ നിയമിക്കുകയും ചെയ്തു. അന്നുതന്നെ പിതാവ് ടൊറൊന്റോ ക്നാനായ മിഷനെ ഇടവകയായി ഉയർത്തി. ഫ്രാൻസിസ് മാർപാപ്പാ 2018 ഡിസംബർ 22ന് മിസ്സിസാഗാ സീറോമലബാർ രൂപത സ്ഥാപിച്ചു. രൂപതാദ്ധ്യക്ഷൻ മാർ ജോസ് കല്ലുവേലിയിൽ ഫാ. പത്രോസ് ചമ്പക്കരയെ 2019 സെപ്തംബർ 22ന് രൂപതയുടെ വികാരി ജനറാളായി നിയമിച്ചു.

ഈ രൂപതയുടെ കീഴിൽ രണ്ടു ക്നാനായ മിഷനുകളും ഒരു ഇടവകയുമുണ്ട്. പള്ളി സ്വന്തമായി ഇതുവരെ വാങ്ങിയിട്ടില്ല. രണ്ടു ക്നാനായ വൈദികരുടെ സേവനം ഇവിടെ ലഭ്യമാണ്.

**ഗ്രേറ്റ് ബ്രിട്ടൺ**

ഗ്രേറ്റ് ബ്രിട്ടണിലെ സിറോ മലബാർ വിശ്വാസികൾക്കുവേണ്ടി 2016 ജൂലൈ 28ന് ഫ്രാൻസിസ് മാർപാപ്പ പ്രെസ്റ്റൺ കേന്ദ്രമാക്കി സീറോമലബാർ രൂപത സ്ഥാപിച്ചു. മാർ ജോസഫ് സ്രാമ്പിക്കലാണ് അതിന്റെ പ്രഥമ മെത്രാൻ. അതുവരെ ക്നാനായക്കാർക്ക് ഷ്രൂസ്ബറി രൂപതയുടെ കീഴിൽ മാഞ്ചസ്റ്ററിൽ ഒരു ക്നാനായ ചാപ്ലെൻസി മാത്രമാണ് സഭാത്മകമായി ഉണ്ടായിരുന്നത്.

ഫാ. സജി മലയിൽപുത്തൻപുരയിലിനെ സ്രാമ്പിക്കൽ പിതാവ് വികാരി ജനറാളായി നിയമിച്ചു. ഇപ്പോൾ ഇവിടെ നാലു ക്നാനായ മിഷനുകൾ ഉണ്ട്. കൂടാതെ 11 മിഷൻകൂടി സ്ഥാപിക്കുവാൻ സ്രാമ്പിക്കൽ പിതാവ് അനുവാദം നല്കിയിട്ടുണ്ട്. എട്ടു ക്നാനായ വൈദികർ ഇവിടെ സേവനം ചെയ്യുന്നു.

**റോം**

റോമിലെ ക്നാനായ കത്തോലിക്കർക്കായി ഇടയ്ക്കിടെ പല പള്ളികളിൽ 1992 മുതൽ ലഭ്യമായ വൈദികരെക്കൊണ്ട്

ദിവ്യബലി അർപ്പിച്ചിരുന്നു. ക്നാനായക്കാർ കൂടുതൽ ഇവിടെ കുടിയേറിയത് 2000 മുതലാണ്. ഞായറാഴ്ചകളിൽ കുർബാനയും വാർഷിക തിരുനാളും 2007 മുതൽ നടത്തിപ്പോരുന്നു. റോമിലെ "വിയ കൊർണേലിയാ"യിലുള്ള വി. പത്താം പിയൂസ് പള്ളിയിലാണ് നമ്മുടെ തിരുക്കർമ്മങ്ങൾ നടത്തുന്നത്.

റോമിൽ ക്നാനായ മിഷൻ ഔദ്യോഗികമായില്ലെങ്കിലും ക്നാനായ കത്തോലിക്കരുടെ ചാപ്ലെയിനായി ഫാ. പ്രിൻസ് മുളകുമറ്റത്തിൽ സേവനം ചെയ്യുന്നു. ഞായറാഴ്ചകളിലെ ദിവ്യബലിക്കുശേഷം 2008 മുതൽ മതബോധന സ്കൂൾ നടത്തുന്നു. അതിൽ ഇപ്പോൾ 70 കുട്ടികൾ പഠിക്കുന്നു.

**യൂറോപ്പിലെ മറ്റ രാജ്യങ്ങൾ**

യൂറോപ്പ് കേന്ദ്രമാക്കി സീറോമലബാർ സഭയ്ക്ക് അപ്പസ്തോലിക് വിസിറ്റേറ്റർ ആയി ശുശ്രൂഷ ചെയ്യുന്നത് മാർ ജോസഫ് സ്റ്റീഫൻ ചിറപ്പണത്താണ്. അദ്ദേഹം മെത്രാനായി അഭിഷിക്തനായത് 2016 നവംബർ ഒന്നിനാണ്.

ക്നാനായ മിഷനോ വൈദിക നിയമനങ്ങളോ ആയിട്ടില്ലെങ്കിലും യൂറോപ്പിലെ ജർമ്മനി, സ്വിറ്റ്സർലൻഡ്, സ്പെയിൻ, ഐർലന്റ് തുടങ്ങിയ രാജ്യങ്ങളിൽ കോട്ടയം അതിരൂപതയിൽ നിന്നുള്ള ക്നാനായ വൈദികരും സിസ്റ്റേഴ്സും ലഭ്യമാകുന്ന അവസരങ്ങളിൽ ശുശ്രൂഷ ചെയ്യുന്നുണ്ട്.

**ഓഷ്യനാ**

ഓസ്ട്രേലിയയിലെ ആദ്യത്തെ ക്നാനായ മിഷൻ 2013 ജൂലൈ 24ന് മെൽബോൺ ലാറ്റിൻ അതിരൂപത സ്ഥാപിച്ചു.

ഓസ്ട്രേലിയായിലെ സീറോമലബാർ വിശ്വാസികൾക്കുവേണ്ടി ഫ്രാൻസീസ് മാർപാപ്പ 2013 ഡിസംബർ 23ന് മെൽബോൺ കേന്ദ്രമാക്കി സീറോമലബാർ രൂപത അനുവദിച്ചു. രൂപതാദ്ധ്യക്ഷനായി മാർപാപ്പ നിയമിച്ചത് മാർ ബോസ്കോ പുത്തൂരിനെയാണ്. ന്യൂസിലാൻഡിലെ സീറോമലബാർ വിശ്വാസികളുടെ അപ്പസ്തോലിക് വിസിറ്റേറ്ററായും അദ്ദേഹം സേവനം ചെയ്യുന്നു.

നിലവിലുണ്ടായിരുന്ന മെൽബോണിലെ ക്നാനായ കാത്തലിക് മിഷനെ മാർ ബോസ്കോ പുത്തൂർ 2015 ഒക്ടോബർ 4ന് സീറോമലബാർ രൂപതയുടെ ഭാഗമായും 2019 ഒക്ടോബർ ഒന്നിന് ഇടവകയായും സ്ഥാപിച്ചു. ഫാ. സ്റ്റീഫൻ കണ്ടാരപ്പള്ളിയിലായിരുന്നു പ്രഥമ മിഷൻ ചാപ്ലെയിൻ. തുടർന്ന് ഫാ. തോമസ് കുമ്പുക്കൽ ചാപ്ലെയിനായി. ഇപ്പോൾ ഫാ. പ്രിൻസ് തൈപുരയിടത്തിലാണ് മെൽബോൺ ക്നാനായ ഇടവക വികാരി.

മാർ ബോസ്കോ പുത്തൂർ 2020 മെയ് 31ന് കാൻബറയിൽ ക്നാനായ മിഷൻ സ്ഥാപിച്ചു. ഫാ. അഭിലാഷ് കണ്ണമ്പാടമാണ് പ്രഥമ ചാപ്ലെയിൻ. ബോസ്കോ പിതാവ് 2020 ജൂൺ 7ന് ഫാ. ഡാലിഷ് കൊച്ചേരിയിലിനെ പ്രഥമ ചാപ്ലെയിൻ ആക്കിക്കൊണ്ട് ബ്രിസ്ബേൻ ക്നാനായ മിഷൻ സ്ഥാപിച്ചു.

ഓസ്ട്രേലിയായിലെ സീറോമലബാർ രൂപതയുടെ കീഴിൽ ഇപ്പോൾ ഒരു ഇടവകയും രണ്ടു ക്നാനായ മിഷനുകളും ഉണ്ട്. ക്നാനായക്കാർക്കു സ്വന്തമായി ദൈവാലയം ഉണ്ടായിട്ടില്ല. കോട്ടയം അതിരൂപതയിൽനിന്നുള്ള മൂന്നു വൈദികർ ഇവിടെ സേവനം ചെയ്യുന്നു.

**ഡയാസ്പൊറാ കോണ്ടാക്ട് പേഴ്സൺ**

അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവ് 1992 ഡിസംബർ 15ന് ഡയാസ്പോറാ മിനിസ്ട്രി കോട്ടയം രൂപതയിൽ ആരംഭിച്ചു. കോട്ടയം അതിരൂപതയ്ക്ക് വെളിയിൽ താമസിക്കുന്ന ക്നാനായക്കാരുടെ കോണ്ടാക്ട് പേഴ്സണായി ഫാ. ഏബ്രഹാം മുത്തോലത്തിനെ പിതാവ് നിയമിച്ചു. അദ്ദേഹം പ്രവാസി ക്നാനായക്കാരുടെ സ്ഥിതിവിവരകണക്കു സമാഹരിച്ച് കമ്പ്യൂട്ടർ ഡേറ്റാബേസ് ഉണ്ടാക്കി. ഇന്ത്യയിലും വിദേശത്തുമുള്ള ക്നാനായ കൂട്ടായ്മകളിലും സംഘടനകളിലും പങ്കെടുക്കുകയും സമുദായ ബോധവല്ക്കരണക്ലാസ്സുകൾ നയിക്കുകയും ചെയ്തു. അമേരിക്കയിൽ കെ.സി.വൈ.എൽ.

യൂണിറ്റുകൾ ആരംഭിക്കുന്നതിന് വിവിധ നഗരങ്ങളിൽ ക്നാനായ യുവജനങ്ങൾക്ക് സെമിനാർ നടത്തുകയും കെ.സി.വൈ.എൽ. യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. പ്രവാസികളെ മുഖ്യമായും ഉദ്ദേശിച്ച് ചൈതന്യയിൽ ഇൻറർനെറ്റ് മാര്യേജ് ബ്യൂറോ ആരംഭിച്ചതുവഴി അനവധി ക്നാനായ യുവതീയുവാക്കൾക്ക് സമുദായത്തിൽ നിന്നുതന്നെ ജീവിതപങ്കാളിയെ ലഭിച്ചു.

ഫാ. മൈക്കിൾ വെട്ടിക്കാട്ട് 2000 ഡിസംബർ 5 മുതൽ 2015 വരെ ഡയാസ്പോറാ മിനിസ്ട്രി കോണ്ടാക്ട് പേഴ്സണായിരുന്നു. പിന്നീട് ഫാ. സൈമൺ പുല്ലാട്ട് 2015 മുതൽ 2016 ഒക്ടോബർ വരെ കോണ്ടാക്ട് പേഴ്സണായി. തുടർന്ന് ഫാ. ചാക്കോ വണ്ടൻകുഴിയിൽ കോണ്ടാക്ട് പേഴ്സണായി സേവനം ചെയ്യുന്നു. മുൻ കോണ്ടാക്ട് പേഴ്സൺസിനെപ്പോലെ അദ്ദേഹവും ഭാരതത്തിലെ പ്രവാസി സമൂഹങ്ങളെ കൂടെക്കൂടെ സന്ദർശിച്ച് ക്നാനായ കൂട്ടായ്മ വർദ്ധിപ്പിക്കുകയും ആവശ്യമായ അജപാലന ശുശ്രൂഷ നല്കുകയും ചെയ്യുന്നു.

**ക്നാനായക്കാരുടെ ആഗോളതല സ്ഥിതിവിവരം**

ആകെ ക്നാനായക്കാർ: 187,245

കോട്ടയം അതിരൂപതയിൽ: 143,660 (76.72%)

അതിരൂപതാർത്തിക്കു വെളിയിൽ: 43,585 (23.28%)

**ക്നാനായ കുടുംബങ്ങളുടെ സ്ഥിതിവിവരം**

ആകെ ക്നാനായ കുടുംബങ്ങൾ: 37,228

കോട്ടയം അതിരൂപതയിൽ: 26,690 (71.7%)

അതിരൂപതാർത്തിക്കു വെളിയിൽ: 10, 295 (28.3%)

അമേരിക്കൻ ഐക്യനാടുകളിൽ: 3,500 (9.4%)

കാനഡാ: 252 (0.68%)

യൂറോപ്പ്: 2,950 (7.9%)

(യൂ.കെ. 1,700, ഇറ്റലി 650, അയർലന്റ് 160, മാൾട്ടാ 140, ജർമ്മനി 125, സ്വിർസർലന്റ് 90, ഓസ്ട്രിയാ 55, ഫ്രാൻസ് 30)

ഓഷ്യാനാ 1,200 (3.2%) + 200 യുവജനങ്ങൾ

(ഓസ്ട്രേലിയാ 1,060, ന്യൂ സിലാന്റ് 120, സിങ്കപ്പൂർ 20, മിഡിൽ ഈസ്റ്റ് ?, കുവെയിറ്റ് 500)

**ഇൻഡ്യയിൽ അതിരൂപതയ്ക്കുവെളിയിൽ:** 815 (2.2%) + 1,020 യുവജനങ്ങൾ

ഡൽഹി 600 + 400 യുവജനങ്ങൾ

ബോംബെ 120 + 300 യുവജനങ്ങൾ

ഇൻഡോർ 15 + 160 യുവജനങ്ങൾ

ജൈപൂർ 10 + 25 യുവജനങ്ങൾ

ബോപാൽ 30 + 45 യുവജനങ്ങൾ

ചെന്നൈ 40 + 90 യുവജനങ്ങൾ

**മതബോധന സ്കൂൾ കുട്ടികൾ**

| | |
|---|---|
| ആകെ | 17,313 കുട്ടികൾ |
| അതിരൂപതയിൽ | 13,321 (77%) + 1,432 മതാദ്ധ്യാപകർ |
| അതിരൂപതയ്ക്കു വെളിയിൽ | 3,992 (23 %) |
| യു.എസ്.എ. | 2,294 (13.25%) + 361 മതാദ്ധ്യാപകർ |
| യു.കെ. | 959 (5.54%) + 153 മതാദ്ധ്യാപകർ |
| ഓഷ്യാനാ | 352 (2.03%) |
| കാനഡാ | 198 (1.14%) |
| റോം | 70 (0.40%) |
| ഡൽഹി | 119 (0.67%) |

ഉദ്ദേശം 4,000 കുട്ടികൾക്കും 500 യുവജനങ്ങൾക്കും പ്രവാസിക്നാനായ മതബോധന സ്കൂളുകൾവഴി പരിശീലനം നല്കുന്നുണ്ട്.

## ഭാഗം - 4 ചോദ്യോത്തരങ്ങൾ

പ്രവാസി ക്നാനായക്കാർ ആദ്യം മിഷനുകൾ സ്ഥാപിച്ചതും, പ്രഥമ പ്രവാസി സീറോമലബാർ രൂപതയുമായി നിസ്സഹകരിച്ചതും, പിന്നീട് അനുരഞ്ജനപ്പെട്ട് പള്ളികൾ സ്ഥാപിച്ച് സഭാപരമായി മുന്നേറുന്നതും അമേരിക്കയിലാണ്. അതുമായി ബന്ധപ്പെട്ടുണ്ടായ വിവാദങ്ങളും പരിഹാരങ്ങളും മറ്റു രാജ്യങ്ങളിലെ ക്നാനായ സഹോദരങ്ങൾ പാഠ്യവിഷയമാക്കുന്നത് അത്തരം പ്രശ്നങ്ങൾ പലതും ഒഴിവാക്കി അതാതു രാജ്യത്തിന്റെയും സീറോമലബാർ രൂപതയുടെയും സാഹചര്യമനുസരിച്ച് പ്രവാസി ക്നാനായ മിഷനുകളും ഇടവകകളും സ്ഥാപിച്ച് സഭാപരമായി വികസിക്കുവാൻ ഉപകരിക്കും. അതിനാൽ ഷിക്കാഗോ സീറോമലബാർ രൂപതയുമായുള്ള ബന്ധത്തെക്കുറിച്ച് ക്നാനായക്കാർ പൊതുവെ ഉന്നയിച്ചിട്ടുള്ള ചോദ്യങ്ങളും അവയ്ക്കുള്ള മറുപടിയുമാണ് താഴെ ചേർക്കുന്നത്:

**1. കോട്ടയം മെത്രാപ്പോലീത്തായുടെ റോൾ എന്ത്?**

ലത്തീൻ സഭയിൽ നിന്ന വ്യത്യസ്തമായി പൗരസ്ത്യ സഭകൾക്ക് പരമ്പരാഗതമായി അതിരു നിശ്ചയിച്ചിട്ടുള്ളതിനാൽ അവയ്ക്ക് ആ പ്രദേശങ്ങളിലേ സഭാപരമായ അജപാലന ശുശ്രൂഷ നേരിട്ടു നല്കാനേ അധികാരമുള്ളു. ആഗോള വ്യാപകമായി പൗരസ്ത്യ സഭാവിശ്വാസികൾ കുടിയേറിക്കൊണ്ടിരിക്കുന്നതിനാൽ ഈ നിലപാടിൽ ഭാവിയിൽ മാറ്റം വന്നേക്കാം. അതുവരെ ഇപ്പോഴത്തെ നയമനുസരിച്ച് സീറോമലബാർ സഭയ്ക്കും, അതിന്റെ ഉപവിഭാഗമായ കോട്ടയം അതിരൂപതയ്ക്കും ഭാരതത്തിൽ നിശ്ചയിച്ചിട്ടുള്ള പ്രദേശങ്ങളിലേ നേരിട്ട് സഭാസേവനം ലഭ്യമാക്കാനൊക്കൂ.

എന്നാൽ പൗരസ്ത്യസഭാതിർത്തിക്കു വെളിയിൽ കുടിയേറുന്ന വിശ്വാസികൾക്ക്, തങ്ങൾക്കു പൈതൃകമായി കൈവന്ന ആരാധനാക്രമം അനുഷ്ഠിക്കുവാൻ അവകാശവും ഉത്തരവാദിത്വവുമുണ്ട്. സീറോമലബാർ രൂപതയില്ലാത്ത സ്ഥലങ്ങളിൽ ലത്തീൻ സഭ സീറോമലബാർ വിശ്വാസികൾക്ക് പ്രത്യേക മിഷൻ സ്ഥാപിക്കുമ്പോൾ സീറോമലബാർ റീത്തിലെ വൈദികരെയാണു നിയമിക്കേണ്ടത്. അതിൻ പ്രകാരമാണ് ലത്തീൻ രൂപതകൾ അമേരിക്കയിൽ ക്നാനായ മിഷനുകൾ സ്ഥാപിച്ചപ്പോൾ ക്നാനായ വൈദികരെ കോട്ടയം രൂപതാദ്ധ്യക്ഷനായിരുന്ന മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവു തെരെഞ്ഞെടുത്തയച്ചത്.

സീറോമലബാർ രൂപത അമേരിക്കയിൽ സ്ഥാപിതമായപ്പോൾ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവിനു പരിശുദ്ധ സിംഹാസനം 2001 നവംബർ 27നു നല്കിയ നിർദ്ദേശത്തിൽ ഇപ്രകാരം പറയുന്നു: “With the erection of the Eparchy of St. Thomas of Chicago and your nomination of the first Bishop, the Holy See foresees the necessity to provide adequate and proper pastoral care to Syro-Malabar faithful of the Eparchy of Kottayam who now reside in the United States. The care of these faithful is to be marked by great sensitivity and patience, based upon an appreciation of the cultural atmosphere from which they have arrived. ... Therefore, this Congregation foresees a pastoral care which is sensitive to the Knanaya expectation to be served by Knanaya priests … The further establishement of missions and even parishes for the Knanaya faithful, as presently practiced in the United States, is understood to be beneficial.“

അതിനാൽ ക്നാനായ കത്തോലിക്കർക്ക് ക്നാനായ മിഷനുകളും ഇടവകകളും സ്ഥാപിക്കണമെന്നും അവരുടെ അജപാലന സേവനത്തിന് ക്നാനായ വൈദികരെ നല്കണമെന്നും പൗരസ്ത്യ തിരുസംഘം നിർദ്ദേശിച്ചിട്ടുള്ളതാണ്. ക്നാനായ വൈദികരെ നല്കാനുള്ള അവകാശം കോട്ടയം അതിരൂപതാദ്ധ്യക്ഷനുള്ളതാണ്. അദ്ദേഹം തെരഞ്ഞെടുത്തയയ്ക്കുന്ന വൈദികരെയാണ് ഷിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷൻ നിയമിക്കുന്നത്. അവരോടു സാമുദായിക നിലപാട് വ്യക്തമാക്കാനും അവരെ തിരികെ വിളിക്കാനും അദ്ദേഹത്തിന് അവകാശമുണ്ട്. ആ നിലയിൽ കോട്ടയം മെത്രാപ്പോലീത്താക്ക് തന്റെ സമുദായാംഗങ്ങളുടെ അജപാലന ശുശ്രൂഷയിൽ പങ്കുണ്ട്.

സഭാനിലപാടനുസരിച്ച് അമേരിക്കയിലെ ക്നാനായ കത്തോലിക്കരുടെ അജപാലകൻ ഷിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷനാണെങ്കിലും അദ്ദേഹം നമ്മുടെ സമുദായ നേതാവല്ല. ക്നാനായക്കാർ ലോകത്തെവിടെയാണെങ്കിലും അവരുടെ സമുദായ തലവൻ കോട്ടയം മെത്രാപ്പോലീത്തയാണ്. അദ്ദേഹത്തിന് ആഗോള ക്നാനായക്കാരുടെമേൽ അജപാലനാധികാരം ലഭിക്കുന്നതുവരെ നിലവിലെ സ്ഥിതി നാം അംഗീകരിച്ചനുസരിക്കണം. ഇത് ആദ്യം പരസ്യമായി പ്രഖ്യാപിച്ചത് മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവ് 2002ൽ ഒർലാന്റോയിൽ നടന്ന കെ.സി.സി.എൻ.എ. കൺവെൻഷനിലാണ്. അതിൽ അന്നുതന്നെ അഭിപ്രായഭിന്നത പരസ്യമായി പ്രകടിപ്പിച്ചവരുണ്ട്. എന്നാൽ യാഥാർത്ഥ്യത്തെ നാം അംഗീകരിച്ച് സമചിത്തതയോടെവേണം പ്രവാസിക്നാനായക്കാർക്ക് ക്നാനായക്കാരനായ അപ്പസ്തോല പിൻഗാമിയുടെ അജപാലന ശുശ്രൂഷ ലഭിക്കുനതിനു പരിശ്രമിക്കുവാൻ.

ക്നാനായ സമുദായത്തിന്റെ ഗോത്രത്തലവനും ഐക്യപ്രതീകവുമായാണ് കോട്ടയം രൂപതാദ്ധ്യക്ഷനെ നാം കണക്കാക്കി പോരുന്നത്. അതിനാൽ മെത്രാപ്പോലീത്തയെന്ന നിലയിൽ അദ്ദേഹം ആത്മീയ പിതാവും ഗോത്രത്തലവനെന്നനിലയിൽ ആഗോള ക്നാനായ കത്തോക്കരുടെ നേതാവുമാണ്. തന്റെ അതിരൂപതാതിർത്തിക്കുവെളിയിൽ പരിമിതാധികാരമേ സഭാപരമായുള്ളുവെങ്കിലും ഗോത്രത്തലവനെന്ന നിലയിൽ അദ്ദേഹത്തിനു ആഗോള ക്നാനായ സമുദായാംഗങ്ങൾക്ക് സാമുദായിക വിഷയങ്ങളിൽ, സഭാപ്രബോധനങ്ങൾക്ക് വിരുദ്ധമാകാത്തവിധം, നിർദ്ദേശങ്ങൾ നല്കാം.

ഈ പശ്ചാത്തലത്തിൽ അതാതുകാലത്തെ കോട്ടയം രൂപതാദ്ധ്യക്ഷൻ സീറോമലബാർ സിനഡിലും റോമിലെ പൗരസ്ത്യ തിരുസംഘത്തിലും പ്രവാസി ക്നാനായക്കാർക്കുവേണ്ടി ആവശ്യാനുസരണം ഇടപെടുന്നുണ്ട്. അവയെല്ലാം പരസ്യപ്പെടുത്താനാവില്ലെങ്കിലും ആ സേവനത്തെയും അതിന് അദ്ദേഹം കാണിക്കുന്ന ആത്മാർത്ഥതയെയും സമുദായംഗങ്ങൾ വിലമതിക്കണം. ഗോത്രത്തലവനെ തെറ്റിദ്ധരിച്ച് അദ്ദേഹത്തിനെതിരെ നമ്മൾ തിരിഞ്ഞാൽ നമ്മുടെ ഗോത്രത്തെയാവും നാം തകർക്കുക.

## 2. ഭിന്നാഭിപ്രായമുണ്ടെങ്കിൽ സഭാസംവിധാനം ഒഴിവാക്കരുതോ?

ക്നാനായ സമുദായാംഗങ്ങളുടെ പരസ്പര സ്നേഹവും സഹായവും ഐക്യവും എക്കാലവും സമുദായാംഗങ്ങൾ വിലമതിക്കുന്നതും അന്യർ അംഗീകരിക്കുന്നതുമാണ്. പ്രവാസിലോകത്ത് ക്നാനായ കുടുംബകൂട്ടായ്മകളും സംഘടനകളും ഐക്യം നിലനിർത്തി. എന്നാൽ ലത്തീൻ രൂപതയുടെ കീഴിൽ ക്നാനായ മിഷൻ ഷിക്കാഗോയിൽ ആരംഭിച്ചപ്പോൾ സമുദായം മാറി വിവാഹിതരായവരിൽ ചിലർ തങ്ങൾക്കും അംഗത്വം വേണമെന്ന് അവകാശവാദമുന്നയിച്ചു. സമുദായത്തിൽനിന്നുതന്നെ വിവാഹിതരായ പലരും അക്കാലത്ത് അവരോടുചേർന്ന് പ്രശ്നം കലുഷിതമാക്കി. ലത്തീൻ രൂപത അവർക്കനുകൂല നിലപാടെടുത്തപ്പോഴാണ് ഷിക്കാഗോയിൽ സമുദായ ഭിന്നത ആരംഭിച്ചത്. ലത്തീൻ രൂപതയുടെ നിയമനംവഴി ക്നാനായ മിഷൻ ഡയറക്ടർമാരായ വൈദികർക്ക് അതു പ്രതിസന്ധി സൃഷ്ടിച്ചു. അതു പരിഹരിക്കാനാവാത്ത പ്രശ്നമായി നിലനില്ക്കുമ്പോഴാണ് ഷിക്കാഗോ കേന്ദ്രമാക്കി അമേരിക്ക മുഴുവൻ അജപാലനാധികാരമുള്ള സെന്തോമസ് സീറോമലബാർ രൂപത 2001ൽ സ്ഥാപിതമാകുന്നത്. അതു വഴി പ്രശ്നം പരിഹരിക്കപ്പെടുമെന്ന് ഏവരും പ്രതീക്ഷിച്ചു.

നിർഭാഗ്യവശാൽ, സമുദായം മാറി വിവാഹിതരായവർക്കും അംഗത്വം വേണമെന്നു വാദിക്കുന്നവരുടെ പരാതിമൂലമാകാം, 2001 നവംബർ 27നു വത്തിക്കാൻ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവിനു നല്കിയ നിർദ്ദേശം അമേരിക്കയിലെ ക്നാനായ കത്തോലിക്കർക്കു മുഴുവൻ ബാധകമായി. അതുവരെ ഈ പ്രശ്നം ഷിക്കാഗോയിലെ ശക്തമായിരുന്നുള്ളു. അക്കാലത്തിനുമുമ്പ് ലത്തീൻ രൂപതകൾ സ്ഥാപിച്ച ബാക്കി എട്ടു മിഷനുകളിലും അംഗത്വപ്രശ്നം നിലനിന്നിരുന്നില്ല.

റോമിലെ നിർദ്ദേശത്തിനെതിരെ ഉണ്ടായ പ്രതിഷേധവും സീറോമലബാർ രൂപതയോടുണ്ടായ ഭിന്നിപ്പും ക്നാനായക്കാരും കോട്ടയം രൂപതാദ്ധ്യക്ഷനും മാർ ജേക്കബ് അങ്ങാടിയാത്തു പിതാവും റോമിനെ അറിയിച്ചെങ്കിലും അവിടെനിന്ന് അനുകൂല നിലപാടു ലഭിക്കാത്ത പശ്ചാത്തലത്തിലാണ് സമുദായം മാറി വിവാഹിതരായവർ ആവശ്യപ്പെട്ടാൽ അവർക്കു വ്യക്തിപരമായി മാത്രം അംഗത്വം നല്കാമെന്ന ധാരണയിൽ ക്നാനായ മിഷനുകൾ ആരംഭിച്ചത്. താത്വികമായി അപ്രകാരം സമ്മതിച്ചെങ്കിലും പ്രായോഗികമായി അതു നടപ്പിലാക്കാതെയാണ് അമേരിക്കയിലെ ക്നാനായ മിഷനുകൾ സീറോമലബാർ രൂപതയുടെ ഭാഗമായി പുനരാരംഭിച്ചത്. അതിനെയാണ് ഒരു വിഭാഗം സമുദായ സ്നേഹികൾ എതിർത്തത്.

ലത്തീൻ രൂപതകളുടെ കീഴിൽ ആരംഭിച്ച മിഷനുകൾ മതിയെന്നും ആ നിലയിൽതന്നെ അവ നിലനിർത്തണമെന്നും ഒരു കൂട്ടർ വാദിച്ചു. എന്നാൽ അതു പ്രായോഗികമല്ലായിരുന്നു. കാരണം, ഷിക്കാഗോ സീറോമലബാർ രൂപത സ്ഥാപിച്ചുകൊണ്ട് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 2001 മാർച്ച് 13നു പുറപ്പെടുവിച്ച ഡിക്രി പ്രകാരം ക്നാനായക്കാർ ഉൾപ്പെടെ എല്ലാ സീറോമലബാർ വിശ്വാസികളും പുതിയ സീറോമലബാർ രൂപതയ്ക്കു കീഴിൽ വന്നു. അതിനാൽ ലത്തീൻ രൂപതകൾക്ക് സീറോ മലബാർ മിഷനുകൾ നിലനിർത്താനാവില്ല. മാത്രമല്ല, അവർ നിലനിർത്തിയാലും സമുദായം മാറി വിവാഹിതരായവർക്ക് അംഗത്വം വേണമെന്നു വാദിക്കുന്നവർ പരാതിപ്പെട്ടാൽ വത്തിക്കാനും ലത്തീൻ രൂപതകളും അവർക്ക് അനുകൂല നിലപാടേ എടുക്കു.

ക്നാനായ മിഷനുകൾ സ്ഥാപിക്കുവാനും അവിടെ വൈദികരെ നിയമിക്കുവാനും 2001 മുതൽ സീറോമലബാർ രൂപതാദ്ധ്യക്ഷനുമാത്രമേ അധികാരമുള്ളു. മിഷനുകൾ സ്ഥാപിച്ചില്ലെങ്കിൽ ക്നാനായക്കാർക്ക് തനതായ അജപാലന ശുശ്രൂഷയിലൂടെ നിത്യരക്ഷയ്ക്കാവശ്യമായതു ചെയ്യുവാനും, വരും തലമുറയെ സാമുദായികസഭാസംവിധാനത്തിൽ പരിശീലിപ്പിക്കുവാനും സാധിക്കില്ല. ലത്തീൻ പള്ളികളിൽ അംഗത്വം തുടർന്നാൽ ക്നാനായക്കാർ ഒരേ പ്രദേശത്ത് പല ഇടവകക്കാരാകുമെന്നു മാത്രമല്ല, നമ്മുടെ ആരാധനാക്രമവും സാമുദായിക പാരമ്പര്യവുമനുസരിച്ച ശുശ്രൂഷ നടക്കില്ല. ലത്തീൻ റിത്ത് ക്നാനായ പാരമ്പര്യമല്ല.

ഈ പശ്ചാത്തലത്തിൽ തങ്ങൾക്ക് ക്നാനായ മിഷനുകളും പള്ളികളും വേണമെന്നും, സമുദായത്തിനു വെളിയിൽനിന്നു വിവാഹിതരായവർക്ക് അംഗത്വം നല്കണമെന്ന നിർദ്ദേശമുണ്ടെങ്കിലും കഴിയുന്നത്ര അതു പ്രായോഗികമാക്കരുതെന്നും ഭൂരിപക്ഷം പേരും ശക്തമായ നിലപാടെടുത്തതിന്റെ പശ്ചാത്തലത്തിലാണ് 2003 ഒക്ടോബർ 29 മുതൽ ക്നാനായ മിഷനുകൾ സീറോമലബാർ രൂപതയുടെ കീഴിൽ ഔദ്യോഗികമായി പ്രവർത്തനമാരംഭിച്ചത്. ക്നാനായ കത്തോലിക്കർക്ക് അമേരിക്കയിൽ പിന്നീടുണ്ടായ വളർച്ച അത്ഭുതാവഹമാണ്.

വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ടാണെങ്കിലും തങ്ങൾക്കും മക്കൾക്കും തങ്ങളുടെ ആരാധനാക്രമമനുസരിച്ച് വിശ്വാസം പരിപാലിക്കാനും പരിശീലിപ്പിക്കാനും പള്ളികൾ വേണമെന്നും അതിനാവശ്യമായ ധനസഹായം നല്കാൻ തയ്യാറാണെന്നും ഏതാനും വിശ്വാസികളെങ്കിലും ആവശ്യപ്പെട്ടാൽ അതു നിഷേധിക്കാൻ അജപാലകർക്കാവില്ല. അതിനാൽ ഓരോ പ്രദേശത്തെയും ക്നാനായ കത്തോലിക്കർ രേഖാമൂലം എഴുതി സമർപ്പിച്ച അപേക്ഷപ്രകാരമാണ് മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവ് ക്നാനായ മിഷനുകളും പള്ളികളും സ്ഥാപിച്ചത്. ആദ്യം അഭിപ്രായഭിന്നത പ്രകടിപ്പിച്ചവരിൽ മിക്കവരും പിന്നീട് ക്നാനായ പള്ളികളിൽ സഹകരിക്കുന്നുണ്ട്.

നിത്യരക്ഷയുടെ സന്ദേശവുമായി മിശിഹാ അവതിച്ചപ്പോൾ ഇസ്രായേലിൽ അനേകർക്ക് ഈശോയെ ഉൾക്കൊള്ളാനായില്ല. യഹൂദരിൽ ഭിന്നതയുണ്ടാകുമെന്നറിഞ്ഞുകൊണ്ടുതന്നെ ഈശോ തന്റെ ദൗത്യം നിർവ്വഹിച്ചു. തന്നോടു സഹകരിച്ചവരെ ചേർത്ത് പുതിയ ഇസ്രായേലായ സഭയെ ഈശോ സ്ഥാപിച്ചു.

സമുദായത്തിന്റെ ഐക്യം പിന്നീട് വന്നുചേരുമെന്ന പ്രതീക്ഷയിൽ ക്നാനായ വൈദികരും അവരോടു സഹകരിച്ച അല്മായരും ചേർന്ന് സീറോമലബാർ രൂപതയുടെ കീഴിൽ മിഷനുകളും പള്ളികളും പടുത്തുയർത്തി. അവർ ഫൊറോനാകളും റീജിയണുമായി വളർന്നു. അതോടെ ക്രമേണ അനൈക്യം കുറയുകയും സമാധാനം കൈവരുകയും ചെയ്തു. ഭിന്നിച്ചു നില്ക്കുന്ന ചുരുക്കം ചിലരൊഴികെയുള്ളവർ ക്നാനായ ഇടവകകളുമായി സഹകരിക്കുന്നുണ്ട്. ബാക്കിയുള്ളവർ സമുദായ ഐക്യത്തെയും ആത്മീയരക്ഷയെയും കരുതി ക്നാനായ പള്ളികളിൽ പങ്കുചേരുമെന്നു പ്രത്യാശിക്കുന്നു. ക്നാനായക്കാരെല്ലാം ഒരുമയോടെ അന്ത്യവിധിയാളന്റെ വലതുഭാഗത്തുണ്ടാകണമെന്ന ആഗ്രഹമാണ് ക്നാനായ അജപാലകർക്കും സഹശുശ്രൂഷികൾക്കുമുള്ളത്.

### 3. സീറോമലബാറിനു കീഴിൽ നാം നില്ക്കണമോ?

കൽദായ സുറിയാനി ആരാധനക്രമം (സീറോമലബാർ) ദക്ഷിണ മെസപ്പൊട്ടോമിയ മുതൽ നമ്മുടെ പൂർവ്വികർ ഉപയോഗിച്ചു പോന്നതും കേരളസഭയിൽ അവർ പ്രചാരത്തിലാക്കിയതുമാണ്. നാം ഉപയോഗിക്കുന്ന മാർ അദ്ദായിയുടെയും മാറിയുടെയും കൂദാശാക്രമം യഹൂദ പാരമ്പര്യാധിഷ്ഠിതവും ഏറ്റം പഴക്കം ചെന്നതുമായ അമൂല്യ നിധിയാണ്. ഈ ആരാധനാക്രമത്തെ നാം തള്ളിപ്പറഞ്ഞാൽ നമ്മുടെതന്നെ സഭാസ്വത്വത്തെ നിരസിക്കലാകും.

പ്രവാസികളും അവരുടെ മക്കളും ഏറെനാൾ ലത്തീൻ ആരാധനാക്രമം ശീലിക്കുമ്പോൾ അവർക്കത് സ്വന്തമായി തോന്നുക സ്വാഭാവികമാണ്. സീറോമലബാർ ആരാധനാക്രമം, അതിന്റെ തിരുവസ്ത്രങ്ങൾ, ദൈവാലയ സംവിധാനം, കൂദാശാനുകരണങ്ങൾ എന്നിവയുടെ അർത്ഥം നാം അവരെ മനസ്സിലാക്കുകയും നമ്മുടെ ദൈവാലയങ്ങളിൽ പതിവായി അവരെ പരിശീലിപ്പിക്കുകയും ചെയ്യുമ്പോൾ ആ കാഴ്ചപ്പാടിൽ മാറ്റം വരും.

ലത്തീൻ പാരമ്പര്യമല്ല യഹൂദക്രൈസ്തവപാരമ്പര്യമാണു നമുക്കുള്ളത്. കേരളകൽദായ സുറിയാനിസഭയെക്കുറിച്ചുണ്ടായ തെറ്റിദ്ധാരണമൂലം പോർത്തുഗീസ് മിഷനറിമാർ ലത്തീൻ ആരാധനാക്രമം കേരളസുറിയാനി സഭയിൽ നടപ്പിലാക്കാൻ നിർബന്ധിച്ചപ്പോൾ അതിനെ എതിർത്തവരാണ് നമ്മുടെ പൂർവ്വികർ. ഉദയംപേരൂർ സൂനഹദോസിനു ശേഷം നാം ശീലിച്ച ലത്തീൻ പാരമ്പര്യങ്ങൾ ഉപേക്ഷിച്ച് യഥാർത്ഥ കൽദായ സുറിയാനി പാരമ്പര്യം വീണ്ടെടുക്കുവാനാണ് രണ്ടാം വത്തിക്കാൻ കൗൺസിലിനെ തുടർന്ന് സാർവ്വത്രിക സഭ നമ്മോട് ആവശ്യപ്പെടുന്നത്. അതുകൊണ്ടാണ് നാം കുടിയേറിയ വിദേശരാജ്യങ്ങളിൽ സീറോമലബാർ മിഷനുകളും രൂപതകളും സ്ഥാപിക്കുവാൻ ലത്തീൻ സഭ സഹായിക്കുന്നത്.

സഭാനിയമപ്രകാരം നാം അംഗങ്ങളായിരിക്കുന്ന പൗരസ്ത്യ റീത്തിൽനിന്നു ലത്തീൻ റീത്തിലേക്കു മാറുന്നതിനെ സഭ നിരുത്സാഹപ്പെടുത്തുന്നു. അതുകൊണ്ടാണ് റീത്തു മാറണമെങ്കിൽ പരിശുദ്ധ സിംഹാസനത്തിന്റെ അനുവാദം വേണ്ടി

വരുന്നത്.

ലത്തീൻ മെത്രാന്മാർക്ക് നമ്മുടെ വംശീയരീതി ഉൾക്കൊള്ളാനാവില്ല. അതിനാൽ ലത്തീൻ രൂപതകളിൽ നമുക്ക് വേറിട്ട സമുദായമായി നിലനില്ക്കാനാവില്ല. മാത്രമല്ല, നാം താമസിക്കുന്ന അതാതു സ്ഥലത്തെ ഇടവകകളിൽ നാം ചിന്നിചിതറി പോകേണ്ടി വരും. അതോടെ നമ്മുടെ കുഞ്ഞുങ്ങളുടെ ക്നാനായ സമുദായബന്ധം ഗണ്യമായി കുറയുകയും സമുദായം മാറിയുള്ള വിവാഹങ്ങൽ വർദ്ധിക്കുകയും ചെയ്യും.

ലത്തീൻ സഭയിൽ നാം ചേർന്നാൽ നമ്മുടെ പൈതൃകസമ്പത്തായ സീറോമലബാർ ആരാധനാക്രമം നമുക്കു നഷ്ടമാകും. പരിഹരിക്കപ്പെടാവുന്ന പ്രശ്നങ്ങളുടെ പേരിൽ നാം വഴിമാറി ചരിച്ച് നമുക്കു ലഭ്യമായ അവസരം നഷ്ടപ്പെടുത്തരുത്.

സിറോ മലബാർ രൂപതകൾ ഉണ്ടായതുമൂലം പ്രവാസി ക്നാനായ സമൂഹത്തിന് സഭാത്മക വളർച്ച ഏറെയുണ്ടായി. നമുക്ക് ആദ്യമായി പ്രവാസി ക്നാനായ പള്ളിയുണ്ടായതുതന്നെ ഷിക്കാഗോ സീറോമലബാർ രൂപത സ്ഥാപിതമായശേഷമാണ്. കാനഡായിലും യു.കെ.യിലും ഓസ്ട്രേലിയായിലും നമുക്ക് കൂടുതൽ ക്നാനായ മിഷനുകൾ സ്ഥാപിക്കുവാൻ കഴിയുന്നത് അതാതു സ്ഥലങ്ങളിൽ സീറോമലബാർ രൂപത ഉണ്ടായതുകൊണ്ടും അവയിലെ രൂപതാദ്ധ്യക്ഷന്മാർ സ്വന്തം ആത്മീയമക്കളായി കണ്ട് നമ്മെ വളർത്തുന്നതുകൊണ്ടുമാണ്. നമ്മുടെ പ്രശ്നത്തിനു ശാശ്വത പരിഹാരമുണ്ടാകുന്നത് പ്രവാസി ക്നാനായ രൂപതകളോ കോട്ടയം അതിരൂപതാദ്ധ്യന്റെ കീഴിൽ വിവിധ രാജ്യങ്ങളിൽ സഹായമെത്രാന്മാരോ ഉണ്ടാകുമ്പോഴാണ്. എന്നാൽ അതുവരെ നാം ക്ഷമയോടെ നിലവിലുള്ള സഭാസംവിധാനവുമായി സഹകരിക്കണം.

**4. ക്നാനായക്കാർ ലത്തീൻ സഭയ്ക്ക് എതിരോ?**

കത്തോലിക്കാ സഭ 24 വ്യക്തിഗത സഭകളുടെ കൂട്ടായ്മയാണ്. അവയ്ക്ക് തനതായ സഭാഘടനയും നിയമവും ആദ്ധ്യാത്മികതയും പാരമ്പര്യവുമുള്ളതിനാൽ വൈവിധ്യമുണ്ടെങ്കിലും എല്ലാവരും മാർപാപ്പയ്ക്കു വിധേയരും തുല്യ മൂല്യം നല്കി പരസ്പരം സഹകരിക്കേണ്ടവരുമാണ്. എന്നാൽ ഓരോ സഭയും അതിന്റെ തനിമ നിലനിർത്തുകയും വേണം. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇപ്രകാരം പഠിപ്പിക്കുന്നു: "The Holy Catholic Church, which is the Mystical Body of Christ, is made up of the faithful who are organically united in the Holy Spirit by the same faith, the same sacraments and the same government and who, combining together into various groups which are held together by a hierarchy, form separate Churches or Rites. Between these there exists an admirable bond of union, such that the variety within the Church in no way harms its unity; rather it manifests it, for it is the mind of the Catholic Church that each individual Church or Rite should retain its traditions whole and entire and likewise that it should adapt its way of life to the different needs of time and place." (Orientalium Ecclesiarum, n.2)

ഈ പ്രബോധനമനുസരിച്ച് ഭാരതത്തിനു വെളിയിലെ ലത്തീൻ രൂപതകൾ ക്നാനായക്കാരുൾപ്പെടെ സീറോമലബാർ വിശ്വാസികൾക്ക് ഏറെ നന്മകൾ ചെയ്തുവരുന്നുണ്ട്. സീറോമലബാർ സഭ ഉണ്ടാകുന്നതുവരെ അവരാണ് നമ്മുടെ അജപാലന ശുശ്രൂഷ നിർവ്വഹിക്കുകയും ക്നാനായമിഷനുകൾ സ്ഥാപിച്ചുതരുകയും ചെയ്തത്. പള്ളികൾ അവർ വിലകുറച്ചോ, വില അടയ്ക്കുന്നതിനു വായ്പയോ സാവകാശമോ നല്കുന്നു. നമുക്കു സ്വന്തമായി വൈദികവസതി ഇല്ലാത്ത സ്ഥലങ്ങളിൽ അവരുടെ പള്ളിമന്ദിരങ്ങളിൽ അവർ നമ്മുടെ വൈദികർക്ക് താമസസൗകര്യം നല്കുന്നുണ്ട്. നമ്മുടെ സ്വന്തം സഭാ സംവിധാനം ഉണ്ടാകുന്നതിന് അവർ സഹകരിക്കുന്നു.

കേരളത്തിൽനിന്ന് അമേരിക്കയിൽ കുടിയേറിയ ലത്തീൻ കത്തോലിക്കർക്ക് പള്ളികൾ അനുവദിക്കുന്നില്ല. അവർക്ക് ആവശ്യമെങ്കിൽ മലയാളം കുർബാന ക്രമീകരിക്കാമെങ്കിലും അവർ അതാതു പ്രദേശത്തെ ലത്തീൻ ഇടവകയിലാണ് അംഗത്വമെടുക്കേണ്ടത്. പൗരസ്ത്യസഭകളിൽനിന്നു വരുന്നവർക്കേ സ്വന്തമായി മിഷനുകളും പള്ളികളും ഇവിടെ സ്ഥാപിക്കാൻ കഴിയൂ. കാരണം അത് അവരുടെ റീത്തു പരിപാലിക്കാനാണ്. അതിനാൽ നമുക്ക് നമ്മുടെ മിഷനുകളും ഇടവകളും സ്ഥാപിച്ച് സാമുദായികമായിക്കൂടി നിലനില്ക്കുവാൻ സാധിക്കുന്നു. അതുവഴി നമ്മുടെ ആരാധനാക്രമം ഉൾപ്പെടെയുള്ള ക്നാനായ പാരമ്പര്യങ്ങൾ നിലനിർത്തുവാനും നമ്മുടെ വളരുന്ന തലമുറയെ ക്നാനായ പള്ളികളുടെ

അന്തരീക്ഷത്തിൽ പരിശീലിപ്പിക്കുവാനും കഴിയുന്നു. അതിനാൽ നാം ലത്തീൻ സഭയ്ക്ക് എതിരല്ല, മറിച്ച് അവരോടു കടപ്പെട്ടവരാണ്.

## 5. കത്തോലിക്കാ സഭ വംശീയത നിലനിർത്തുന്നതിന് എതിരോ?

സ്വവംശവിവാഹനിഷ്ഠ യഹൂദ പാരമ്പര്യത്തിൽ അധിഷ്ഠിതമല്ലേ? അതേ പാരമ്പര്യമുള്ള ക്നാനായക്കാർ അതു പാലിക്കുന്നത് തെറ്റായാണോ കത്തോലിക്കാ സഭ കാണുന്നത്? ക്നാനായ സമുദായത്തെ സീറോമലബാർ സഭയുടെ ഉപവിഭാഗമായി അംഗീകരിച്ച് 1911ൽ കോട്ടയം മിസ്സം അനുവദിക്കുകയും, പിന്നീട് അതിനെ രൂപതയായും അതിരൂപതയായും ഉയർത്തുകയും, ക്നാനായ മെത്രാന്മാരെ അജപാലകരായി നിയമിക്കുകയും ചെയ്ത കത്തോലിക്കാ സഭ എന്തുകൊണ്ട് ക്നാനായക്കാരുടെ സ്വവംശവിവാഹനിഷ്ഠാവിഷയത്തിൽ പ്രതികൂല നിലപാടെടുക്കുന്നു? സ്വാഭാവികമായി ക്നാനായക്കാരിൽ പലരും ഉന്നയിക്കുന്ന ചോദ്യങ്ങളാണിവ.

കത്തോലിക്കാ സഭ വംശീയവിവാഹത്തിന് എതിരല്ല. കത്തോലിക്കർ കത്തോലിക്കരെ വിവാഹം ചെയ്യണമെന്നും, വിശ്വാസമുപേക്ഷിച്ച് വിവാഹിതരാകുകയോ അതിനോടു സഹകരിക്കുകയോ ചെയ്യുന്നതു തെറ്റാണെന്നുമാണ് സഭയുടെ പൊതു നിലപാട്. കത്തോലിക്കാ വിശ്വാസം പരിപാലിക്കുവാനും വരുംതലമുറയ്ക്കു പകരാനുംവേണ്ടി നമ്മുടെ വിശ്വാസത്തിൽനിന്നു വിവാഹം ചെയ്യുന്നതിനെ സഭ പ്രോത്സാഹിപ്പിക്കുന്നു. ക്നാനായക്കാർ ക്നാനായക്കാരെ വിവാഹം ചെയ്യുന്നത് നമ്മുടെ വംശീയതയും പാരമ്പര്യങ്ങളും നിലനിർത്തുന്നതോടൊപ്പം കത്തോലിക്കാ വിശ്വാസം സംരക്ഷിക്കുവാനും സഹായകമാണ്.

സ്വവംശത്തിൽനിന്ന് വിവാഹിതരാകുവാനുള്ള സ്വാതന്ത്ര്യം വ്യക്തിക്കുള്ളതിനാൽ അതിനു സഭയോ സിവിൾ നിയമമോ എതിരല്ല. ക്നാനായക്കാർ ആരെന്നു നിശ്ചയിക്കുവാനുള്ള സ്വാതന്ത്ര്യം ക്നാനായ സമുദായത്തിനുണ്ട്. സഭ അത് അംഗീകരിച്ചിട്ടുമുണ്ട്. ക്നാനായക്കാർ ക്നാനായക്കാരെ മാത്രം വിവാഹം ചെയ്തിരുന്ന കാലഘട്ടത്തിലാണ് വിശുദ്ധ പത്താം പിയൂസ് മാർപാപ്പ കോട്ടയം മിസ്സം ക്നാനായക്കാർക്കു മാത്രമായി അനുവദിച്ചത്. എന്നാൽ പിന്നീട് ചുരുക്കം ചിലർ സമുദായത്തിനു വെളിയിൽനിന്നു വിവാഹിതരായപ്പോൾ അവർക്കു കുടുംബാംഗത്വം നല്കാൻ ക്നാനായ പള്ളികൾക്കു സാധിക്കാത്തതിനാൽ അവർ അടുത്തുള്ള സീറോമലബാർ പള്ളികളിൽ അംഗങ്ങളായി. അതിനും സഭ എതിരു നിന്നിട്ടില്ല.

എന്നാൽ അമേരിക്കയിൽ, പ്രത്യേകിച്ച് ഷിക്കാഗോയിൽ കുടിയേറിയ ചിലർ, തങ്ങൾ നാട്ടിൽവെച്ച് ഉപേക്ഷിച്ച ക്നാനായ ഇടവകാംഗത്വം ഇവിടുത്തെ ക്നാനായ മിഷനുകളിൽ വേണമെന്നു ശാഠ്യം പിടിക്കുകയും, വംശീയത പാലിച്ച പലരും അവരെ അക്കാലത്തു പിന്താങ്ങുകയും ചെയ്തു, പ്രശ്നം വത്തിക്കാൻവരെ എത്തിച്ചു. അപ്പോഴാണ് സഭാനിയമമനുസരിച്ച് കത്തോലിക്കാ വിശ്വാസികളായ ക്നാനായക്കാർ ആവശ്യപ്പെട്ടാൽ അവർക്ക് ക്നാനായ മിഷനിൽ അംഗത്വം നല്കണമെന്നും, ഇഷ്ടപ്പെട്ട ജീവിതപങ്കാളിയെ വിവാഹം ചെയ്തതിന്റെ പേരിൽ കത്തോലിക്കാ വിശ്വാസം പാലിക്കുന്ന വ്യക്തിയെ ഇടവകാംഗത്വം ഉപേക്ഷിക്കാൻ നിർബന്ധിക്കരുതെന്നും പൗരസ്ത്യതിരുസംഘം നിലപാടെടുക്കുകയും അതിൽ ഉറച്ചു നില്ക്കുകയും ചെയ്യുന്നത്.

ക്നാനായ സമുദായത്തിൽനിന്നുതന്നെ ക്നാനായക്കാർ വിവാഹം ചെയ്യുകയോ, സമുദായം മാറി വിവാഹിതരാകുന്നവർ സ്വമനസാ ക്നാനായേതര ഇടവകയിൽ അംഗമാകുകയോ ചെയ്താൽ സഭയോ സിവിൾ അധികാരികളോ അതിന് എതിരു നില്ക്കില്ല. കാരണം സീറോമലബാറുകാരായ ക്നാനായക്കാർക്ക് അടുത്തുള്ള സോറോമലബാർ പള്ളിയിൽ അംഗത്വമെടുക്കുവാൻ സ്വാതന്ത്ര്യമുണ്ട്. അതിനാൽ കത്തോലിക്കാ സഭ വംശീയതയ്ക്ക് എതിരല്ല. എന്നാൽ അതിന്റെ പേരിൽ സഭയിൽ ഭിന്നിപ്പുണ്ടാക്കാനോ, സഭാനിയമത്തിനു വിരുദ്ധമായി വ്യക്തിയുടെ അവകാശം നിഷേധിക്കാനോ പാടില്ല. കോട്ടയം അതിരൂപതയിൽ നിലവിലുള്ള നടപടികൾ തുടരാമെങ്കിലും അമേരിക്കയിൽ അതു പാടില്ലെന്നാണ് വത്തിക്കാൻ എടുത്ത നിലപാട്.

## 6. അമേരിക്കയിലെ ക്നാനായ പള്ളികൾ "സങ്കര" പള്ളികളോ?

ഇപ്പോൾ അമേരിക്കയിലെ ക്നാനായ പള്ളികളിൽ സഹകരിക്കുന്നവരെ പരിഹസിക്കുവാൻ സാമൂഹ്യ മാധ്യമങ്ങളിലൂടെ ചുരുക്കം ചിലർ പ്രചരിപ്പിക്കുന്നതാണ് അമേരിക്കയിലെ ക്നാനായ പള്ളികൾ "സങ്കര" പള്ളികളാണെന്ന്. അത് അവരുടെ

അറിവില്ലായ്മകൊണ്ടോ മനഃപൂർവ്വം തെറ്റിധരിപ്പിക്കാനുള്ള പരിശ്രമഭാഗമായോ എഴുതി പ്രചരിപ്പിക്കുന്നതാണ്.

സമുദായത്തിനു വെളിയിൽനിന്നു വിവാഹം ചെയ്യുന്നയാളിന്റെ ഭാര്യയും മക്കളും സമുദായാംഗങ്ങളല്ലെന്നത് പതിനാറാം നൂറ്റാണ്ടു പഴക്കമുള്ള സമുദായ പാരമ്പര്യമാണ്. അതിനെ സഭ എതിർക്കാത്തതിനാലാണ് അമേരിക്കയിൽ വ്യക്തിഗത ഇടവകകൾ അനുവദിച്ചിരിക്കുന്നത്. എന്നാൽ ക്നാനായംഗങ്ങളല്ലാത്തവർക്കും, നാട്ടിലെ ക്നാനായ ഇടവകകളിലെന്നപോലെ ഇവിടെയും, ദൈവാലയ ശുശ്രൂഷകൾ ലഭ്യമാക്കണമെന്നേ പൗരസ്ത്യ തിരുസംഘം 2018 മാർച്ച് രണ്ടിന് മാർ ജേക്കബ് അങ്ങാടിയാത്തു പിതാവിനു രേഖാമൂലം നല്കിയ നിർദ്ദേശത്തിൽ ആവശ്യപ്പെടുന്നുള്ളു. നാം അതു പാലിക്കുന്നുണ്ടെന്ന് തിരുസംഘം അംഗീകരിക്കുന്നുമുണ്ട്: *"The intent of allowing the Knanaya personal parishes in the diaspora is to have a place where the social and cultural bonds of this community can be specially fostered without, however, limiting participation in divine worship only to persons of Knanaya lineage, as in fact is already the case".*

അടുത്ത പ്രശ്നം സമുദായാംഗത്വം കർമ്മം കൊണ്ടു പാലിക്കാതെ സമുദായത്തിനു വെളിയിൽനിന്നു വിവാഹിതരായ വ്യക്തികളുടെ കാര്യമാണ്. അവർ ആവശ്യപ്പെട്ടാൽ വത്തിക്കാന്റെ നിലവിലുള്ള നിർദ്ദേശപ്രകാരം അമേരിക്കയിലെ ക്നാനായ ഇടവകകളിൽ അവർക്ക് അംഗത്വം നല്കേണ്ടതല്ലേ? അതു നടപ്പിലാക്കിയോ? ഇല്ലെങ്കിൽ റോമിന്റെ തീരുമാനത്തെ അവഗണിക്കുകയല്ലേ?

ഇതിൽ പ്രധാന പ്രശ്നം അത്തരക്കാർ ക്നാനായ പള്ളികൾക്കു വത്തിക്കാൻ കല്പിച്ച വ്യക്തിഗതാംഗത്വത്തിൽ തൃപ്തരല്ലെന്നതാണ്. "ഒരിക്കൽ ക്നാനായക്കാരൻ എപ്പോഴും ക്നാനായക്കാരൻ" ("Once a Kna always a Kna") എന്ന മുദ്രാവാക്യം സ്വീകരിച്ചു പോന്നിരുന്നവർ ഇപ്പോൾ നിലപാടു മാറ്റി ക്നാനായക്കാരല്ലാത്ത തങ്ങളുടെ ജീവിത പങ്കാളിയെയും മക്കളെയും ക്നാനായക്കാരായി കണക്കാക്കണമെന്നു ശഠിക്കുന്നു. വത്തിക്കാൻ പോലും ആവശ്യപ്പെടാത്ത ആ അന്യായ അവകാശവാദം നടപ്പിലാക്കിയാൽ സമുദായം നിലനില്ക്കില്ല. വത്തിക്കാന്റെ നിർദ്ദേശം അവർക്കും ബാധകമാണെങ്കിലും അതിൽ അവർ വിയോജിക്കുന്നതിനാൽ അവർക്ക് അംഗത്വം നല്കാവുന്ന സ്ഥിതിയല്ല ഇപ്പോഴുള്ളത്.

പൗരസ്ത്യ തിരുസംഘത്തിന്റെയോ രൂപതാദ്ധ്യക്ഷന്റെയോ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി കത്തോലിക്കാ ഇടവകകൾക്കു പ്രവർത്തിക്കാനാകില്ല. എന്നാൽ സമുദായത്തിനു വെളിയിൽനിന്നു വിവാഹിതരാകാൻ, രൂപതാ കച്ചേരിയുടെ അനുവാദം വാങ്ങി പണ്ടേ കോട്ടയം രൂപത വിട്ടുപോയവരെ അമേരിക്കയിലായതിന്റെ പേരിൽ തിരികെ ക്നാനായ ഇടവകാംഗങ്ങളായി സ്വീകരിക്കാവുന്ന മാനസികാവസ്ഥയിലല്ല ഇവിടുത്തെ ക്നാനായക്കാർ. വിവാദങ്ങളും പ്രതിസന്ധികളും ഉടലെടുക്കുന്നതിനാൽ വിശ്വാസികളുടെ ഭിന്നിപ്പും സഭാതിരസ്കരണവും ഒഴിവാക്കുവാൻ, അവരുടെ ആത്മരക്ഷയെ കരുതി, അജപാലന വിവേകമുപയോഗിച്ച് ക്നാനായ വൈദികർ അവ പ്രായോഗികതലത്തിൽ നടപ്പിലാക്കിയിട്ടില്ല; നടപ്പിലാക്കുക ഇപ്പോൾ പ്രായോഗികവുമല്ല. അതുകൊണ്ട് കോട്ടയം രൂപതയിലേതുപോലെ ക്നാനായക്കാർക്കു വേണ്ടിയുള്ള പള്ളിയായും, സമുദായത്തിനു വെളിയിൽനിന്നു വിവാഹിതരായവരുടെ കുടുംബം ഉൾപ്പെടെ എല്ലാ കത്തോലിക്കർക്കും അജപാലനസൗകര്യങ്ങൾ ലഭ്യമാക്കിയും അമേരിക്കയിലെ ക്നാനായ ഇടവകകൾ പ്രവർത്തിക്കുന്നു.

അമേരിക്കയിലെ ക്നാനായ ഇടവകകളിൽ അംഗത്വ ഫീസോ അംഗത്വ റെജിസ്റ്ററോ ഇല്ല. പകരം, വാർഷിക സംഭാവന സ്വീകരിക്കുന്നു. കോട്ടയം അതിരൂപതയിലെ പള്ളികളിലേതു പോലെ ആത്മസ്ഥിതി പുസ്തകമാണ് ഇവിടെയും സൂക്ഷിക്കുന്നത്. അതിൽ പള്ളിയിലെ തിരുക്കർമ്മങ്ങളിൽ പതിവായി പങ്കുചേരുന്നവരുടെ പേരുവിവരങ്ങളോടൊപ്പം സമുദായം രേഖപ്പെടുത്തുന്നുണ്ട്. കോട്ടയം അതിരൂപതയുടെ പള്ളികളിലുള്ള ആത്മസ്ഥിതി പുസ്തകത്തിലെ പ്ലക്കിനു (പെർമിഷൻ റ്റു ലീവ് ദ എപ്പാർകി ഓഫ് കോട്ടയം എന്നതിനു) പകരമാണിത്. അമേരിക്കയിൽ ക്നാനായക്കാർക്കും അല്ലാത്ത സീറോമലബാറുകാർക്കും പൊതുവായ രൂപതയായതിനാൽ ഇവിടെ രൂപത മാറേണ്ടതില്ല; ഇടവക മാറിയാൽ മതിയാകും. അതിനു രൂപതാധികാരികളുടെ അനുവാദം ആവശ്യമില്ല.

കേരളത്തിൽ വെച്ച് കോട്ടയം അതിരൂപതയിൽനിന്ന് അനുവാദം ചോദിച്ചുവാങ്ങി പുറത്തുപോയി വിവാഹിതരായ ചുരുക്കം ചിലരേ അമേരിക്കയിലെ ക്നാനായ ഇടവകകളിൽ അംഗത്വം വേണമെന്ന് നിർബന്ധം പിടിക്കുന്നുള്ളു. ആ പഴയ തലമുറയുടെ പിൻതലമുറ ക്നാനായ പള്ളികളിൽ വരാറില്ല; അവർക്ക് അതിൽ താല്പര്യവുമില്ല. അതിനാൽ കാലക്രമേണ ഒഴിവാകാവുന്ന പ്രശ്നമേയുള്ളു. ഒഴിവാക്കാവുന്ന പ്രശ്നത്തെചൊല്ലി നമ്മുടെ സഭാവളർച്ച നാം തന്നെ തടയരുത്.

വ്യക്തിഗത ഇടവക അനുവദനീയമാണെന്നും വംശീയത പാലിക്കാൻ നമുക്കു സ്വാതന്ത്ര്യമുണ്ടെന്നും, ക്നാനായക്കാർ ആരെന്നു തീരുമാനിക്കുന്നത് ക്നാനായക്കാരാണെന്നും സഭ അംഗീകരിച്ചിട്ടുണ്ട്. ക്നാനായ സമുദായത്തിനു വെളിയിൽനിന്നു വിവാഹിതരാകുന്നവരെ ക്നാനായക്കാരുടേതല്ലാത്ത ഇടവകകളിലേക്ക് നിർബന്ധിച്ചയക്കാൻ പാടില്ലെന്ന നിലപാടാണ് കോട്ടയം രൂപതയ്ക്കു വെളിയിലുള്ള ക്നാനായക്കാരുടെ കാര്യത്തിൽ പൗരസ്ത്യതിരുസംഘം ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. വാശിയോ നിർബന്ധമോ പ്രകടിപ്പിക്കാതെ സൗഹൃദമായി അവരെ അടുത്തുള്ള സീറോമലബാർ പള്ളിയിൽ സ്വയം ചേരാൻ പ്രോത്സാഹിപ്പിക്കുകയാണ് സമുദായം ചെയ്യുന്നത്. അതനുസരിച്ച ബോധവല്ക്കരണം സമുദായം നല്കുന്നുണ്ട്. സമുദായ വികാരമറിയാവുന്ന യുവദമ്പതികൾ അതിനോട് സർവ്വാത്മനാ സഹകരിക്കുന്നുമുണ്ട്. അതിനാൽ അമേരിക്കയിലെ എല്ലാ ക്നാനായ പള്ളികളും മിഷനുകളും ഇപ്പോൾ പ്രായോഗികമായി കോട്ടയം അതിരൂപതയിലേതുപോലെയാണു പ്രവർത്തിക്കുന്നത്.

**7. സീറോമലബാർ മെത്രാന്മാരോടു വേണ്ട സമീപനം?**

സീറോമലബാർ സഭയെയും ഷിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷനായ മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവിനെയും ക്നാനായ സമുദായ വിരോധികളായി ചിത്രീകരിക്കുന്ന ചുരുക്കം ചിലരുണ്ട്. വാസ്തവത്തിൽ അത് അങ്ങാടിയാത്ത് പിതാവിനെ അടുത്ത് അറിയാത്തതുകൊണ്ടാണ്. ക്നാനായ സമുദായാംഗമല്ലെങ്കിലും അതിന്റെ കുറവു ക്നാനായക്കാർക്കു തോന്നാത്തവിധം സമുദായത്തിനു നന്മചെയ്യുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. നമ്മുടെ ആളുകളുമായി അദ്ദേഹം സൗഹൃദം പുലർത്തുകയും ക്നാനായ പള്ളികളിൽ വരുമ്പോൾ നമ്മുടെ ആളുകളുമായി അടുത്ത് ഇടപഴകുകയും ചെയ്യാറുണ്ട്; അതുപോലെ തന്നെയാണ് സഹായമെത്രാനായ മാർ ജോയി ആലപ്പാട്ടു പിതാവും.

എന്നാൽ ക്നാനായക്കാർക്കു പ്രതികൂലമായി മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവിനു റോമിൽനിന്നു 2001 നവംബർ 27നു ലഭിച്ച നിർദ്ദേശമാണ് അദ്ദേഹത്തിനു അതുവരെ നമ്മോടുണ്ടായിരുന്ന നിലപാടിൽ മാറ്റം വരുത്തുവാൻ കാരണമാക്കിയത്. ക്നാനായക്കാരനല്ലാത്ത അദ്ദേഹം സമുദായം മാറി വിവാഹിതരായ ക്നാനായക്കാരെയും ശ്രവിക്കേണ്ടി വന്നു. എങ്കിലും നമ്മുടെ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുവാൻ അദ്ദേഹം വത്തിക്കാനിലേക്ക് എഴുതുകയും, ക്നാനായ പള്ളികളിലെ അംഗത്വം സംബന്ധിച്ച വിവാദരേഖ പൗരസ്ത്യതിരുസംഘത്തിൽനിന്ന് 2017 ഡിസംബർ 18നു വന്നപ്പോൾ അതിൽ മാറ്റം വരുത്തുവാൻ ക്നാനായ മെത്രാന്മാരായ മാർ മാത്യു മൂലക്കാട്ട്, മാർ ജോസഫ് പണ്ടാരശ്ശേരിൽ എന്നീ പിതാക്കന്മാരോടും, ക്നാനായ റീജിയൺ ഡയറക്ടർ ഫാ. തോമസ് മുളവനാലിനോടും ഡോ. സ്റ്റീഫൻ പൊട്ടൂർ, ജെയ്മോൻ നന്ദികാട്ട്, മേയാമ്മ വെട്ടിക്കാട്ട് എന്നീ അല്മായപ്രതിനിധികളോടുമൊപ്പം മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവ് നമുക്കുവേണ്ടി റോമിൽ പോകുകയും 2018 ഫെബ്രുവരി 6ന് പൗരസ്ത്യതിരുസംഘത്തിന്റെ കാര്യാലയത്തിൽ നടന്ന സമ്മേളനത്തിൽ പങ്കെടുത്ത് നമുക്കുവേണ്ടി സംസാരിക്കുകയും ചെയ്തു. തൽഫലമായി 2018 മാർച്ച് 2ന് നമുക്ക് പ്രവാസി ക്നാനായ പള്ളികളിൽ വ്യക്തിഗതാംഗത്വം അംഗീകരിച്ചുകിട്ടി.

അമേരിക്കയിൽ മാത്രമല്ല, ഏതു രാജ്യത്തും നമ്മുടെ അജപാലകരായി പരിശുദ്ധ സിംഹാസനം നിയമിക്കുന്ന രൂപതാദ്ധ്യക്ഷന്മാരുമായി നാം സഹകരിച്ചും, നമ്മുടെ അവകാശങ്ങൾ സധൈര്യം അവതരിപ്പിച്ചും, അവരെ എതിർക്കാതെയും വെറുപ്പിക്കാതെയും കാര്യങ്ങൾ സാധിക്കണം. വർഗീയതയും തീവ്രവാദവും അപകടകരമാണെന്നു നാം തിരിച്ചറിയണം. ചുരുക്കം ചിലർ മുൻകൈയെടുത്തു നയിച്ച പ്രതിഷേധ പ്രകടനങ്ങൾ ദോഷം ചെയ്തു. അക്രൈസ്തവ മാർഗങ്ങൾ നാം ഒഴിവാക്കണം. സീറോമലബാർ സഭയെയും പിതാക്കന്മാരെയും നാം ശത്രുക്കളായി കാണുകയോ സാമൂഹ്യമാധ്യമങ്ങളിലൂടെ അവഹേളിക്കുകയോ ചെയ്യുന്നത് നമുക്കു വിനാശകരമാണെന്നു നാം തിരിച്ചറിയണം. അവരിൽ നമ്മെ സഹായിക്കാൻ ഉത്സുകരായവരുണ്ട്. നാളിതുവരെ നാം പ്രവാസി സമൂഹങ്ങളിൽ സഭാപരമായി നേടിയതെല്ലാം അനുനയ സമീപനത്തിലൂടെയാണ്. നമ്മുടെ ആഗ്രഹാനുസരണമുള്ള സഭാസംവിധാനം ഉണ്ടാകണമെങ്കിൽ നാം പക്വവും ക്രിസ്തീയവുമായ മാർഗമാണ് അവലംബിക്കേണ്ടത്.

**8. ക്നാനയസംഘടന ഉള്ളപ്പോൾ മിഷൻ ആവശ്യമുണ്ടോ?**

ക്നാനായ മിഷനുകൾ ഉണ്ടാകുന്നതിനു മുമ്പ് പ്രവാസി നാടുകളിൽ ക്നാനായക്കാരെ ഒരുമിച്ചു കൂട്ടുവാനും ക്നാനായ പാരമ്പര്യങ്ങൾ നിലനിർത്തുവാനും ഇടയ്ക്കിടെ സീറോമലബാർ കുർബാനയും, ധ്യാനവും, ക്രിസ്തുമസ് കുർബാന, വിശുദ്ധ വാരകർമങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുവാനും ക്നാനായ സംഘടനകൾ വഹിച്ചിട്ടുള്ള പങ്ക് പ്രശംസനീയമാണ്. അവയെ അതാതുകാലത്തെ ക്നാനായ മെത്രാന്മാരും വൈദികരും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. എന്നാൽ സംഘടനകൾക്ക്

ചെയ്യാവുന്ന സേവനങ്ങൾക്കു പരിമിതികളുണ്ട്. ഇടവകകൾ ചെയ്യുന്ന ശുശ്രൂഷ മുഴുവൻ ചെയ്യുവാൻ സംഘടനകൾക്കു സാധിക്കുകയില്ലല്ലോ.

വൈദികരെ നിയമിക്കാനും തിരുകർമ്മങ്ങൾ പരികർമ്മം ചെയ്യുന്നതിന് അനുവദിക്കാനും അധികാരമുള്ളത് സ്ഥലത്തെ മെത്രാന്മാർക്കു മാത്രമാണ്. സിറോ മലബാർ രൂപതകൾ ഉള്ള സ്ഥലങ്ങളിൽ ആ രൂപതാദ്ധ്യക്ഷന്മാരോടു ചേർന്നു കൊണ്ടും, ഇല്ലാത്ത സ്ഥലങ്ങളിൽ ലത്തീൻ മെത്രാന്റെ അനുവാദത്തോടെയുമേ തിരുക്കർമ്മങ്ങൾ സംഘടനയുടെ നേതൃത്വത്തിലാണെങ്കിലും വൈദികർക്കു ചെയ്യുവാൻ സാധിക്കുകയുള്ളു.

അസ്സോസിയേഷന്റെ പോഷകസംഘടനയായി നിലനില്ക്കാൻ മിഷന് കത്തോലിക്കാസഭയിൽ സാധിക്കുകയില്ല. മറിച്ച് മിഷന്റെയോ ഇടവകയുടെയോ പോഷകസംഘടനയായിട്ടാണ് അല്മായ അസ്സോസിയേഷനുകൾ പ്രവർത്തിക്കേണ്ടത്. അല്ലാത്തവയെ സഭയുടെ ഔദ്യോഗിക സംഘടനയായി അംഗീകരിക്കണമെന്നില്ല. രൂപതാദ്ധ്യക്ഷന്റെ അംഗീകാരമുള്ളതും ഇടവകയ്ക്കു വിധേയപ്പെടുന്നതുമായ സംഘടനകളുടെ പ്രതിനിധികൾക്കേ പാരിഷ് കൗൺസിലിൽ ഔദ്യോഗിക അംഗത്വം നല്കാറുള്ളു.

അസോസിയേഷനുകളിൽ കുറെനാൾ പ്രവർത്തിച്ചു കഴിയുമ്പോൾ അതിനോട് ചിലർക്കെങ്കിലും ആഭിമുഖ്യം വർദ്ധിക്കുക സ്വാഭാവികമാണ്. സംഘടനകൾക്ക് സമുദായത്തിനുവേണ്ടി ഏറെ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. എന്നാൽ ക്നാനായ മിഷനുകളും ഇടവകകളും സ്ഥാപിക്കുവാൻ സംഘടനകൾ പ്രോത്സാഹനവും സഹകരണവും നല്കേണ്ടതാണ്. അങ്ങനെ പല സംഘടനകളും സഹകരിച്ചതുകൊണ്ടാണ് നമുക്ക് ഇത്രയേറെ പ്രവാസി ക്നാനായ മിഷനുകളും ഇടവകകളും അമേരിക്കയിൽ സ്ഥാപിക്കുവാൻ സധിച്ചത്.

ഉദാഹരണമായി, പ്രഥമ പ്രവാസി ദൈവാലയം ഷിക്കാഗോ അതിരൂപതയോടു വാങ്ങിയപ്പോൾ അതിന് സഹായമെത്രാൻ ബിഷപ്പ് തോമസ് പപ്രോക്കിയുമായി ബന്ധപ്പെട്ട് ഇടപാടുകൾ നടത്തുവാൻ സഹായിച്ചത് അന്നത്തെ കെ.സി.സി.എൻ.എ. പ്രസിഡണ്ട് ജോയി വാച്ചാച്ചിറയാണ്. അതു വാങ്ങുന്നതു സംബന്ധിച്ച വിവാദമുണ്ടായപ്പോൾ ഷിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പ്രസിഡണ്ട് മാത്യു നെടുമാക്കൽ സൊസൈറ്റിയുടെ പൊതുയോഗത്തിൽ അനുകൂല തീരുമാനം എടുപ്പിച്ചു. ക്നാനായ മിഷനുകൾ ഇല്ലാതിരുന്ന പല നഗരങ്ങളിലും മിഷനുകൾ ആരംഭിക്കുന്നതിനേക്കുറിച്ച് വിഷയാവതരണം നടത്തി തീരുമാനമെടുപ്പിക്കുവാൻ വികാരി ജനറാളിനുവേണ്ടി പൊതുയോഗം വിളിച്ചുകൂട്ടിയത് പ്രാദേശിക ക്നാനായ സംഘടനകളാണ്. കെ.സി.സി.എൻ.ഏ. സെക്രട്ടറിയായിരുന്ന സിറിയക്ക് പുത്തൻപുരയിലും പ്രസിഡന്റ് ജോർജ്ജ് നെല്ലാമറ്റവും ക്നാനായ മിഷനുകൾക്ക് അനുകൂലമായി മിഷന്റെ മീറ്റിംഗുകളിൽ സഹകരിച്ചിട്ടുണ്ട്.

നമ്മൾ ക്നാനായക്കാർ മാത്രമല്ല, കത്തോലിക്കർ കൂടിയാണെന്നത് നാം വിസ്മരിക്കരുത്. നമ്മുടെ വിശ്വാസജീവിതത്തിന്റെ ലക്ഷ്യം ക്രിസ്തുവിന്റെ സഭയിലൂടെ സ്വർഗ്ഗത്തിൽ പിതൃസന്നിധിയിൽ എത്തുകയാണ്. അതു സാധിക്കുന്നത് ഇടവകകൾ വഴിയും രൂപതാദ്ധ്യക്ഷൻ നിയോഗിക്കുന്ന വൈദികരിലൂടെയുമാണ്. അവർ ക്രിസ്തുവിന്റെ സത്യമാർഗം പഠിപ്പിക്കുമ്പോൾ അവരെ പീഢിപ്പിച്ചാൽ അവർ പ്രതിനിധാനം ചെയ്യുന്ന ക്രിസ്തുവിനെയും ഇടവകയ്ക്കെതിരുനിന്നാൽ കിസ്തുവിന്റെ സഭയേയുമാണു നാം പീഢിപ്പിക്കുക.

നമ്മുടെ ആരാധനാക്രമത്തിലും മതബോധനക്ലാസ്സുകളിലും ഭക്തസംഘടനകളിലും ദൈവാലയാന്തരീക്ഷത്തിലും നാം നാട്ടിൽ വളർന്നതുപോലെ നമ്മുടെ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുവാൻ ക്നാനായ ദൈവാലയങ്ങളും അവിടുത്തെ ശാന്തതയും വിശുദ്ധിയും പ്രവാസിപ്രദേശങ്ങളിലും ആവശ്യമാണ്.

സമുദായാംഗങ്ങൾ പള്ളിഗ്രൂപ്പും അസ്സോസിയേഷൻ ഗ്രൂപ്പുമായി തിരിയുവാൻ പാടില്ല. അത് സമുദായ ഐക്യത്തിനും ക്രൈസ്തവ സാഹോദര്യത്തിനും വിരുദ്ധമാണ്. സംഘടനയും ഇടവകയും നമുക്കാവശ്യമാണ്. അവ പരസ്പരം തങ്ങളുടെ റോളുകൾ തിരിച്ചറിഞ്ഞു പ്രവർത്തിക്കുകയും പരസ്പരം പിന്തുണയ്ക്കുകയും ചെയ്യണം. സാമുദായികവും സാംസ്കാരികവും കലാപരവുമായ വളരെ കാര്യങ്ങൾ ക്നാനായ അസോസിയേഷനുകൾക്ക് സമുദായത്തിനുവേണ്ടി ചെയ്യാനാകും. അതുകൊണ്ട് പള്ളികൾ വന്നാൽ അസ്സോസിയേഷൻ ശുഷ്കിക്കുമെന്ന് ഭയപ്പെടേണ്ട. മറിച്ച്, പള്ളിയുമായി സഹകരിച്ച് പുഷ്ടിപ്പെടുകയാണു വേണ്ടത്.

**9. കമ്മ്യൂണിറ്റി സെന്ററുകളിൽ കുർബാന പാടില്ലേ?**

ക്നാനായ കൂട്ടായ്മയ്ക്കും കുട്ടികളുടെ കലാസാംസ്കാരിക പരിശീലനത്തിനുമാണ് ചില സ്ഥലങ്ങളിൽ ക്നാനായകമ്മ്യൂണിറ്റി സെൻററുകൾ സ്ഥാപിച്ചത്. അതിന് അല്മായ സംഘടനകളെ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവും വൈദികരും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. നമുക്ക് ദൈവാലയങ്ങളില്ലാതിരുന്ന കാലത്ത് സൗകര്യാർത്ഥം അവിടെ ദിവ്യബലിയർപ്പണവും മറ്റു തിരുക്കർമ്മങ്ങളും മതബോധന ക്ലാസ്സുകളും നടത്തിയിട്ടുണ്ട്.

സീറോമലബാർ സഭാ സംവിധാനം ഉണ്ടാകുന്നതിനു മുൻപ് ഭവനങ്ങളിലും കമ്മ്യൂണിറ്റി സെൻററുകളിലും ദിവ്യബലി അർപ്പിച്ചിരുന്നു. മതമർദ്ദനമുണ്ടായിരുന്ന ആദിമസഭയിൽ ദിവ്യബലിയർപ്പിച്ചിരുന്നത് ഭവനങ്ങളിലായിരുന്നെങ്കിലും പിന്നീട് അത് ദൈവാലയത്തിലേക്ക് മാറ്റുകയുണ്ടായി. അതുപോലെ നമുക്ക് സഭാ സംവിധാനങ്ങൾ സ്ഥാപിക്കുവാൻ അവസരം ലഭിച്ചതോടെ ഭവനങ്ങളിലും ഹോളുകളിലും കുർബാനയർപ്പിച്ചിരുന്നത് സഭ നിർത്തലാക്കി.

കമ്മ്യൂണിറ്റി സെൻററുകൾ സംഘടനാഭാരവാഹികളുടെ നിയന്ത്രണത്തിലായതിനാൽ അവിടെ വിശുദ്ധ കുർബാന സൂക്ഷിക്കുന്നതിനും അതിന്റെ പരിശുദ്ധി പാലിക്കുന്നതിനും വൈദികർക്കു പരിമിതിയുണ്ട്. ദൈവാലയത്തിന്റെ പവിത്രത കമ്മ്യൂണിറ്റി സെന്ററിൽ ലഭിക്കുകയില്ല. മാത്രമല്ല, സ്വന്തം പള്ളികളുണ്ടെങ്കിൽ ഇടവകയ്ക്ക് ഏറെ അജപാലന ശുശ്രൂഷ ചെയ്യാനാവും.

കെ.സി.സി.എൻ.എ. കൺവെൻഷനുകൾക്കും ഹോട്ടലുകളിൽ താമസിച്ചുള്ള ധ്യാനങ്ങൾക്കും വിശുദ്ധ കുർബാന ഹാളുകളിൽ അനുവദിക്കുമെങ്കിലും സാധാരണഗതിയിൽ അത് അനുവദിക്കാറില്ല. സഭാനിയമപ്രകാരം അതിവിശിഷ്ട സ്ഥലത്തായിരിക്കണം വിശുദ്ധ കുർബാന അർപ്പിക്കേണ്ടത്. കൂദാശചെയ്ത ദൈവാലയങ്ങൾ ലഭ്യമല്ലാത്ത അവസരങ്ങളിൽ മാത്രം പാവനമായ മറ്റു സ്ഥലങ്ങളിൽ ദിവ്യബലി അർപ്പിക്കാം. നമ്മുടേതായ ദൈവാലയങ്ങൾ സ്ഥാപിക്കുവാൻ സൗകര്യമുള്ളപ്പോൾ, അല്ലെങ്കിൽ മറ്റു പള്ളികൾ ഉപയോഗിക്കുവാൻ ലഭ്യമാകുമ്പോൾ, കൂദാശ ചെയ്യപ്പെട്ട ദൈവാലയങ്ങളിലാണ് വിശുദ്ധ കുർബാന അർപ്പിക്കേണ്ടത് (Canon 932). സഭയുടെ നിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കുവാൻ സംഘടനാ ഭാരവാഹികളും സമുദായാംഗങ്ങളും സന്നദ്ധരാകണം.

**10. പള്ളികൾ വാങ്ങിയത് ആരുടെ പേരിൽ?**

പൗരസ്ത്യ കാനൻ നിയമം 1008 അനുസരിച്ച് റോമൻ മാർപാപ്പായാണ് സഭാ വസ്തുക്കളുടെ പരമമായ ഭരണാധികാരിയും കാര്യസ്ഥനും. കാനൻ നിയമത്തിനനുസൃതമായി ജൂറിഡിക് പേഴ്സണ് വസ്തുക്കൾ സഭയ്ക്കുവേണ്ടി ക്രയവിക്രയം ചെയ്യാം. ആഗോള സഭയുടെ കാനൻ 515 §3 പ്രകാരം നിയമാനുസൃതം സ്ഥാപിതമായ ഇടവകയും ജൂറിഡിക് പേഴ്സണാണ്. ഈ വകുപ്പുകൾ പ്രകാരം അമേരിക്കയിലെ ക്നാനായ ഇടവകയ്ക്കുവേണ്ട വസ്തുവകകൾ സഭയ്ക്കും അതാത് ഇടവകയുടെ ഉപയോഗത്തിനുമായി രൂപതാദ്ധ്യക്ഷന്റെ അനുമതിയോടെ ഇടവകയുടെ പേരിലാണു വാങ്ങിയത്. അപ്രകാരമാണല്ലോ കേരളത്തിൽ നാം ചെയ്യുന്നത്.

ക്നാനായ പള്ളികളും മറ്റു വസ്തുവകകളും വാങ്ങുവാൻ ഒപ്പിട്ടിരിക്കുന്നത് ഇടവക വികാരിയും കൈക്കാരന്മാരുമാണ്. എന്നാൽ അവ വാങ്ങുന്നതും വില്ക്കുന്നതും രൂപതയിലെ കൂരിയായുടെ അനുവാദത്തോടെയാണ്. ഇടവകക്കാർ വസ്തുവകകൾ വാങ്ങിയാലും ഇടവകയ്ക്കുതന്നെ ഉപയോഗിക്കാനുള്ളതാണെങ്കിലും കത്തോലിക്കാ സഭയ്ക്കുവേണ്ടിയാണ് അവ വാങ്ങുന്നത്. ഇടവകയുടെ സമ്പത്ത് രൂപത എടുത്തുകൊണ്ടു പോകാൻ സഭാനിയമമില്ല. അതിൽ നാം ഭയപ്പെടേണ്ടതില്ല.

**11. സീറോമലബാർ രൂപതയുമായുള്ള ബന്ധം**

സിവിൾ നിയമപ്രകാരം ഓരോ ക്നാനായ ഇടവകയും പ്രത്യേക കോർപ്പറേഷനാണെങ്കിലും സഭാപരമായി അത് സീറോമലബാർ സഭയുടെ ഭാഗമാണ്. കോട്ടയം മെത്രാപ്പോലിത്താ അയയ്ക്കുന്ന വൈദികരെ സ്പോൺസർ ചെയ്തു കൊണ്ടുവരുന്നതും പള്ളികളിൽ നിയമിക്കുന്നതും സ്ഥലം മാറ്റുന്നതും സോറോമലബാർ രൂപതാദ്ധ്യക്ഷനാണ്.

അമേരിക്കയിലെ ക്നാനായ ഇടവകകൾക്ക് കോർപ്പറേഷന്റെ "ആർട്ടിക്കിൾസ് ഓഫ് ഇൻകോർപ്പറേഷൻ"

ഉണ്ടെങ്കിലും അതിന്റെ നിയമാവലി ഷിക്കാഗോ സീറോമലബാർ രൂപതയുടെ പള്ളിയോഗ നടപടിക്രമമാണ്. പൊതുയോഗം തെരഞ്ഞെടുക്കുന്ന കൈക്കാരന്മാരെയും പാരീഷ് കൗൺസിലിനെയും ഫൈനാൻസ് ഓഫീസറെയും അംഗീകരിക്കുന്നത് രൂപതാദ്ധ്യക്ഷനാണ്. ബാങ്ക് അക്കൗണ്ട് വികാരിയുടെയും കൈക്കാരന്മാരുടെയും പേരിലാണ്. അതിനെ അമേരിക്കൻ രൂപതകളിലെ പതിവിൽനിന്നു വിഭിന്നമായി രൂപതയുടെ ഓൺലൈൻ അക്കൗണ്ടുമായി ബന്ധിപ്പിച്ചിട്ടില്ല. വരുമാനത്തിന്റെ പത്തു ശതമാനവും രൂപത നിശ്ചയിച്ചിട്ടുള്ള മറ്റു വിഹിതങ്ങളും എല്ലാ വർഷവും ഓഡിറ്റുചെയ്ത കണക്കു സഹിതം രൂപതയ്ക്കു നല്കുന്നുണ്ട്. രൂപതവഴി അമേരിക്കൻ ബിഷപ്പ് കോൺഫ്രൻസിൽനിന്നാണ് സർക്കാരിന്റെ നികുതി ഇളവു ലഭിക്കുന്നത്. ഇക്കാര്യങ്ങളിലെല്ലാം അതാതു രൂപതയുടെ നിർദ്ദേശങ്ങളും രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും നിയമങ്ങളും ക്നാനായ മിഷനുകളും ഇടവകകളും പാലിക്കേണ്ടതുണ്ട്.

## 12. പള്ളികളുടെ സാമ്പത്തിക സ്ഥിതി എന്ത്?

ഷിക്കാഗോയിലെ ആദ്യദൈവാലയം ലത്തീൻ അതിരൂപതയോടു വാങ്ങിച്ചപ്പോൾ ആ പള്ളിയുടെ മുൻവികാരി പറഞ്ഞു: “സാമ്പത്തിക ബുദ്ധിമുട്ടുമൂലമാണല്ലോ ഈ പള്ളി ഞങ്ങൾ നിങ്ങൾക്കു വില്ക്കുന്നത്. നിങ്ങളുടെ ആളുകൾ ഞായറാഴ്ചകളിൽ ഓരോ ഡോളറല്ലേ നേർച്ചയിടൂ! ഞങ്ങളുടെ ആളുകളാകട്ടെ 100 ഡോളർ വീതവും. ഒരു വർഷത്തിനകം ഈ പള്ളി നിങ്ങൾ പൂട്ടികെട്ടുമെന്ന് എനിക്കുറപ്പാണ്.”

അക്കാലത്തെ ഷിക്കാഗോ അതിരൂപതാദ്ധ്യക്ഷൻ കർദ്ദിനാൾ ഫ്രാൻസീസ് ജോർജ് ചോദിച്ചു: “നിങ്ങളുടെ ആളുകൾ നിസ്സാര തുകയല്ലേ പള്ളിക്ക് സംഭാവന ചെയ്യൂ. പിന്നെങ്ങനെ ഈ പള്ളി നിങ്ങൾ നിലനിർത്തും?”

ഞങ്ങളുടെ മറുപടി ഇപ്രകാരമായിരുന്നു: “ഒന്നുകിൽ ഞങ്ങളുടെ ജനം തരും; അല്ലെങ്കിൽ ദൈവം തരും.” അതു തന്നെയാണ് സംഭവിച്ചത്. ക്നാനായ വിശ്വാസികളും ദൈവവും അമേരിക്കയിലെ എല്ലാ ക്നാനായ പള്ളികളും പരസഹായം കൂടാതെ സാമ്പത്തിക സുരക്ഷിതത്വത്തിൽ നിലനിർത്തുന്നു. സാമ്പത്തിക പ്രതിസന്ധിമൂലം വർഷംതോറും അനവധി പള്ളികൾ അടച്ചുപൂട്ടുന്ന അമേരിക്കക്കാർക്ക് നമ്മൾ കൂടുതൽ പള്ളികൾ വാങ്ങി നഷ്ടമില്ലാതെ പരിപാലിക്കുന്നത് അത്ഭുത പ്രതിഭാസമാണ്.

അമേരിക്കയിലെ ക്നാനായ പള്ളികളുടെ സാമ്പത്തിക സുരക്ഷിതത്വത്തിന്റെ രഹസ്യം മുഖ്യമായും നമ്മുടെ ആളുകളുടെ സന്നദ്ധ സേവനമാണ്. ഇടവക സെക്രട്ടറി, ബുള്ളറ്റിൻ എഡിറ്റർ, അക്കൗണ്ടൻറ്, മതബോധന ഡയറക്ടർ, മാതാദ്ധ്യാപകർ, മെയിന്റനൻസ് പേഴ്സൺ, ശുചീകരണ ജോലിക്കാർ എന്നിങ്ങനെ അനവധി തൊഴിലാളികൾക്ക് ലത്തീൻ പള്ളികളിൽ ശമ്പളവും ആനുകൂല്യങ്ങളും കൊടുത്തു നിലനിർത്തുമ്പോൾ നമ്മുടെ പള്ളികളിൽ ഇവയെല്ലാം ഇടവകക്കാർ സൗജന്യമായി ചെയ്യുന്നു. അതിലൂടെ നമ്മുടെ ഇടവകകൾ സിംഹഭാഗം ചെലവുകളും ഒഴിവാക്കുന്നു. എന്നാൽ വൈദികർക്കും അത്യാവശ്യം ജോലിക്കാരോ താല്ക്കാലിക പണിക്കാരോ ഉണ്ടെങ്കിൽ അവർക്കും പ്രതിഫലവും ആനുകൂല്യങ്ങളും ഇടവകയിൽനിന്നു നല്കുന്നുണ്ട്. പള്ളിയുടെ അനുദിന നടത്തിപ്പുകൾക്കാവശ്യമായ ധനം കുടുംബങ്ങളുടെ എണ്ണമനുസരിച്ച് ഇടവകക്കാർ വാർഷിക സംഭാവന, നേർച്ച, സ്പോൺസർഷിപ്പ്, മതബോധന ഫീസ് എന്നിങ്ങനെ വിവിധ തരങ്ങളിൽ നല്കി സഹകരിക്കുന്നുണ്ട്.

ക്നാനായ പള്ളികൾ “സങ്കര“ പള്ളികളാണെന്നും അവിടെ സംഭാവനകൾ ബഹിഷ്കരിച്ച് സാമ്പത്തിക തകർച്ചയിലൂടെ ആ പള്ളികൾ പൂട്ടിക്കണമെന്നും സാമൂഹ്യമാധ്യമങ്ങളിലൂടെ നിരന്തരം ആഹ്വാനം ചെയ്യുന്നവരുണ്ട്. എന്നാൽ നിശബ്ദരായ ബഹുഭൂരിപക്ഷം വിശ്വാസികളും പള്ളികളുടെ സേവനം വേണ്ടത്ര പ്രയോജനപ്പെടുത്തുകയും പള്ളിക്കു സേവനം ചെയ്യുകയും സന്മനസ്സോടെ സംഭാവന നല്കുകയും ചെയ്യുന്നു. അതിനാൽ അമേരിക്കയിൽ 14 ക്നാനായ ഇടവകകളും എട്ടു മിഷനുകളും കോവിഡു കാലത്തുപോലും സാമ്പത്തിക സുരക്ഷിതത്വത്തിലാണ്. അതിന് ദൈവത്തോടും വിശ്വാസസമൂഹത്തോടും കടപ്പെട്ടിരിക്കുന്നു.

## 13. സീറോ മലങ്കരക്കാരുടെ അജപാലനം എങ്ങനെ?

സീറോമലബാർ, സീറോമലങ്കര റീത്തുകളിൽ ഉൾപ്പെട്ടവരാണല്ലോ കോട്ടയം അതിരൂപതാംഗങ്ങൾ. പ്രവാസി കുടിയേറ്റപ്രദേശങ്ങളിൽ ഇരു റീത്തുകളിൽപെട്ടവരും കുടിയേറിയിട്ടുണ്ട്. അമേരിക്കയിലെ ക്നാനായ കത്തോലിക്കർ ഷിക്കാഗോ സിറോമലബാർ രൂപതയുടെ കീഴിൽ വരുമ്പോൾ സീറോമലങ്കര വിഭാഗത്തിന്റെ രൂപതാദ്ധ്യക്ഷൻ

ആരാണെന്ന ചോദ്യം പലരും ഉന്നയിക്കാറുണ്ട്.

അമേരിക്കയിൽ സീറോമലങ്കരക്കാർക്ക് മെത്രാൻ പിന്നീടുണ്ടായെങ്കിലും അദ്ദേഹത്തിന്റെ കീഴിൽ ക്നാനായ മലങ്കരക്കാർ മാറിയാൽ അവർക്കു മാത്രമായി മിഷനോ പള്ളിയോ ഉണ്ടാക്കുവാൻ മാത്രം ആളുകളോ സീറോമലങ്കര വൈദികരോ ഓരോ നഗരത്തിലുമില്ല. മാത്രമല്ല, അവർ അതാതു പ്രദേശത്തെ ക്നാനായ കൂട്ടായ്മയിൽനിന്നു വേർതിരിക്കപ്പെടും. അതിനാൽ ഒന്നിച്ച് അജപാലനസേവനം പ്രയോജനപ്പെടുത്തുവാനാണ് ഇരുകൂട്ടരും ആഗ്രഹിക്കുന്നത്.

റോമിൽ 2003 ജൂലൈ 3,4,5 തീയതികളിൽ നടന്ന ഗ്ലോബൽ ക്നാനായ കൺവെൻഷൻ സമയത്ത് വികാരി ജനറാൾ ഫാ. ഏബ്രഹാം മുത്തോലത്ത്, ഫാ. ഫിലിപ്പ് തൊട്ടുകയിൽ, ഫാ. മൈക്കിൾ നെടുന്തുരുത്തിയിൽ, ജോയി നെടിയകാലായിൽ, ജോയി ചെമ്മാച്ചേൽ, അബ്രാഹം കല്ലടാന്തിൽ എന്നിവർ പൗരസ്ത്യ തിരുസംഘം ഓഫീസിലെത്തി ഈ വിഷയം തിരുസംഘത്തിന്റെ പ്രതിനിധി മോൺ. നോർബർട്ട് ഗ്ലാഡ്സ്റ്റോറുമായി ചർച്ച ചെയ്തു. മാർ ജേക്കബ് അങ്ങാടിയാത്തു പിതാവ് രേഖാമൂലം ആവശ്യപ്പെട്ടാൽ ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കാമെന്ന് മോൺ. നോർബർട്ട് അറിയിച്ചു. അങ്ങാടിയാത്തു പിതാവിനെ ഇക്കാര്യം അറിയിച്ചെങ്കിലും കൂടുതൽ പ്രശ്നങ്ങൾക്കു വഴിതെളിച്ചെങ്കിലോ എന്ന ആശങ്കയാൽ അതിനായി മുന്നോട്ടു ശ്രമിച്ചില്ല.

കോട്ടയം അതിരൂപത ഇരു റീത്തിലും പെട്ടവർക്കുള്ളതാകയാൽ അവിടെനിന്നയയ്ക്കുന്ന വൈദികർക്ക് ഇരു റീത്തുകാരുടെയും അജപാലനാവശ്യങ്ങൾ നടത്തികൊടുക്കാമെന്ന ധാരണയിൽ സീറോ മലങ്കരക്കാരെ ക്നാനായ കത്തോലിക്കാ ഇടവകകളുടെ ഭാഗമാക്കിയിരിക്കുന്നു. എന്നാൽ അവരെയും, ക്നാനായ യാക്കോബായ സഭയിൽനിന്നു സീറോമലബാർ ക്നാനായക്കാരെ വിവാഹം ചെയ്ത് കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ടവരെയും ഉദ്ദേശിച്ച് കോട്ടയത്തുനിന്നു സന്ദർശനത്തിനെത്തുന്ന ക്നാനായ മലങ്കര വൈദികരെക്കൊണ്ടും അമേരിക്കയിലുള്ള മറ്റു മലങ്കര വൈദികരെക്കൊണ്ടും മലങ്കര റീത്തിൽ വിശുദ്ധ കുർബാന അർപ്പിക്കാറുണ്ട്. ക്നാനായ കത്തോലിക്കരുടെകൂടി അജപാലകനെന്ന നിലയിൽ അങ്ങാടിയാത്തു പിതാവിനെ മലങ്കര വിഭാഗത്തിൽപ്പെട്ടവരും തങ്ങളുടെ പിതാവായി ആദരിക്കുന്നു.

## 14. അങ്ങാടിയാത്തു പിതാവിന്റെ നിലപാട്

സീറോമലബാർ സഭയിലെ പ്രവാസികളുടെ പ്രഥമ രൂപതയെന്ന നിലയിൽ ഷിക്കാഗോയിലെ സീറോമലബാർ രൂപതാദ്ധ്യക്ഷൻ ക്നാനായക്കാരോടെടുക്കുന്ന സമീപനം പില്ക്കാലത്ത് മറ്റു രാജ്യങ്ങളിൽ സ്ഥാപിതമാകുന്ന സീറോമലബാർ രൂപതകളെയും സ്വാധീനിക്കുമെന്നതിനാൽ വളരെ ശ്രദ്ധാപൂർവം ക്നാനായ സമുദായത്തിനു ദോഷകരമാകാത്തതും ഭാവിവികസനത്തിനു പര്യാപ്തവുമായ തീരുമാനങ്ങൾ എടുപ്പിക്കേണ്ടിയിരുന്നു. രൂപതയുടെ പൊതു നന്മയെ കരുതി പിതാവ് ആദ്യമെടുത്ത നിലപാടുകളും നമ്മുടെ ഇടപെടലിനനുസരിച്ച് വരുത്തിയ മാറ്റങ്ങളുമാണ് ഇനി പ്രതിപാദിക്കുന്നത്.

### ക്നാനായക്കാർക്ക് വെവ്വേറെ പള്ളികൾ വേണമോ?

സിറോ മലബാർ രൂപത 2001ൽ അമേരിക്കയിൽ സ്ഥാപിതമാകുമ്പോൾ ക്നാനായക്കാരുൾപ്പെടെയുള്ള സീറോമലബാർ വിശ്വാസികൾ പള്ളികൾക്ക് ഗണ്യമായ സംഭാവന നല്കി ശീലിച്ചിരുന്നില്ല. കേരളത്തിലെ 23 ക്നാനായേതര സീറോമലബാർ രൂപതകളിൽനിന്ന് അമേരിക്കയിൽ കുടിയേറിയവരിൽ പലരും സിറോമലബാർ മിഷനുകളിൽ സഹകരിച്ചിരുന്നില്ല.

വൈദികരുടെ കുറവും ജനബാഹുല്യക്കുറവും ധനസമാഹരണ ക്ലേശവും പരിഗണിച്ച് ക്നാനായക്കാർ ഉൾപ്പെടെ എല്ലാ സീറോമലബാറുകാർക്കും ഓരോ നഗരത്തിൽ ഓരോ ദൈവാലയംവീതം വാങ്ങുകയോ പണിയുകയോ ചെയ്യാമെന്നാണ് അങ്ങാടിയാത്തു പിതാവ് വികാരി ജനറാൾ ഫാ. ഏബ്രഹാം മുത്തോലത്തിനോട് അഭിപ്രായപ്പെട്ടത്. അത് ക്നാനായ സമുദായത്തിന്റെ സഭാത്മക ഭാവിക്ക് ദോഷകരമാണെന്ന കാരണത്താൽ ക്നാനായക്കാർക്ക് വെവ്വേറെ മിഷനുകളും പള്ളികളും വേണമെന്ന് അദ്ദേഹം നിർബന്ധപൂർവം ആവശ്യപ്പെട്ടു. അപ്രകാരം നല്കണമെന്ന് വത്തിക്കാനിൽ നിന്ന് അങ്ങാടിയാത്തു പിതാവിനു നിർദ്ദേശമുള്ളതും ശ്രദ്ധയിൽ പെടുത്തി. ക്നാനായക്കാർ വേറെ പള്ളികൾ വാങ്ങുന്നത് അപ്രായോഗികമാണെന്ന് പിതാവിനു തോന്നിയെങ്കിലും അദ്ദേഹം അതിനു സമ്മതിച്ചു. എന്നാൽ പില്ക്കാലത്ത് അതു

ഗുണകരമായി. പള്ളികൾ വാങ്ങുവാനും നിലനിർത്തുവാനും നമ്മുടെ ആളുകൾ ഉത്സുകരാകുകയും ഉദാരമായി സഹകരിക്കുകയും ചെയ്തു.

**ക്നാനായക്കാർക്കു മാത്രമായി റീജിയണോ?**

ഷിക്കാഗോ മലബാർ രൂപതയിൽ ക്നാനായക്കാരുടേതുൾപ്പെടെ മിഷനുകളും ഇടവകകളും വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ 2006ൽ രൂപതയെ ആറു റീജിയണുകളായി തിരിക്കുവാൻ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവു തീരുമാനിച്ചു. എന്നാൽ റീജിയണുകളുടെ അതാത് അതിർത്തിയിലുള്ള ക്നാനായ മിഷനുകളെ സിറോമലബാർ റീജിയണുകളിൽ ലയിപ്പിക്കുവാനാണ് പിതാവ് ഉദ്ദേശിച്ചത്.

അങ്ങനെ വന്നാൽ ക്നാനായക്കാർക്ക് ദേശീയതലത്തിൽ തനതായ സംവിധാനമില്ലാതെ പോകുമെന്നതിനാലും സീറോമലബാർ മിഷനുകളും ഇടവകകളും മറ്റ് ഇടവകകളുമായി ഒന്നിച്ചു പ്രവർത്തിക്കേണ്ടിവരുമെന്നതിനാലും അമേരിക്കയിലെ എല്ലാ ക്നാനായ മിഷനുകളെയും ഇടവകകളെയും, അവയില്ലാത്ത സ്ഥലങ്ങളിലെ ക്നാനായക്കരെയും പ്രത്യേക റീജിയണായി തിരിക്കണമെന്ന് അന്നത്തെ വികാരി ജനറാൾ ഫാ. ഏബ്രഹാം മുത്തോലത്ത് ആവശ്യപ്പെട്ടു.

സീറോമലബാർ വൈദികപ്രതിനിധികൾക്ക് അതിനോട് വിയോജിപ്പുണ്ടായിരുന്നു. കാരണം, റീജിയൺ എന്നാൽതന്നെ പ്രാദേശികം എന്നാണല്ലോ അർത്ഥം. അതിനു വിരുദ്ധമല്ലേ രൂപതയുടെ ദേശീയതല വ്യാപ്തിയിൽ മറ്റൊരു റീജിയൺ തിരിക്കുന്നത് എന്നാണവർ ചോദിച്ചത്. എങ്കിലും ക്നാനായക്കാരുടെ വികാരം മാനിച്ചുകൊണ്ട് ദേശീയതലത്തിൽതന്നെ ഏഴാമതൊരു റീജിയൺ ക്നാനായക്കാർക്കു മാത്രമായി മാർ ജേക്കബ് അങ്ങാടിയാത്തു പിതാവ് അനുവദിക്കുകയും ക്നാനായ വികാരി ജനറാളിനെ റീജിയൺ ഡയറക്ടറായി നിയമിക്കുകയും ചെയ്തു. അതുവഴി ക്നാനായ റീജിയണ് അജപാലന നേതൃത്വം കൈവരുകയും റീജിയൺതല പരിപാടികൾ സംഘടിപ്പിക്കുന്നതിനു വഴിയൊരുങ്ങുകയും ചെയ്തു.

**ഇടവകയുടെ വസ്തുക്കൾ രൂപതയുടെ പേരിൽ വാങ്ങണ്ടേ?**

അമേരിക്കയിലെ ലാറ്റിൻ പള്ളികൾ അവയുടെ വസ്തുക്കൾ അതാതു ലത്തീൻ രൂപതയുടെ ഉടമസ്ഥതയിലാണ് വാങ്ങാറുള്ളത്. എന്നാൽ സീറോമലബാർ രൂപതയുടെ ഉടമസ്ഥതയിൽ ക്നാനായ പള്ളികൾ വാങ്ങുന്നതിന് ക്നാനായക്കാർ എതിരായി. ആ പ്രശ്നത്തിന് പരിഹാരമായി വികാരി ജനറാൾ ഫാ. എബ്രഹാം മുത്തോലത്ത് രൂപതാദ്ധ്യക്ഷനോട് അഭിപ്രായപ്പെട്ടത് ഓരോ ഇടവകയും സംസ്ഥാനത്ത് കോർപ്പറേഷനായി രജിസ്റ്റർ ചെയ്യാമെന്നും അവയുടെ പേരിൽ സഭയ്ക്കുവേണ്ടി വസ്തുവകകൾ വാങ്ങാമെന്നുമായിരുന്നു. അതിനോട് അങ്ങാടിയത്ത് പിതാവ് ആദ്യം വിയോജിച്ചു.

എല്ലാ പള്ളികളും രൂപതയുടെ പേരിൽ വാങ്ങിക്കൂട്ടിയാൽ അത് വലിയ സാമ്പത്തിക പ്രസ്ഥാനമാകും. അമേരിക്കയിലെ സാഹചര്യത്തിൽ കേസുകൾ മൂലം പല രൂപതകളും പാപ്പരാകുന്നതുപോലെ സീറോമലബാർ രൂപത പാപ്പരായാൽ അത് എല്ലാ പള്ളികളെയും സാമ്പത്തിക തകർച്ചയിലേക്കു നയിക്കുമെന്നും അതിനാൽ സിവിൽ നിയമപ്രകാരം വെവ്വേറെ വാങ്ങുന്നതാണ് ഉചിതമെന്നും, അതിനു കാനൻ നിയമം അനുവദിക്കുന്നുണ്ടെന്നും വികാരി ജനറാൾ അഭിപ്രായപ്പെട്ടു.

പ്രശ്നപരിഹാരത്തിന് നിയമോപദേശം തേടാൻ പിതാവ് ചിക്കാഗോ ലത്തീൻ അതിരൂപതയുടെ വിദഗ്ധ വക്കീലുമായി ആലോചിച്ചു. അദ്ദേഹവും ആദ്യം വിയോജിച്ചെങ്കിലും കൂടുതൽ പഠിച്ചശേഷം നമ്മുടെ അഭിപ്രായമാണ് എല്ലാ പള്ളികളുടെയും രൂപതകളുടെയും സാമ്പത്തിക സുരക്ഷിതത്വത്തിനു നല്ലതെന്ന് മറുപടി നല്കി. അതിൻപ്രകാരം നമ്മുടെ ഓരോ ഇടവകയും വെവ്വേറെ കോർപ്പറേഷൻ ഉണ്ടാക്കി നമ്മുടെ തന്നെ ഇടവകകളുടെ പേരിൽ വസ്തുക്കൾ വാങ്ങുവാൻ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവ് അനുവദിച്ചു.

**ക്നാനായ പള്ളികളിലെ അംഗത്വം എങ്ങനെ?**

ചിക്കാഗോയിലെ ക്നാനായ മിഷന്റെ ആരംഭം മുതൽ നിലനിന്നതാണ് അംഗത്വവിവാദം. ഷിക്കാഗോ സീറോമലബാർ രൂപത അനുവദിച്ചുകൊണ്ടും മാർ ജേക്കബ് അങ്ങാടിയാത്തു പിതാവിനെ പ്രഥമമെത്രാനായി നിയമിച്ചുകൊണ്ടും

2001ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ കൽപ്പന വന്നപ്പോൾ ക്നാനായക്കാർക്ക് തന്റെ രൂപതയിൽ നാട്ടിലേതു പോലെ പ്രവർത്തിക്കാമെന്ന് അങ്ങാടിയത്തു പിതാവു പറഞ്ഞിരുന്നു.

എന്നാൽ പിന്നീട് പൗരസ്ത്യ തിരുസംഘത്തിൽനിന്നു ക്നാനായ ഇടവകാംഗത്വത്തെ സംബന്ധിച്ച നിർദ്ദേശം വന്നപ്പോൾ അദ്ദേഹത്തിനു നിലപാടു മാറ്റേണ്ടിവന്നു. പരിശുദ്ധ സിംഹാസനത്തെ മറികടന്നു തനിക്കു പ്രവർത്തിക്കാനാവില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. സമുദായം മാറി വിവാഹം ചെയ്തവരുടെ പരാതി മൂലമാകാം റോമിൽ നിന്ന് അങ്ങനെയൊരു നിർദ്ദേശം പിതാവിനു മെത്രാനായ ഉടനെ ലഭിച്ചത്. അത് പിതാവും ക്നാനായക്കാരും തമ്മിലുണ്ടായിരുന്ന സൗഹൃദത്തെ ഉലച്ചു.

എങ്കിലും 2003ൽ മാർ മാത്യു മൂലക്കാട്ടു പിതാവ് അനുരഞ്ജനശ്രമം നടത്തിയപ്പോൾ മേജർ ആർച്ചുബിഷപ്പ് മാർ വർക്കി വിതയത്തിൽ ഉപദേശിച്ചതനുസരിച്ച് അജപാലന വിവേകം ഉപയോഗിച്ച് റോമിനെ ധിക്കരിക്കാതെ ക്നാനായ സമുദായത്തിന്റെ സഭാപരമായ വളർച്ചയ്ക്കു വേണ്ടതെല്ലാം ചെയ്തുതരുന്നു.

**സമുദായം മാറി വിവാഹിതരായവർക്ക് കുടുംബാംഗത്വമോ വ്യക്തിഗതാംഗത്വമോ?**

സമുദായത്തിനു വെളിയിൽ നിന്നു വിവാഹിതരാകുന്നവർ ആവശ്യപ്പെട്ടാൽ അവർക്ക് കുടുംബാംഗത്വം നല്കണമെന്നായിരുന്നു അങ്ങാടിയാത്തു പിതാവിന്റെ ആദ്യനിലപാട്. രൂപതയിലെ സീറോമലബാർ വിശ്വാസികളുടെ ഒരു കുടുംബത്തിലെതന്നെ അംഗങ്ങളെ എങ്ങനെ രണ്ട് ഇടവകകളിലാക്കും? അതു കുടുംബത്തെ ഭിന്നിക്കില്ലേ എന്നതായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണം.

എന്നാൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ക്നാനായ പാരമ്പര്യമനുസരിച്ച് ക്നാനായ മാതാവിൽനിന്നും പിതാവിൽനിന്നും ജനിച്ചവർ മാത്രമേ ക്നാനായാക്കാരാകൂ. ക്നാനായ കത്തോലിക്കർക്കു മാത്രമുള്ള ക്നാനായ ഇടവകകളിൽ ക്നാനായക്കാരല്ലാത്തവർക്ക് അംഗത്വത്തിന് അർഹതയില്ല. അതിനാൽ കുടുംബം മുഴുവൻ ഒരിടവകയിൽ അംഗമാകുവാനാണ് അവരോട് സമീപത്തുള്ള സീറോമലബാർ പള്ളിയിൽ ചേരുവാൻ ഉപദേശിക്കുന്നത്, അഥവാ അത് അവർ സ്വയം തീരുമാനിക്കുന്നത്. അല്ലാത്തവർ വ്യക്തിപരമായി മാത്രം ക്നാനായ ഇടവകാംഗമായി തുടരാമെന്ന അനുജ്ഞനാഭിപ്രയത്തോട് മേജർ ആർച്ചുബിഷപ്പുമാരായ മാർ വർക്കി വിതയത്തിൽ, മാർ ജോർജ്ജ് ആലഞ്ചേരിൽ എന്നിവർ നിലപാടെടുത്തപ്പോൾ അങ്ങാടിയാത്തു പിതാവ് അതിനോട് അനുകൂല സമീപനമെടുത്തു. പിന്നീട് വത്തിക്കാനിൽനിന്ന് പ്രവാസിക്നാനായക്കാർക്ക് വ്യക്തിഗത ഇടവക രേഖാമൂലം അനുവദിച്ചപ്പോൾ അദ്ദേഹവും അതു സ്ഥിരീകരിച്ചു.

## 15. ക്നാനായേതര സഭാപിതാക്കന്മാരുടെ നിലപാട്

ക്നാനായ മെത്രാന്മാർ ഉൾപ്പെടെയുള്ള സീറോമലബാർ സിനഡ് പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പയോട് അപേക്ഷിച്ചപ്രകാരമാണ് അമേരിക്കയിൽ സീറോമലബാർ രൂപത സ്ഥാപിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ചു പഠിക്കുവാൻ മാർ ഗ്രിഗരി കരോട്ടെമ്പ്രയിൽ പിതാവിനെ അമേരിക്കയിൽ അയച്ചത്. അദ്ദേഹത്തിന്റെ പഠനറിപ്പോർട്ടിന്റെയും ശുപാർശയുടെയും ഫലമായിട്ടാണ് അമേരിക്കയിൽ സീറോമലബാർ രൂപത ഉണ്ടായത്. ഈ രൂപത നിലവിൽ വന്നതിനാലാണ് ക്നാനായക്കാർക്ക് ലത്തീൻ രൂപതകളുടെ കീഴിലെ ഒമ്പതു മിഷനുകളിൽനിന്ന് ഇതുവരെ 14 ഇടവകകളും എട്ടു മിഷനുകളും ഉൾപ്പെടെ 22 സഭാസമൂഹങ്ങളായി ധൃതഗതിയിൽ വളരുവാൻ സാധിച്ചത്.

ക്നാനായക്കാരുടെ ഇടവകാംഗത്വവിവാദം കൊടുമ്പിരിക്കൊണ്ട് അങ്ങാടിയാത്തു പിതാവുമായി ക്നാനായക്കാരുടെ ബന്ധം വഷളായപ്പോൾ മാർ മാത്യു മൂലക്കാട്ടു പിതാവിന്റെ അനുരഞ്ജന നിലപാടിനോടു യോജിച്ച് അന്നത്തെ മേജർ ആർച്ചു ബിഷപ്പ് മാർ വർക്കി വിതയത്തിൽ സമുദായത്തെ സംരക്ഷിക്കുകയുണ്ടായി. അമേരിക്കയിലെ ക്നാനായ കൺവെൻഷനിൽ പങ്കെടുത്തിട്ടുള്ള അദ്ദേഹം ക്നാനായ ദൈവാലയങ്ങളിൽ ദിവ്യബലി അർപ്പിച്ച് സമുദായാംഗങ്ങളെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയും അമേരിക്കയിലെ ക്നാനായക്കാരുടെ മാത്രമല്ല

ആഗോളക്നാനായക്കാരുടെ സഭാവളർച്ചയ്ക്ക് നല്ല പിന്തുണ സീറോമലബാർ സിനഡിലും പൗരസ്ത്യ തിരുസംഘത്തിലും നല്കുന്നുണ്ട്. അദ്ദേഹം നമ്മുടെ വൈദികരും അല്മായരുമായി സൗഹൃദം പുലർത്തുന്നു. പ്രവാസിക്നാനായ ഇടവകകൾ അദ്ദേഹം സന്ദർശിക്കാറുണ്ട്. നമ്മുടെ പിതാക്കന്മാരോടു ചേർന്നുള്ള അദ്ദേഹത്തി പരിശ്രമത്തിൽ നമുക്ക് സഭാപരമായ കൂടുതൽ വളർച്ച പ്രതീക്ഷിക്കാം.

മാർപാപ്പ അജപാലന ശുശ്രൂഷയേല്പിച്ച ക്നാനായ സമുദായാംഗങ്ങളെ സ്വന്തം ജനംപോലെ കരുതി സ്നേഹിക്കുകയും നയിക്കുകയും ചെയ്യുന്ന പിതാവാണ് മാർ ജേക്കബ് അങ്ങാടിയാത്ത്. അദ്ദേഹത്തിന്റെ സേവന കാലത്ത് ക്നാനായ സമുദായത്തിലുണ്ടായ സഭാപരമായ വളർച്ച അത്ഭുതാവഹമാണ്. തന്നെ വിമർശിച്ചവരെ വെറുക്കാതെ എല്ലാവർക്കും വേണ്ടി നിരന്തരം ദൈവസന്നിധിയിൽ മധ്യസ്ഥം വഹിച്ചു പ്രാർത്ഥിക്കുകയും സ്വന്തമെന്നപോലെ സ്നേഹിക്കുകയും ചെയ്യുന്ന അദ്ദേഹം വടക്കേ അമേരിക്കയിലെ ക്നാനായസഭാചരിത്രത്തിൽ എക്കാലവും അനുസ്മരിക്കപ്പെടാവുന്ന വ്യക്തിയാണ്. ക്നാനായ ഇടവകാംഗത്വം സംബന്ധിച്ച് പ്രതിസന്ധിയുണ്ടായപ്പോൾ 2018 ഫെബ്രുവരി 6ന് മാർ മാത്യു മൂലക്കാട്ടു പിതാവിനോടും മാർ ജോസഫ് പണ്ടാരശ്ശേരി പിതാവിനോടും നമ്മുടെ വൈദിക-അല്മായ പ്രതിനിധികളോടുമൊപ്പം പൗരസ്ത്യ തിരുസംഘത്തിൽ പോയി നമുക്കനുകൂല തീരുമാനമുണ്ടാക്കുവാൻ അദ്ദേഹം സന്നദ്ധനായതും നാം നന്ദിയോടെ സ്മരിക്കേണ്ടതാണ്.

കാനഡായിലെ മിസ്സിസാഗാ സീറോമലബാർ രൂപതയിൽ ഔദ്യോഗികമായി ഫാ. പത്രോസ് ചമ്പക്കര മാത്രമേ ക്നാനായ വൈദികനായുള്ളുവെങ്കിലും അദ്ദേഹത്തെ വികാരി ജനറാളാക്കാൻ മാർ ജോസ് കല്ലുവേലിയിൽ സന്മനസ്സ കാണിച്ചത് ക്നാനായ സമുദായത്തിന് അദ്ദേഹം നല്കിയ പരിഗണനയാണ്. യു.കെ.യിലെ സീറോമലബാർ ബിഷപ്പ് മാർ ജോസഫ് സ്രാമ്പിക്കൽ അവിടെ ഫാ. സജി മലയിൽപുത്തൻപുരയിലിനെ വികാരി ജനറാളായി നിയമിച്ചതും മുൻകൂറായി 11 മിഷനുകൾ അംഗീകരിച്ചതും നാം നന്ദിയോടെ വിലമതിക്കണം. ഷിക്കാഗോ സീറോമലബാർ രൂപതയുടെ സഹായമെത്രാൻ മാർ ജോയി ആലപ്പാട്ട്, ഓഷ്യാനായിലെ മാർ ബോസ്കോ പുത്തൂർ, യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്റർ മാർ ജോസഫ് സ്റ്റീഫൻ ചിറപ്പണത്ത് എന്നിവർ ക്നാനായ സമുദായത്തിനനുകൂലമായെടുക്കുന്ന സമീപനവും അജപാലനരംഗം പരിപോഷിപ്പിക്കുവാൻ നല്കുന്ന പ്രോത്സാഹനവും നാം പ്രയോജനപ്പെടുത്തുകയും അവരുമായി നല്ല ബന്ധം നിലനിർത്തുകയും വേണം.

**ഉപസംഹാരം**

സീറോമലബാർ സഭയുടെ ആഗോളതല രൂപതകൾ പ്രവാസി ക്നാനായക്കാർക്ക് അജപാലനരംഗത്ത് ധ്രുതഗതിയിൽ വളരുവാൻ അനുകൂല സാഹചര്യമാണൊരുക്കുന്നത്. അവയിലെ മെത്രാന്മാരോടു സഹകരിച്ചുകൊണ്ട് നയപരമായി നമ്മുടെ ആവശ്യങ്ങൾ നേടണം. അതുവഴി പ്രവാസി ക്നാനായ ചാപ്ലേൻസികൾക്കും മിഷനുകൾക്കും ഇടവകകൾക്കും ഇനിയും ഏറെ വളരാൻ സാധിക്കും. അമേരിക്കയിലേതു പോലെ മറ്റു രാജ്യങ്ങളിലും ഏറേ ക്നാനായ പള്ളികൾ സ്ഥാപിച്ച് പ്രവാസി ക്നാനായക്കാർ ആഗോളതലത്തിൽ പടർന്നു പന്തലിക്കണം.

വിവിധ രാജ്യങ്ങളിലെ പ്രവാസി ക്നാനായ വൈദികർ തമ്മിൽ ആഗോളതല ചർച്ചകൾ ആവശ്യമാണ്. പ്രാദേശിക സാഹചര്യങ്ങൾക്കും രൂപതാമാർഗ്ഗനിർദ്ദേശങ്ങൾക്കും സർക്കാർ നിബന്ധനകൾക്കും വിധേയപ്പെട്ടാണെങ്കിലും ക്നാനായ മിഷനുകൾക്കും ഇടവകകൾക്കും ഏതു രാജ്യത്തായാലും സാധിക്കുന്നത്ര ഐക്യരൂപമുണ്ടാകണം. അതിന് ആഗോളതല വൈദിക ഏകോപനവും നേതൃത്വം ആവശ്യമാണ്.

ലത്തീൻ സഭപോലെതന്നെ കത്തോലിക്കാ സഭയിലെ പൗരസ്ത്യ സഭകളും ആഗോലതലത്തിൽ പടർന്നു പന്തലിക്കുമ്പോൾ അവയ്ക്കും ആഗോളതല അജപാലന സംവിധാനങ്ങൾ ക്രമേണ വികസിച്ചുവരുന്നു. അതോടൊപ്പം, ചെറുതെങ്കിലും വിശ്വാസത്തിലും രക്തബന്ധത്തിലൂടെയുള്ള ഇഴയടുപ്പത്തിലും അത്യപൂർവ വൈശിഷ്ട്യങ്ങളുള്ള ക്നാനായ സമുദായത്തിന് അതിന്റെ ഗോത്രത്തലവനായ കോട്ടയം മെത്രാപ്പോലീത്തായുടെ കീഴിൽ ഏക സഭാസമൂഹമായി പ്രവർത്തിക്കുവാൻ പരിശ്രമങ്ങൾ തുടരുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

ദൈവരാജ്യസ്ഥാപനത്തിനുവന്ന ക്രിസ്തുവിനു വഴിയൊരുക്കിയ സ്നാപകന്റെ റോൾ പ്രവാസിലോകത്തെ ക്നാനായ സംഘടനകൾക്കുണ്ട്. പ്രവാസിക്നാനായക്കാർക്ക് സഭാസംവിധാനമൊരുക്കുന്നതിൽ ക്നാനായ സംഘടനകൾ നല്കിയ സഹകരണത്തെ നന്ദിയോടെ വിലമതിക്കണം. എന്നാൽ, ഭാരവാഹികൾ മാറുന്നതിനനുസരിച്ച് ചില സംഘടനകൾ

ക്നാനായ പള്ളികളെ എതിർത്തിട്ടുമണ്ട്. ജലത്താൽ സ്നാനം നല്കിക്കൊണ്ടിരുന്ന സ്നാപകൻ തന്നിൽ കേന്ദ്രീകരിക്കാതെ തന്റെ പിന്നാലെ വന്ന് ജലത്താലും പരിശുദ്ധാത്മാവിനാലും മാമ്മോദിസാ നല്കി നിത്യരക്ഷ നല്കുന്നവനിലേക്ക് തന്റെ ശിഷ്യരെ നയിച്ചു. സ്നാപകനും ഈശോയും വ്യത്യസ്ത ചുമതലകളിൽ പരസ്പരം സഹകരിച്ചതുപോലെ, ക്നായിതൊമ്മനും ഉറഹാ മാർ ജോസഫും അതനുകരിച്ചതുപോലെ, സംഘടനകളും ഇടവകകളും പരസ്പരം മനസ്സിലാക്കി സഹകരിക്കണം. ഇടവകകൾ സ്ഥാപിതമാകുന്നതോടെ സംഘടനകളുടെ പ്രസക്തി ഇല്ലാതാകുന്നില്ല. അവ നിലനില്ക്കുകയും സജീവമാകുകയും തങ്ങളുടെ ചുമതലകളും സാധ്യതകളും തിരിച്ചറിഞ്ഞു സമുദായത്തിന്റെ നിലനില്പിനും വികസനത്തിനും സമഗ്രവളർച്ചയ്ക്കും ഉപയുക്തമായവ ചെയ്യുകയും വേണം. സംഘടനയും ഇടവകയും തമ്മിൽ ഭിന്നിച്ചാൽ സമുദായ നശീകരണത്തിനു കാരണമാകാം.

യഹൂദക്രൈസ്തവരുടെ പിൻതലമുറക്കാരെന്നും യൂദയാ ഗോത്രപ്രമുഖനായിരുന്ന ദാവീദിന്റെ "രാജമക്ക"ളെന്നും അഭിമാനിക്കുന്ന നാം ചരിത്രപഠനത്തിൽ തല്പരരാണ്. അതോടൊപ്പം നിലവിൽ ലഭ്യമായ ചരിത രേഖകളും വസ്തുക്കളും നാം സംരക്ഷിക്കണം. അതോടൊപ്പം നാം സഭയോടുചേർന്ന് ചരിത്രം സൃഷ്ടിക്കുന്നവരാകണം. പ്രവാസിലോകത്ത് നാമെടുക്കുന്ന നിർണായക ചുവടുവെയ്പുകൾ ചരിത്രത്തിന്റെ ഭാഗമാകും. സാഹചര്യങ്ങളുടെ ബലിയാടാകാൻ ആർക്കും കഴിയും. എന്നാൽ ചരിത്രതാരമാകാൻ പ്രതിബന്ധങ്ങളെ നേരിട്ട് ക്രിസ്തുവിനെപ്പോലെ ജയപരാജയങ്ങൾ ഏറ്റുവാങ്ങിയും ക്രൂശിക്കപ്പെട്ടും മഹത്വത്തിൽ പ്രവേശിക്കണം.

എതിരാളികളാണ് ചരിത്രതാരമാകാൻ നമുക്ക് ഊർജം പകരുക. അവരെ ശത്രുക്കളായല്ല കാണേണ്ടത്. ഹേറോദേസും പീലാത്തോസും, അന്നാസും കയ്യാപ്പാസും, ഒറ്റുകാരൻ യൂദാസും ഈശോയുടെ രക്ഷാകരപദ്ധതിക്കാവശ്യമായിരുന്നു. അവരുടെകൂടെ രക്ഷയ്ക്കുവേണ്ടി ജീവൻ ബലിയർപ്പിച്ച ക്രിസ്തുനാഥൻ പ്രവാസിസഭാശുശ്രൂഷയിൽ, ജീവിക്കുന്ന രക്തസാക്ഷികളായി മാറുവാനും ആരെയും പ്രതിയോഗിയായികണ്ട് അവഗണിക്കാതിരിക്കാനും നമുക്കു പ്രചോദനമേകട്ടെ.

അവസാനമായി, നാം ചരിത്രം സൃഷ്ടിച്ചാൽ മാത്രം പോരാ, അതു വരും തലമുറയ്ക്കു മനസ്സിലാകത്തക്കവിധം രേഖപ്പെടുത്തുകയും ആഗോള ക്നാനായക്കാർക്ക് വെബ്സൈറ്റുവഴി പ്രാപ്യമാക്കുകയും വേണം. അതിനുവേണ്ടിയാണ് കോട്ടയം രൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട്, സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ എന്നീ പിതാക്കന്മാരുടെ അനുഗ്രഹാശിസ്സുകളോടെ ഫാ. ഏബ്രഹാം മുത്തോലത്ത്, ജെയ്മോൻ നന്ദികാട്ട്, ബിജോ കാരക്കാട്ട്, ഡോ. സ്റ്റീഫൻ പൊട്ടൂർ എന്നിവർ മുൻകയ്യെടുത്ത് 2019 ഒക്ടോബർ രണ്ടിന് ക്നാനായ ഗ്ലോബൽ ഫൗണ്ടേഷൻ അമേരിക്കയിലെ ഇല്ലിനോയി സ്റ്റേറ്റിൽ റെജിസ്റ്റർ ചെയ്യുകയും അതിന്റെ ആഭിമുഖ്യത്തിൽ ക്നാനായോളജി എന്ന പഠനശാഖയും വെബ്സൈറ്റും ആരംഭിക്കുകയും ചെയ്തത്. ക്നാനായ സമുദായപഠനം എന്നാണ് ക്നാനായോളജികൊണ്ടു വിവക്ഷിക്കുന്നത്.

www.knanayology.org എന്ന വെബ്സൈറ്റിന്റെ പ്രവർത്തനം 2019 ജൂലൈ 20ന് ആരംഭിക്കുകയും 2019 ഒക്ടോബർ 26ന് കോട്ടയം ചൈതന്യാ പാസ്റ്ററൽ സെന്ററിൽവെച്ച് ക്നാനായ ഗ്ലോബൽ ഫൗണ്ടേഷൻ മാർ മാത്യു മുലക്കാട്ടു പിതാവ് ഉൽഘാടനം ചെയ്യുകയും ചെയ്തു. കോട്ടയം അതിരൂപതയിലെ KART, JET എന്നിവയോടു ചേർന്നു പ്രവർത്തിക്കുന്ന ക്നാനായ ഗ്ലോബൽ ഫൗണ്ടേഷൻ ക്നാനായോളജി എന്ന ഏക വെബ്സൈറ്റിനു കീഴിൽ ക്നാനായ സമുദായ പഠനത്തിനും ഗവേഷണത്തിനുമുപകരിക്കുന്നവയെല്ലാം ലഭ്യമാക്കുവാൻ ലക്ഷ്യം വച്ചിരിക്കുന്നു.

ഇന്നു പല പ്രവാസി ക്നാനായ സംഘടനകളുടെയും ക്നാനായ മിഷനുകളുടെയും ഇടവകകളുടെയും ചരിത്രം വേണ്ടത്ര രേഖപ്പെടുത്തിയിട്ടില്ല. ഉണ്ടെങ്കിൽ അവ പൊതുസമൂഹത്തിനു ലഭ്യമല്ല. അതിനാൽ മറ്റു ചരിത്ര രേഖകളോടും ഗ്രന്ഥങ്ങളോടുമൊപ്പം ക്നാനായ ഗ്ലോബൽ ഫൗണ്ടേഷന്റെ ക്നാനായോളജി വെബ്സൈറ്റിൽ നമ്മുടെ പ്രവാസലോകത്തെ സാമുദായ സംഘടനകളുടെയും സഭാസംവിധാനങ്ങളുടെയും ചരിത്രവും അതിനെ പിന്താങ്ങുന്ന രേഖകളും ലോകക്നാനായക്കാർക്ക് അഗോളതലത്തിൽ ലഭ്യമാക്കാം.

*(2020 ഒക്ടോബർ 17ന് "വഴിക്കുറായി" ഓൺലൈൻ കോഴ്സിൽ അവതരിപ്പിച്ച പ്രബന്ധം)*

-oOo-